Jñānodaya

1880

Ci
XIV
267

N12<527907235 021
LS
ubTÜBINGEN

# ജ്ഞാനോദയം

ഇതു

കോയമ്പത്തൂർ അഷ്ടാവധാനി മതബോധന

വെങ്കിടഗിരി ശാസ്ത്രികളാൽ ഉണ്ടാക്കപ്പെട്ടതു.

---

ചിറവക്കാട്ടു ചെന്ന നല്ലേപ്പിള്ളിയിൽ

മ. രാ. രാ. ചൊണ്ടത്തു വലിയ മന്നാടിയാരുടെ

ദ്രവ്യസഹായത്തിന്മേൽ.

---

കോഴിക്കോട്ടു

വിദ്യാവിലാസം അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടതു.

1880 നവമ്പ്ര.

Jñānodaya

# ജ്ഞാനോദയം

ഇത

കോയമ്പത്തൂർ അഷ്ടാവധാനി മതബന്ധന

വെങ്കിടഗിരി ശാസ്ത്രികളാൽ ഉണ്ടാക്കപ്പെട്ടത

---

പാലക്കാട്ടചെന്ന നല്ലേപ്പള്ളിയിൽ

മ- രാ- രാ- ചൊണ്ടത്ത വലിയ മന്നാടിയാരുടെ

ദ്രവ്യസഹായത്തിന്മെൽ

---

കോഴിക്കോട

വിദ്യാവിലാസ അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടത

1880 നവമ്പ്ര മാസം

UNIV BIBL TÜBINGEN

bi XIV 267

# ശിവമയം

# മുഖവുര

സൎവ്വേശ്വരനായ പരമശിവൻ അരുളിച്ചെയ്ത വേദങ്ങളാൽ ഉണൎത്തപ്പെടുന്ന ഹിന്തുമാൎഗ്ഗം തന്നെ സത്യമാൎഗ്ഗമാകുന്നു. ഈ ഹിന്തുമതത്തെ അനുഷ്ഠിച്ചുവരുന്ന നമ്മുടെ മലയാളത്തിലും മറ്റും ചില അജ്ഞാനികൾ പ്രവേശിച്ചു ഹിന്തുമതത്തെ സ്പഷ്ടമായി കാണിക്കുന്ന വേദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളെ അല്പമെങ്കിലും അറിയാതെയും തങ്ങടെ കുത്സിതമതത്തെ പ്രസംഗിക്കുന്നതിനാൽ എളുപ്പത്തിൽ ദ്രവ്യം കിട്ടുവാൻ മാൎഗ്ഗമായിരിക്കുന്നതുകൊണ്ടും ഈ ഹിന്തുമതത്തെ വാക്കുകൊണ്ടും "വജ്രസൂചി" മുതലായ പല പുസ്തകങ്ങളെക്കൊണ്ടും, അന്യായമായി ദൂഷിച്ചുവരുന്നു.

നമ്മുടെ വേദാഗമ ശാസ്ത്ര പുരാണ ഇതിഹാസങ്ങളെ അല്പമെങ്കിലും അറിയാത്തവരും ആ അജ്ഞാനികളുടെ മതശാസ്ത്രത്തെ മുഴുവനും പഠിക്കാത്തവരും, തൎക്കന്യായശാസ്ത്രങ്ങളിൽ അല്പമെങ്കിലും പരിചയമില്ലാത്തവരുമായ ചില ജനങ്ങൾ ആ ദൂഷണങ്ങളൊക്കുമെന്നു പരിഭ്രമിച്ചു കുത്സിതമതപ്പടുകുഴിയിൽ വീണു കെട്ടുപോകുന്നു.

അതിനെ കണ്ടു മനസ്സലിഞ്ഞ് ഹിന്തുമതത്തിന്മേൽ ആ അജ്ഞാനികളാൽ ആരോപിക്കപ്പെടുന്ന ദൂഷണം കൊണ്ടു ഒരുവരും കെട്ടുപോകാതെ ഹിന്തുമാൎഗ്ഗത്തെത്തന്നെ ആചരിച്ചു ഉജ്ജീവിപ്പാനായിട്ടു ആ ദൂഷണങ്ങളെ ഒക്കെയും ന്യായമായിത്തന്നെ കളഞ്ഞ യഥാൎത്ഥമായുള്ള അറിവിനെ പ്രകാശിപ്പിക്കുന്ന ജ്ഞാനോദയം എന്ന ഈ പ്രബന്ധത്തെ പരമകാരുണികരായ പരമശിവന്റെ ദിവ്യപ്രസാദത്താൽ തന്നെ ചെയ്യപ്പെട്ടിരിക്കുന്നു.

# വിജ്ഞാപനം

അഖിലലൊകഭൂഷണമായി, അവിദ്യാശൊഷണമായി, അനാചാരദെഷണമായി, അനന്തസുഖപൊഷണമായി, അശെഷാരികുലഭീഷണമായി, ആദിസൽശ്രുതി ഘൊഷണം ആധാരമായി, അതുലസംസ്കൃതഭാഷണം സാധാരണമായിപ്രകാശിക്കുന്ന പുണ്യഭൂമിയായഭാരതഖണ്ഡത്തിൽ വടക്ക ഗൊകൎണ്ണവും തെക്കകന്യാകുമാരിയും അതിരായിട്ടുള്ള കെരളംഎന്ന മലയാളദെശത്തിൽവസിക്കുന്നഹെ—ഹിന്തുക്കളെ:—

സൎവ്വകൎത്താവായി സൎവ്വവ്യാപിയായി, സൎവ്വജ്ഞരായി, സൎവ്വതൊമുഖരായി, സ്വതന്ത്രരായി, സൎവ്വാനുഗ്രഹരായി, ശാന്തരായി, ചിന്മാത്രമൂൎത്തിയായി, അനാദിമലമുക്തരായി, അതിസൂക്ഷ്മരായി, അതിമഹാനായി അചലരായി അതിനീതിയുള്ളവരായി, അതികൃപയുള്ളവരായി, നിത്യരായി, നിത്യാനന്ദരായി, അതിപരമാപ്തരായി, ശാശ്വതബന്ധുവായിരിക്കുന്ന പരമശിവൻ നമ്മളാൽ സെവിക്കപ്പെടുന്ന പരബ്രഹ്മമായ ഒരെ ദെവൻ. ആപരമശിവൻആത്മാക്കളുടെ മെൽവെച്ചിരിക്കുന്ന വലിയകരുണെനിമിത്തം പഞ്ചശക്തിരൂപ പഞ്ചമന്ത്ര തനുമാനായ സദാശിവനായി പ്രഥമമഹാസൃഷ്ടി ആരംഭത്തിൽആദ്യശാസ്ത്രമായ വെദത്തെഅരുളിചെയ്തു. വെദമായത പരമാപ്തരാലുപദെശിക്കപ്പെട്ട പാരമാൎത്ഥികവാക്യമായി ആത്മാക്കൾക്ക ബുദ്ധി, മുക്തി, സാധനൊപായജ്ഞാനത്തെ ബൊധനചെയ്യുന്നശാസ്ത്രമാകുന്നു. ആവെദം—ഋക്ക, എജുസ്സ, സാമം, അഥൎവ്വണം എന്നനാലായിരിക്കുന്നു. അവകൾഅല്പശ്രുതി വാക്യമെന്നും, പ്രബലശ്രുതിവാക്യമെന്നും രണ്ടുഭാഗമായിരിക്കുന്നു.

അവകളിൽ അല്പശ്രുതിവാക്യം, കൎമ്മാനുഷ്ഠാനക്രമങ്ങളെയും പ്രബല ശ്രുതിവാക്യം, അത്യാത്മജ്ഞാനത്തെയും പറയുന്നു- ഇതമുപ്പത്തരണ്ടു ഉപനിഷത്തായിരിക്കുന്നു. ഈ വെദങ്ങൾ എല്ലാവൎക്കും എളുപ്പത്തിൽ മനസ്സിലാവാൻ ആഗമശാസ്ത്രങ്ങളായും, പിൻനടന്നചരിത്രങ്ങളെയും ചെൎത്തപുരാണെതിഹാസ ങ്ങളായും, ദെവകൾ, ഋഷികൾ മുതലായപല മഹാന്മാരാൽപറയപ്പെട്ടിരിക്കുന്നു. ഈശാസ്ത്രങ്ങളൊക്കെയും മൂലഭാഷയായസംസ്കൃതത്തിൽഇരിക്കുന്നു— മെപ്പടിശാസ്ത്രങ്ങളാൽഅറിയിക്കപ്പെടുന്ന ഹിന്തുമതംതന്നെ സത്സമയലക്ഷണങ്ങളൊക്കെയും കുറവില്ലാതെഇരിക്കുന്നസത്യമാൎഗ്ഗമെന്നശ്രുതി, യുക്തി, അനുഭവങ്ങളാൽ നിശ്ചയിച്ചആദികാലംതുടങ്ങി ഭാരതഖണ്ഡത്തിലുള്ള നമ്മുടെ പൂൎവ്വികന്മാരായസകലമഹാന്മാരും ഇതിനെതന്നെസ്വീകരിച്ചുംകൊണ്ടുവന്നു അപ്രകാരംതന്നെ നാമെല്ലാവരും ഈഹിന്തുമതംതന്നെ സത്സമയമെന്നനിശ്ചയിച്ച അംഗീകരിച്ചിരിക്കുന്നു— അപ്രകാരംഇരിക്കെ ഇപ്പൊൾ സ്വല്പകാലത്തിന്നമുമ്പെ അന്യദെശങ്ങളിലുള്ള ദുൎബ്ബലന്മാരായ ചിലഅജ്ഞാനികൾ ഒന്നായികൂടി ആദെശങ്ങളിലുള്ള ജനങ്ങളുടെഅടുക്കൽചെന്ന ഭാരതഖണ്ഡവാസികൾക്ക സമയക്രമം യാതൊന്നുംഅറിഞ്ഞുകൂടാ എന്നുംതങ്ങൾ അവരെ നന്നാക്കെണമെന്നും കപടമായിഅറിവുകൊടുത്ത ദയകാണിച്ച കാലംതൊറും പലദ്രവ്യമയപ്പാൻ സമ്മതപ്പെടുത്തി തങ്ങൾവിശെഷാൽ ഒരുപട്ടപ്പെർധരിച്ചുംകൊണ്ടു ഈദെശങ്ങളിൽ പ്രവെശിച്ച നമ്മുടെമാൎഗ്ഗത്തിന്റെമഹിമയെ അറിയാത്തതുകൊണ്ടും, താൻപിടിച്ചിരിക്കുന്ന ദുരഭിമാനത്താലും, എളുപ്പത്തിൽവളരെദ്രവ്യം സമ്പാദിപ്പാൻ വെറെവഴിഅറിയാത്തതുകൊണ്ടും, സ്വല്പകാലത്തിന്നമുമ്പെ പല അതിപാതകശിരൊമണികളാൽ നിൎമ്മിക്കപ്പെട്ടതും, ജീവബന്ധലക്ഷണങ്ങളെയും, മുക്തിസ്വരൂപത്തെയും, മുക്തിസാധനൊപായത്തെയും, മറ്റും അല്പമെങ്കിലും ഉള്ളപ്രകാരംകാണിക്കാത്തതായിരിക്കുന്ന നൂതനമതമായതങ്ങടെ കുത്സിതമതത്തെ ഇവിടെ വൃദ്ധിയാക്കുവാനായി പ്രയത്നംചെയ്തുനൊക്കി.

ആകുത്സിതമതത്തെ ഇവിടെഇരിക്കുന്ന യാതൊരുത്തരും
സ്വീകരിക്കാത്തതിനെക്കണ്ടു ഒരുഉപായം ചെയ്തുകൊണ്ടു പാഠ
കശാലമുതലായ്തുകളെ സ്ഥാപിച്ചു ആവശ്യമായി വെണ്ടുന്നഭാ
ഷകളെ പഠിപ്പിച്ചും ഓരൊരുകാരണവശാൽ ദ്രവ്യംകൊടുത്തും
നല്ലബുദ്ധിയും ഈശ്വരഭക്തിയും ഇല്ലാത്ത ചിലഏഴജനങ്ങ
ളെകെടുത്തതങ്ങടെവശമാക്കിചെയ്തു. ആജനങ്ങൾമുമ്പെതങ്ങൾ
അനുഷ്ഠിച്ചഹിന്തുമതനിലയെ വിട്ടുകൊണ്ടു. പിന്നെതങ്ങൾ
ചെന്നകുത്സിതമതത്തെ ദ്രവ്യആശകൊണ്ടുസ്വീകരിച്ചതല്ലാതെ
അല്പമെങ്കിലും ഉൾക്കൊള്ളാത്തതകൊണ്ടും ഉഭയസമയ ഭ്രഷ്ട
രായി രൌരവാദിനരകത്തിന്ന ആളായി ഭവിച്ചിരിക്കുന്നു.

ഇനിയും ആ അജ്ഞാനികൾ ദ്രവ്യമസ്തുകൊണ്ടും മതിമയ
ക്കംകൊണ്ടും അല്പവും കൂശലില്ലാതെ ശിവൻ ദൈവമല്ലെന്നും,
അവർപിശാചാണെന്നും, വെദാഗമാദികൾ അബദ്ധശാസ്ത്ര
മാണെന്നും, ഹിന്തുമതം ദുൎമ്മാൎഗ്ഗമാണെന്നും, ഹിന്തുക്കൾഅജ്ഞാ
നികളാണെന്നും, അവർപിശാചിന്റെഅടിമകളാണെന്നും, വ
ലിയദൂഷണങ്ങളെപറഞ്ഞനടന്ന, വജ്രസൂചി, അജ്ഞാനകുഠാ
രംമുതലായ പലദൂഷണപുസ്തകങ്ങളെ അച്ചിൽപതിപ്പിച്ചു പ്ര
സിദ്ധപ്പെടുത്തി ഹിന്തുവെദാഗമാദികളുടെ യഥാൎത്ഥത്തെ അ
റിയാത്തചിലപാമരജനങ്ങളെമയക്കികെടുക്കുന്നു.

ശിവൻഒരുവൻതന്നെസൎവ്വജ്ഞനായഏകദൈവമാണെ
ന്നുംഹിന്തുമതംതന്നെസത്യസമയംഎന്നുംതെളിഞ്ഞഹിന്തുക്കളാ
യതങ്ങൾ മെൽപറഞ്ഞപ്രകാരംതന്നെ ംരംഅജ്ഞാനികൾചെ
യ്യുന്നശിവദൂഷണം, ബ്രഹ്മദൂഷണം, വെദാഗമാദിദൂഷണംമുത
ലായവലിയപാപങ്ങളെകണ്ടു, അവർകളെ ബന്ധിയാതെമൌ
നമായിരിക്കുന്നതും, അവരാൽ ആരൊപിക്കപ്പെടുന്നദൂഷണങ്ങ
ളെ ഹിന്തുമതശാസ്ത്രത്തിൽ അല്പമെങ്കിലും അറിവില്ലാത്ത ഇ
കൊണ്ടുയഥാൎത്ഥമാണെന്നപരിഭ്രമിച്ചു അവരുടെകുത്സിതമതപട്ടു
കുഴിൽചിലർവീണു കെട്ടുപൊകുന്നതിനെകണ്ടും, ആദൂഷണങ്ങ
ളെപരിഹരിച്ചു ഹിന്തുവെദാഗമാദികളുടെമഹിമയെഉപദെശി
ച്ചു കുത്സിതമതത്തെനിരാകരിക്കാതെ വെറുതെഇരിക്കുന്നതും

അതിപാതകമാകുന്നു.

ശിവദ്വെഷണംമുതലായ്തു ചെയ്യുന്നതും അതിനെകെട്ടുംകൊണ്ടമൌനമായിരിക്കുന്നതും, അന്ന്യമതങ്ങളെനിരാകരിയാതെ ഇരിക്കുന്നതും,അതിപാതകംഎന്നുള്ളതിന്നപ്രമാണങ്ങൾ (രുദ്രബ്രഹ്മണൊപനിഷത്ത)2 -ാമദ്ധ്യായം 5-ാമതവാക്ക്യത്തിലും (സന്താനസവൊക്തം) എന്നആഗമത്തിൽഉൾപിരിവഅഞ്ചിൽഒന്നായ(ശിവധർമ്മൊത്തരം)-6ാമദ്ധ്യായത്തിലും (പരാശരസ്മൃതി) എന്നധർമ്മശാസ്ത്രത്തിലും (ശിവധർമ്മൊത്തരം) 10-ാമദ്ധ്യായം(ശിവജ്ഞാനയൊഗഘട്ടത്തിലും) (സ്കാന്ദപുരാണം) ദെവിആവിർഭവിച്ചഅദ്ധ്യായത്തിലും, (കൂർമ്മപുരാണത്തിൽ) പ്രായശ്ചിത്തംപറഞ്ഞഅദ്ധ്യായത്തിലും ശ്രീമൽഅപ്പയദീക്ഷിതർഅരുളിച്ചെയ്ത (ശിവതത്വവിവെകവൃത്തിയിൽ) ഉദാഹരിച്ചിരിക്കുന്നവാക്യങ്ങളിലും, കണ്ടുകൊള്ളെണ്ടതാകുന്നു. പിന്നെയും ദക്ഷൻശിവദ്വെഷണംചെയ്യപ്പൊൾ സങ്കൊചംകൊണ്ടും, ഭയംകൊണ്ടും, അതുകളെകെട്ടുംകൊണ്ട മൌനമായിരുന്ന ദെവകൾ, ഋഷീശ്വരന്മാർമുതലായവർ, വീരഭദ്രരാൽ ദണ്ഡിക്കപ്പെട്ടുപിന്നെ ശൂരപത്മാ, മുതലായഅസുരകളാൽ നൂറെറട്ടയുഗം വെദനഅനുഭവിച്ചഎന്നുള്ളചരിത്രം (സ്കാന്ദപുരാണത്തിൽ) പറഞ്ഞിരിക്കുന്നതിനെകണ്ടുംകെട്ടുംഇരിക്കാമെല്ലൊ.

ആയതുകൊണ്ടഇങ്ങിനെഹിന്തു ശാസ്ത്രങ്ങൾ പറയുന്നതിനാൽശിവദ്വെഷണംമുതലായപാപങ്ങളെ ചെയ്യുന്നഅജ്ഞാനികളെഖണ്ഡിക്കുന്നതും,അവരുടെ കുത്സിതമതത്തെ പലവലിയന്യായങ്ങളാൽ നിരാകരിക്കുന്നതുംസന്മാർഗ്ഗമായനമ്മുടെഹിന്തുമതത്തെഅതിപ്രബലപ്രമാണങ്ങളാൽവ്യവസ്ഥാപിക്കുന്നതും,മുഖ്യമായിചെയ്യെണ്ടുന്നതുല്യാധിക്യമില്ലാത്ത പുണ്യങ്ങളാകുന്നു.

ഞങ്ങൾപ്രയത്നിക്കുന്ന ൟപുണ്യംഅവശ്യം കർത്തവ്യമായലൊകൊപകാരകമായതുകൊണ്ടും, ചെയ്യുന്നത,ചെയ്യിക്കുന്നത,അനുകൂലിക്കുന്നത ൟമൂന്നുംതുല്യമായതകൊണ്ടും നിങ്ങളെല്ലാവരും ൟപുണ്യം സഫലമാവാൻവെണ്ടിഉപകാരികളായിരിക്കെണ്ടതാകുന്നു. നിങ്ങൾചെയ്യെണ്ടുന്ന ഉപകാരങ്ങളെ

താഴെപറയുന്നു.

1-ാമത-നിങ്ങളെല്ലാവരും ദിവസംതൊറും സന്ധ്യാവന്ദനം,ശിവപൂജാ, ശിവദശ്ശനംമുതലായ്യുചെയ്യുമ്പൊഴൊക്കെയും വെണ്ടുന്നവക്ക വെണ്ടിയതിനെ കൊടുക്കുന്ന പരമകാരുണ്ണ്യസാഗരമായ പരമശിവനെ അഗ്നിജ്വാലയിൽ പെട്ടമെഴുകു പൊലെമനസ്സുകനിഞ്ഞുരുകിരൊമാഞ്ചംകൊള്ളു,കണ്ണീർ ചൊരിയ,അമ്പൊടു ചിന്തിച്ചസ്തുതിച്ച വണങ്ങികുത്സിതമതത്തെ നിരാകരിച്ചഹിന്തുമതത്തെസ്ഥാപനം ചെയ്യുന്നതായ ഠരംപുണ്ണ്യം നിവിഘ്നമായി നിവൃത്തിപ്പാനായിട്ടകൃപചെയ്യെണമെന്നപ്രാത്ഥിക്കെണ്ടതാകുന്നു.

2-ാമത-ഠരംപുണ്ണ്യംചെയ്യുന്നതിന്ന ദ്രവ്യവും ആവശ്യമായിരിക്കുന്നതിനാൽ നിങ്ങളെല്ലാവരുംഅല്പമെങ്കിലും ലൊഭിയാതെനിങ്ങളാൽ കഴിയുന്ന ദ്രവ്യം കാലംതൊറും ഉപകരിക്കെണ്ടതാകുന്നു.

3-ാമത-ആദ്രവ്യംകൊണ്ടുഞങ്ങൾ അച്ചിൽ പതിപ്പിക്കുന്ന പുസ്തകങ്ങളെ നിങ്ങളെല്ലാവരും ചിത്തസമാധാനത്തൊടുകൂടെപലപ്രാവശ്യംവായിച്ചറിയെണ്ടുന്നതാകുന്നു.

4-ാമത-നിങ്ങൾവായിച്ചതിനെഅന്ന്യക്കും വെളിവായിഅറിയത്തക്കവണ്ണംഉണൎത്തിനമ്മുടെ മതക്കാർകുത്സിത മതപ്പടുകുഴിയിൽ വീഴാതിരിപ്പാൻ സാവധാനമായി രക്ഷിച്ചകൊള്ളെണ്ടതാകുന്നു.

5-ാമത-അജ്ഞാനികളെങ്കിലും, അവരെസെവിക്കുന്നപരിജനങ്ങളെങ്കിലും, ഹിന്തുമതത്തെ ദൂഷണംചെയ്യു കുത്സിതമതത്തെസാധിപ്പാനായിവന്നാൽ അവരെപ്രീതിപ്പെടുത്തെണമെന്നുള്ളകരുതൽഅല്പംപൊലുംഇല്ലാതെ എതൃത്തനിന്നഹിന്തുമതത്തിന്റെമെൽ അവരാലാരൊപിക്കപ്പെടുന്ന ദൂഷങ്ങളെപരിഹരിച്ചഅവരുടെമതത്തെഖണ്ഡിച്ച അവരുടെവായഅടക്കികളയെണ്ടതാകുന്നു.

6-ാമത-നിങ്ങളെല്ലാവരും നിങ്ങടെകുട്ടികളെ അന്ന്യമതക്കാരൊടസംസഗ്ഗംചെയ്യാൻ സമ്മതിക്കാതെതക്കപകപത്തിൽത


ന്നെദീക്ഷമുതലായ ഉപദെശങ്ങളെ ചെയ്യുന്നവരുടെപക്കത്തിന്ന തൎക്കമതശാസ്ത്രങ്ങളെ ആചാൎയ്യന്മാരെകൊണ്ട നല്ലവണ്ണം പഠിപ്പിച്ചഹിന്തുമതാചാരങ്ങളെ അനുഷ്ഠിപ്പിക്കെണ്ടതാകുന്നു.

7-ാമത- കാവ്യം,തൎക്കം,വ്യാകരണംമുതലായ ഉപകാരശാസ്ത്രങ്ങളിലും,നീതിസാരംമുതലായധൎമ്മശാസ്ത്രങ്ങളിലും, സമൎത്ഥന്മാരായി,പാപങ്ങളെവെറുത്ത പുണ്യങ്ങളെതന്നെചെയ്യുന്നവരായി,ദീക്ഷമുതലായ ഉപദെശങ്ങളെ പെററിരിക്കുന്നവരായി, വെദം,ഭാഷ്യം,നിരുക്തം,സൂത്രം, ഉത്തരമീമാംസ മുതലായ ൟ അഞ്ചിനെയും അദ്ധ്യയനം ചെയ്യിരിക്കുന്നവരായി, സാലൊക,സാമീപ,സാരൂപ,സായൂജ്യം എന്നനാലപദങ്ങളെയും പ്രതിപാദിക്കുന്ന ഒരുതന്ത്രത്തെഎങ്കിലും മുഴുവൻ പഠിച്ച വരായി,ഹിന്തുമതസിദ്ധാന്തം പതിനെട്ടിനെയും ഉണൎന്ന വരായി,ഗുരുലിംഗസംഗമ ഭക്തിവിശിഷ്ഠർകളായിരിക്കുന്ന പുരുഷർകളെഅറിഞ്ഞ ഹിന്തുമതപ്രസംഗികളായി നിയൊഗിച്ച, ഗ്രാമംതൊറും ദെവാലയം, മഠം,ഉത്സവംമുതലായ പരിശുദ്ധസ്ഥാനങ്ങളിൽ സൎവ്വജനൊപകാരമായി ഹിന്തുമതപ്രസംഗം ചെയ്യിക്കെണ്ടതാകുന്നു.

ൟ എഴുവകകളെകൊണ്ടും നിങ്ങളെല്ലാവരും, ൟനല്ലപ്രയത്നത്തിന്ന ഉപകാരംചെയ്യുന്നവരായി, ഇരിക്കുന്നു എങ്കിൽനമ്മുടെമലയാളദെശമൊക്കെയുംകുത്സിതമതമായഇരുട്ടനീങ്ങി ഹിന്തുമതമായ വലിയപ്രകാശംവളൎന്നവൃദ്ധിയാകും. വൃദ്ധിയായാൽ അനെകംജനങ്ങൾ ജനനമരണദുഃഖത്തിൽ കഷ്ടപ്പെടുന്ന പശുക്കളായഅന്യരെ ധനമെന്നകരുതാതെ പരമകാരുണികരായ ശിവന്റെമഹിമയെഉണൎന്ന അവരെതന്നെദൈവംഎന്നവിശ്വസിച്ചയഥാൎത്ഥമായ ഭക്തിയൊടുകൂടെവിധിപ്രകാരം തൊഴുതനിത്യാനന്ദമൊക്ഷത്തെ പ്രാപിക്കും— ഇങ്ങിനെ അനെകംപെർമൊക്ഷത്തെപ്രാപിക്കുന്നതിന്ന ഹെതുവായിരിക്കുന്നതകൊണ്ട ൟപുണ്യംതന്നെ എല്ലാപുണ്യങ്ങളിലും ശ്രെഷ്ഠമായതു. നമുക്കസകലവും ഇരിക്കുമ്പൊൾനമ്മുടെ കൂടെതുണയായിവരുന്നത ൟപുണ്യംമാത്രംതന്നെ ആയതുകൊണ്ടും നമ്മുടെദെഹം

ഇക്ഷണംഇരിക്കും ഇക്ഷണംനീങ്ങും എന്നറിവാൻപാടില്ലാ ത്തതുകൊണ്ടും നൊം എല്ലാവരും അല്പമെങ്കിലും വിഴ്ച വരു ത്താതെ നമുക്കെല്ലാവൎക്കും ശാശ്വതബന്ധുവായ ശിവന്റെ അനുഗ്രഹത്തെ മുന്നിട്ടുംകൊണ്ട ഠരം അരുമയുള്ള ദിവ്യൌഷ ധമായ വലിയപുണ്യത്തെ അതിശീഘ്രത്തിൽ പ്രവെശിച്ചുന ടത്തെണ്ടതാകുന്നു.

൧൦൩൩ മെടം ⎫ എന്നകൊയമ്പുത്തൂർ അഷ്ടാവധാനി
൩൦ന്നു ⎭ മതവൎദ്ധനവെങ്കിടഗിരിശാസ്ത്രി.

# ശിവമയം

(ഒരു ശാസ്ത്രിക്കും ഒരു പാതിരിക്കും നടന്ന സംഭാഷണം)

# ജ്ഞാനോദയം

:o:

## 1-ാമദ്ധ്യായം.

പരമതതിമിരംപൊയൊഴിഞ്ഞുവെമുങ്ങിമങ്ങി|
പരശിവമതമസ്തിൻഭാരതെപൊങ്ങിവിങ്ങി||
വരുവതിനതിഭക്ത്യാശംഭുതൻപുത്രനാകും|
കരിവരവദനൻതൻപാദപത്മംഭജെഹം||

1. ചൊദ്യം. അനേക ദേവന്മാരുണ്ടൊ?

(ഉത്തരം) ദൈവം ഒരുവൻ മാത്രമെ ഉള്ളൂ. (ശ്വെതാശ്വതരഉപനിഷത്ത 6-ാമദ്ധ്യായം 11-ാം വാക്യം)

2. ചൊദ്യം. അവർ എപ്പൊൾ ഉണ്ടായി?

(ഉത്തരം) അവർ ഉണ്ടായവരല്ല. അനാദിനിത്യമായുള്ളവർ. (കഠൊപനിഷത്ത 2-ാം വല്ലി 12-ാമതവാക്യം)

3. ചൊദ്യം. അവൎക്ക രൂപം ഉണ്ടൊ?

(ഉത്തരം) അവക്കുരൂപം ഇല്ല അവർ അരൂപി. (ശ്വെതാശ്വതരഉപനിഷത്ത 3-ാമദ്ധ്യായം 10-ാമതവാക്യം)

4. ചോദ്യം. അവർഎവിടെഇരിക്കുന്നവർ?

(ഉത്തരം) അവർസൎവ്വഭൂതങ്ങളിലും അകത്തും പുറത്തും സൎവ്വവ്യാപിയായുള്ളവർ (മെല്പടി ഉപനിഷത്ത 6-ാമദ്ധ്യായം 11-ാംവാക്യം)

5. ചോദ്യം. ദൈവത്തിന്റെപെരെന്തു?

(ഉത്തരം) അവക്കശിവൻ എന്നപെർ. (മാണ്ഡൂക്യഉപനിഷത്ത 17-ാമത വാക്യത്തിലും,ശ്വെതാശ്വതര ഉപനിഷത്ത 5-ാമദ്ധ്യായം 14-ാമതവാക്യത്തിലും, യജുൎവ്വെദം 4-ാം കാണ്ഡം 5-ാംപ്രശ്നം 8-ാമനുവാകം 6-ാംപഞ്ചാശിയിലും) മറ്റും പലഘട്ടങ്ങളിലും പറയപ്പെട്ടിരിക്കുന്നു.

6. ചോദ്യം. ശിവൻഎന്നാൽ അൎത്ഥം എന്താണ?

(ഉത്തരം) എതകാലത്തും മംഗളമായിരിക്കുന്നവർ എന്നൎത്ഥം (മുണ്ഡകഉപനിഷത്ത 2-ാം മുണ്ഡകം 2-ാമദ്ധ്യായം 9-ാം വാക്യത്തിലും, ശ്വെതാശ്വതര ഉപനിഷത്ത 5-ാമദ്ധ്യായം 19-ാമത വാക്യത്തിലും, കഠോപനിഷത്ത 3-ാം വല്ലി 15-ാം വാക്യത്തിലും) മറ്റും പലഘട്ടങ്ങളിലും പറയപ്പെട്ടിരിക്കുന്നു.

7. ചോദ്യം. അവക്ക എതെങ്കിലും പ്രവൃത്തികൾ ഉണ്ടോ?

(ഉത്തരം) അവക്കപഞ്ചകൃത്യംതന്നെപ്രവൃത്തിയാകുന്നു. (പാശുപതബ്രഹ്മൊപനിഷത്ത3-ാമദ്ധ്യായം3-ാമതവാക്യം)

8. ചോദ്യം, പഞ്ചകൃത്യം എന്നാൽ എന്താണ?

(ഉത്തരം) സൃഷ്ടി, സ്ഥിതി, സംഹാരം, തിരൊഭാവം, അനുഗ്രഹം എന്നവകളാകുന്നു

9 ചോദ്യം. സൃഷ്ടി, സ്ഥിതി, സംഹാരം, തിരൊഭാവം,അനുഗ്രഹം എന്നുള്ളതിന്ന അൎത്ഥം എന്താണ?

(ഉത്തരം) സൃഷ്ടി-ഉണ്ടാക്കുന്നത, സ്ഥിതി-രക്ഷിക്കുന്നത, സംഹാരം-ഒന്നിനെമറെറാന്നായി മാററുന്നത, തിരൊഭാവം-മറവചെയ്യുന്നത, അനുഗ്രഹം-കൊടുക്കുന്നത.

10 ചോദ്യം. ഈ കൃത്യങ്ങളെ അവർ എപ്പൊൾചെയ്യുന്നു?

(ഉത്തരം) അവർ അനാദിയായിതന്നെ ചെയ്തുകൊണ്ടിരിക്കുന്നു. (പാശുപതബ്രഹ്മണോപനിഷത്ത 4-ാമദ്ധ്യായം 1-ാമതവാക്യം).

11. ചോദ്യം. ഈ പഞ്ചകൃത്യങ്ങൾ ചെയ്യുമ്പോൾ ഓരോരുതൊഴിലിന്ന അവൎക്കവെറെവെറെ പെരുണ്ടൊ?

(ഉത്തരം) സൃഷ്ടിചെയ്യുമ്പോൾ ബ്രഹ്മാവെന്നും, സ്ഥിതിചെയ്യുമ്പോൾ വിഷ്ണുവെന്നും, സംഹാരംചെയ്യുമ്പോൾ രുദ്രൻഎന്നും, തിരോഭാവംചെയ്യുമ്പൊൾ മഹെശ്വരനെന്നും, അനുഗ്രഹംചെയ്യുമ്പോൾ സദാശിവനെന്നും. ഇങ്ങിനെ ഓരോരുതൊഴിലിന്ന ഓരോരുപെരായിട്ട അനെക നാമധെയങ്ങൾ ഉണ്ട. (ഉത്തരനാരായണം 2-ാം ഋക്ക.)

12. ചോദ്യം. അവൎക്ക ഓരോരുതൊഴിലിന്ന ഓരോരുപെർ മാറിവരും എന്നുള്ളതിന്ന ഒരു ദൃഷ്ടാന്തംപറയാമൊ?

(ഉത്തരം) ഒരു ഡിസ്ത്രിക്ടജഡ്ജി പണംകൊടുത്തവാങ്ങലിനെ പററി വിചാരിക്കുമ്പോൾ സീവിൽജഡ്ജിഎന്നും, പൊലീസ്സ കാൎയ്യങ്ങളെ പററി വിചാരിക്കുമ്പോൾ സെഷൻ ജഡ്ജിഎന്നും പറയുന്നതപൊലെയാകുന്നു.

13. ചോദ്യം ഈശ്വരൻ പഞ്ചകൃത്യങ്ങൾ എന്തിനവെണ്ടി ചെയ്തു വരുന്നു.

(ഉത്തരം) ജീവാത്മാക്കളുടെ പെരിലുള്ള കൃപകൊണ്ട ചെയ്തു വരുന്നു. (രുദ്രബ്രഹ്മണോപനിഷത്ത 12-ാമദ്ധ്യായം 2-ാം വാക്യം.)

14. ചോദ്യം ആ ദൈവം ഗുണമുള്ളവനൊ നിൎഗ്ഗുണനൊ.

(ഉത്തരം) പഞ്ചഭൂതാദി ഗുണങ്ങളിൽ നിൎഗ്ഗുണനും. ഇച്ഛാവിഷയത്തിൽ ഗുണമുള്ളവനുമാകുന്നു. (യാസ്കനിരുക്തിയിൽ പറയുന്ന 1-ാമത്തെ ഋക്കിന്ന ഭാഷ്യം)

15. ചോദ്യം അവർ ഇച്ഛാവിഷയത്തിൽ എന്തുഗുണമുള്ളവർ?

(ഉത്തരം) സൎവ്വജ്ഞാനം, സൎവ്വവ്യാപകം, സൎവ്വശക്തി,

സൎവ്വനീതി, സൎവ്വകൃപ, നിത്യാനന്ദം മുതലായ അനന്തകല്യാണ ഗുണമുള്ളവരാകുന്നു. (തൈത്തിരിയ ഉപനിഷത്ത ശിക്ഷാവല്ലി, ബ്രഹ്മാനന്ദ വല്ലി) (1-ാമാത അനുപാകം.)

16. ചോദ്യം അവൎക്ക ഈ ഗുണങ്ങൾ എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ളതൊ.

(ഉത്തരം.) അവൎക്ക ഈ ഗുണങ്ങൾ ഇടയിൽ ഉണ്ടായിട്ടുള്ളതല്ല. അനാദിയെ ഉള്ള സ്വഭാവങ്ങളാകുന്നു. (നിരാലംബൊപനിഷത്ത 6-ാ മദ്ധ്യായം 8-ാം വാക്യം.)

17. ചോദ്യം. അവൎക്ക ഈ ഗുണങ്ങൾ എപ്പോഴെങ്കിലും മാറുന്നതുകളൊ.

(ഉത്തരം.) അവൎക്ക ഈ ഗുണങ്ങൾ മാറാതെ നിത്യമായുള്ളതാകുന്നു. (മെപ്പടി 6-ാ മദ്ധ്യായം 9-ാം വാക്യം.)

18. ചോദ്യം. ഒരെ ദൈവത്തെ തന്നെ അവരുടെ അനന്ത കൃത്യങ്ങളാൽ ബ്രഹ്മാ, വിഷ്ണു, രുദ്രൻ എന്നപറഞ്ഞിരിക്കെ നിങ്ങടെ പുരാണ ഇതിഹാസങ്ങളിൽ തന്നെ ബ്രഹ്മാ, വിഷ്ണു, രുദ്രാദികൾ തമ്മിൽ യുദ്ധം ചെയ്തു എന്ന കാണുന്നതകൊണ്ട അവരൊക്കെയും ഒരെ ദൈവമാണെന്ന എങ്ങിനെ പറയാം.

(ഉത്തരം.) സൃഷ്ടി സ്ഥിതി സംഹാരാദികൾ ഓരൊന്ന ഒരൊരു കാലത്തിൽ അതി മഹത്വപ്പെട്ടും എന്നുള്ളതിനെ ഉണൎത്തുവാൻ രൂപകാലങ്കാരപ്പെടുത്തി യുദ്ധ ഭാവനയായി കല്പിച്ച വൎണ്ണനയെയല്ലാതെ അവർകൾ യുദ്ധം ചെയ്യു വെട്ടും കുത്തും പെട്ട തമ്മിൽ വിരൊധികളായിരിക്കുന്നവരാണെന്ന പറഞ്ഞിട്ടുള്ളതുകൾ അല്ലാ. (മഹിധരഭാഷ്യം.)

19. ചോദ്യം. അവരെ എങ്ങിനെഅറിയാം.

(ഉത്തരം) ജ്ഞാനത്താൽ അറിയാം (മുണ്ഡകൊപനിഷത്ത 2-ാംമുണ്ഡകം 2-ാം അദ്ധ്യായം 8-ാം വാക്യം)

20. ചോദ്യം. ജ്ഞാനം എന്നാൽ എന്താണ.

(ഉത്തരം) ജ്ഞാനംഎന്നത ഈശ്വരൻ ഒരുവൻ ഉണ്ടെന്നും അവനെ ഇടവിടാതെ ധ്യാനിച്ച അവന്റെ കല്പനയെ അനുസരിച്ച നടക്കേണമെന്നുള്ള അറിവതന്നെ ആകുന്നു.

21. ചൊദ്യം. ആ അറിവ എങ്ങിനെകിട്ടും.

(ഉത്തരം) ആ അറിവ വെദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളാൽകിട്ടും.

22. ചൊദ്യം. വെദം എന്നുള്ളത എത.

(ഉത്തരം) ഋക്ക, എജുസ്സ, സാമം, അഥവ്വണം, എന്നുള്ളവതന്നെ (യാസ്കനിരുക്തം)

23. ചൊദ്യം. ൟ ചതുൎവ്വെദങ്ങളല്ലാതെലൊകത്തിൽവെദങ്ങൾ എന്നപറയുന്ന മററവകൾ ഒക്കെയും നുണയായിട്ടുള്ളതൊ.

(ഉത്തരം.) ഹിന്തുക്കളുടെ ചതുൎവ്വെദങ്ങൾമാത്രംസത്യം മററതൊക്കെയും അസത്യമാകുന്നു.

24. ചൊദ്യം. ൟ ചതുൎവ്വെദങ്ങൾ ഹിന്തുക്കൾക്ക എങ്ങിനെകിട്ടി.

(ഉത്തരം) ൟശ്വരൻ ഉപദെശമൂലമായി കൊടുത്തു. (കൈവല്യൊപനിഷത്ത 3-ാമദ്ധ്യായം)

25. ചൊദ്യം. ഹിന്തുക്കളുടെ ചതുൎവ്വെദങ്ങൾ ൟശ്വരനാൽ ഉപദെശിക്കപ്പെട്ട എന്നും, മനുഷ്യനാൽ എഴുതി ഉണ്ടാക്കിയതല്ലെന്നും നമുക്ക എങ്ങിനെ അറിയാം.

(ഉത്തരം). ഹിന്തുക്കളുടെ ചതുൎവ്വെദങ്ങൾ ഉദാത്താനുദാത്തസ്വരങ്ങളൊട കൂടിഇരിക്കുന്നതകൊണ്ടും, ആ സ്വരങ്ങൾക്ക പ്രത്യെകം അൎത്ഥം ഇരിക്കുന്നതകൊണ്ടും, എട്ടിൽ എഴുതുന്നവാൾ അക്ഷരങ്ങൾമാത്രം എഴുതാമല്ലാതെ സ്വരത്തെ എഴുതുവാൻ പാടില്ലാത്തതുകൊണ്ടും, അതിനാൽ മെപ്പടിസ്വരങ്ങളൊടകൂടിയ വെദങ്ങളെ ഒരുവൻ മറെറാരുവന്ന പറഞ്ഞുകൊടുത്ത അറിയെണ്ടതായിരിക്കുന്നതകൊണ്ടും,എട്ടിൽ എഴുതി മെപ്പടിസ്വരങ്ങളെ അറിഞ്ഞ പാഠംചെയ്യാൻ എത്ര സാമൎത്ഥ്യമുള്ള മനുഷ്യനാലും വഹിയാത്തതകൊണ്ടും, പൂൎവ്വാപരവിരൊധം ഇല്ലാതെ ഹൃദയത്തിൽനിന്ന എകകാലത്തിൽ ഉണ്ടാക്കി മറെറാരുത്തന്ന ഉപദെശിപ്പാൻ മനുഷ്യസാമൎത്ഥ്യത്തിന്ന അതീതപ്പെട്ടിരിക്കുന്നതകൊണ്ടും, ലൊകത്തിൽ വെദങ്ങൾ എന്നപറയുന്ന

മററവകളൊക്കെയും എഴുതിഉണ്ടാക്കുവാൻ മനുഷ്യന്നെത്രയും എളുപ്പത്തിൽ കഴിയുന്നതായിരിക്കുന്നതകൊണ്ടും മെൽപറഞ്ഞ ഹിന്തുക്കളുടെ ചതുൎവ്വെദങ്ങളെമാത്രം സൎവ്വജ്ഞനായ ഈശ്വരനാൽ ഉപദെശമൂലമായികിട്ടിയതാണെന്ന നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

26. ചൊദ്യം. ആഗമങ്ങൾ എന്നത എവ,

(ഉത്തരം) കാമികം, യൊഗജം, ചിന്ത്യം, കാരണം, അജിതം, ദീപ്തം, സൂക്ഷ്മം, സഹസ്രം, അംശുമാൻ, സുപ്രഭെദം, വിജയം, നിശ്വാസം, സ്വായംഭുവം, അനലം, വീരം, രൌരവം, മകുടം, വിമലം, ചന്ദ്രജ്ഞാനം, ബിംബം, പ്രൊൽഗീതം, ലളിതം, സിദ്ധം, സന്താനം, സൎവ്വൊക്തം, പരമെശ്വരം, കിരണം, വാതുളം എന്നുള്ള ൨൮ ഇരുപത്തെട്ടും ആഗമങ്ങളാകുന്നു. (കിരണം 4–ാമദ്ധ്യായം 7–ാം വാക്യം.)

27. ചൊദ്യം. ൨൮ ആഗമങ്ങൾ ഹിന്തുക്കൾക്ക എങ്ങിനെ കിട്ടി.

(ഉത്തരം) വെദങ്ങളിലുള്ള ആലയവിഗ്രഹാദിപൂജാവിഷയങ്ങളെ ലൊകൊപകാരനിമിത്തം ദെവന്മാർ ഋഷീശ്വരരാൽ വെളിവാക്കിതന്നിട്ടുള്ളത, ആഗമങ്ങളാകുന്നു. (മെപ്പടി 4–ാമദ്ധ്യായം 8–ാംവാക്യം)

28. ചൊദ്യം. ശാസ്ത്രങ്ങൾ എന്നുള്ളത എന്ത. എന്തിനവെണ്ടി ആരാലുണ്ടാക്കപ്പെട്ടു.

(ഉത്തരം) ജനങ്ങൾ വെദാൎത്ഥങ്ങളെ വിപരീതമായി ധരിച്ച ആചാരാദിമതവിഷയങ്ങളിൽ തെറ്റിനടക്കാതിരിപ്പാൻ വെദങ്ങളുടെ യഥാൎത്ഥമായ അൎത്ഥങ്ങളെ ഇന്നതാണെന്ന സ്മരിച്ച മനു, അത്രി, വിഷ്ണു, ഹാരിദർ, യാജ്ഞവല്ക്യർ, ഉശനർ, അംഗിരസർ, യമർ, ആപസ്തംബർ, സംവൎത്തനർ, കാത്യായനർ, ബൃഹസ്പതി, പരാശരർ, വ്യാസർ, സംഖലിഖിതർ, ദക്ഷഗൌതമർ, സാതാതപർ, വസിഷ്ഠർ, മുതലായ ദൈവസാന്നിദ്ധ്യമുള്ള ഈ പതിനെട്ട മഹാത്മാക്കളും അവരവര വെറെവെറെ എഴുതിവെച്ചിട്ടുള്ളത ധൎമ്മശാസ്ത്രങ്ങളാകുന്നു. (യാജ്ഞവ

ല്ല്യസഹിത 1-ാമദ്ധ്യായം)

29. ചൊദ്യം. പുരാണങ്ങൾ എന്നുള്ളവകൾ എത.

(ഉത്തരം) ബ്രാഹ്മം, പാത്മം, വൈഷ്ണവം, നാരദീയം, ഭവിഷ്യത്ത, ഗാരുഡം, ആഗ്നെയം, ദെവീഭാഗവതം, ശൈവം, മാൎക്കണ്ഡെയം, ലൈംഗം, ബ്രാഹ്മകൈവൎത്തം, മാത്സ്യം, കൌൎമ്മം, വാരാഹം, വാമനം, സ്കാന്ദം, ബ്രഹ്മാണ്ഡം, എന്നുള്ള ഈ പതിനെട്ടുംപുരാണങ്ങളാകുന്നു. (ബ്രഹ്മാണ്ഡപുരാണം ബ്രഹ്മനാരദ സംവാദഘട്ടം 1-ാമദ്ധ്യായം)

30. ചൊദ്യം: ൟ പുരാണങ്ങൾ എന്തിനവെണ്ടി ആരുണ്ടാക്കി.

(ഉത്തരം) പൂൎവ്വയുഗങ്ങളിൽ ഉണ്ടായിരുന്ന വെദാധികാരികളുടെ വാക്കുകളെ, അപ്പൊളുണ്ടായിരുന്ന സ്ത്രീശൂദ്രാദികൾ കെട്ടനടന്ന സൽഗതിയെപ്രാപിക്കുന്നതപൊലെ, ഭവിഷ്യല്കലിയുഗത്തിലുള്ള വെദാധികാരികളുടെവാക്ക, സ്ത്രീശൂദ്രാദികളിൽ മിക്കതും ജനങ്ങൾ കെട്ടനടക്കയില്ലെന്ന ദൈവസാന്നിദ്ധ്യമുള്ളവ്യാസമഹൎഷിഅറിഞ്ഞു; സത്യമായ ചതുൎവ്വെദങ്ങളുടെ അൎത്ഥങ്ങളെ അനുസരിച്ച ദൈവഭക്തി, ബ്രാഹ്മണഭക്തി മുതലായ ധൎമ്മങ്ങളെയുംസൽക്കൎമ്മാനുഷ്ഠാനവിഗ്രഹാരാധനവ്രതാദികളെയും ചെയ്വാനും, അതചെയ്യുവർപ്രാപിക്കുന്ന ഫലങ്ങളെയും, ദൈവദൂഷണം, ബ്രഹ്മദൂഷണം, വെദാഗമാദിദൂഷണം, വിഗ്രഹാരാധനദൂഷണം ഇവകളെ ചെയ്തുംകൊണ്ട സൽക്കൎമ്മാനുഷ്ഠാനമാൎഗ്ഗത്തെവിട്ട പാപങ്ങളെചെയ്യുന്നവർ പ്രാപിക്കുന്നതും, പ്രാപിച്ചതുമായനരകദുഃഖങ്ങളെ എടുത്തുകാട്ടി വെദവിധിപ്രകാരംനടന്ന ദൈവകൃപക്കപാത്രമായിഭവിച്ച മൊക്ഷംപ്രാപിച്ചിട്ടുള്ളവരുടെ പുണ്യകഥകളെയും; ഭൂമിയിലുള്ള പുണ്യതീൎത്ഥക്ഷെത്രമാഹാത്മ്യഫലങ്ങളെയും മെല്പടിസ്ത്രീശൂദ്രാദികൾക്കവെണ്ടി, യഥാൎത്ഥ ദിവ്യദൎശനമായിപറഞ്ഞുഎഴുതിവെച്ചിട്ടുള്ള അഷ്ടാദശപുരാണങ്ങൾആകുന്നു (ഭവിഷ്യോത്തര പുരാണം 2-ാമദ്ധ്യായം രണ്ടാമതവാക്യം.)

31. ചൊദ്യം: എന്നാൽ ഇങ്ങിനെയുള്ള പുരാണങ്ങൾ ആ

ന്നിനൊന്ന വിരൊധമായും, ഒരെപുരാണത്തിൽതന്നെ പൂൎവ്വാപരവിരുദ്ധമായുംകാണ്മാൻസംഗതി എന്ത?

(ഉത്തരം) ഓരൊരുകാലത്തിൽ പാഷണ്ഡമത സിദ്ധാന്തികൾപ്രബലപ്പെട്ട തങ്ങളുടെ ദുൎന്ന്യായങ്ങളെ സ്ഥാപിക്കാൻ വെണ്ടി പ്രമാണങ്ങളെ കാട്ടുവാൻതങ്ങളുടെ സമ്പ്രദായത്തെ അനുസരിച്ച ശ്ലൊകങ്ങളെ ഉണ്ടാക്കി അതാതകാലങ്ങളിൽ പ്രബലപ്പെടാത്ത പുരാണങ്ങളിൽ ചെൎത്തിഎഴുതി വെച്ചിട്ടുള്ളതല്ലാതെവ്യാസമഹൎഷി പറഞ്ഞിട്ടുള്ളതിൽഒരിക്കലും പൂൎവ്വാപരവിരൊധമായിട്ട കാണുന്നില്ല. (പത്മൊത്തരപുരാണം 2-ാ മദ്ധ്യായം)

32. ചൊദ്യം. പുരാണങ്ങളിൽ പാഷണ്ഡമതക്കാർ നൂതനമായിഉണ്ടാക്കിചെൎത്തിരിക്കുന്നു എന്നുള്ളതിന്നദൃഷ്ടാന്തംഎന്ത.

(ഉത്തരം) ഇന്നിന്ന പുരാണങ്ങളിൽഇത്രഇത്ര ശ്ലൊകങ്ങളുടങ്ങിഇരിക്കുന്നു എന്നഅതതപുരാണങ്ങളുടെ അവതാരികയിൽ പറഞ്ഞിരിക്കുന്ന സംഖ്യകൾക്ക മെൽപ്പെട്ട അധമപക്ഷംരണ്ടായിരത്തിചില്വാനം ഗ്രന്ഥങ്ങൾ കാണുന്നതതന്നെ പ്രത്യക്ഷമായഒന്നാമതദൃഷ്ടാന്തവും, പുരാണങ്ങളിൽനൂതനഗ്രന്ഥങ്ങൾ കാലംതൊറും പാഷണ്ഡ മതക്കാരാൽ ചെക്കപ്പെട്ടവരുമെന്നും, വെദവിരുദ്ധമായുള്ള മെപ്പടി നൂതനവാക്യങ്ങളെ വജ്ജിച്ചസംസാരിക്കാതെപൊയാൽദൈവം ദണ്ഡിക്കുമെന്നും ആപസ്തംഭർമുതലായ ഞങ്ങടെയഥാൎത്ഥ ദീൎഘദൎശികളാൽ ശാസ്ത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്നത തന്നെരണ്ടാമത ദൃഷ്ടാന്തവുമായിരിക്കുന്നു.

33. ചൊദ്യം. അങ്ങിനെആയാൽ വ്യാസമഹൎഷി പറഞ്ഞിട്ടുള്ളഭാഗം ഇന്നതാണെന്നും, പാഷണ്ഡമതക്കാർ നൂതനമായിചെൎത്തിരിക്കുന്ന ശ്ലൊകങ്ങൾഇന്നതാണെന്നും നമുക്കഎങ്ങിനെവിഭജിച്ചറിയാം.

(ഉത്തരം) ഞങ്ങടെ യഥാൎത്ഥമായ വെദങ്ങളൊട ഒത്തുനൊക്കുമ്പൊൾ വെദവിരുദ്ധമായി കാണുന്ന ഭാഗങ്ങൾ പാഷണ്ഡമതക്കാരാൽ നൂതനമായിചെൎത്ത വാക്യങ്ങളാണെന്ന ന

ള്ളവണ്ണം അറിയാം ആയ്തുകൊണ്ടവ്യാസോക്തമായപുരാണങ്ങളിൽപൂൎവാപരവിരൊധമായ യാതൊരുതെറ്റും ഇല്ലെന്നനിശ്ചയമായിഅറിയെണ്ടതാകുന്നു. (ശങ്കരവിജയം)

34. ചൊദ്യം. ഇതിഹാസങ്ങൾഎന്നുള്ളതഎന്ത.

(ഉത്തരം) ഭാരതം, രാമായണം൰രണ്ടും ഇതിഹാസങ്ങളാകുന്നു. (മഹാഭാരതത്തിൽഅവതാരിക)

35. ചൊദ്യം. ഇവകൾമനുഷ്യൎക്ക എങ്ങിനെകിട്ടി?

(ഉത്തരം) ദൈവ കല്പനപ്രകാരം ദെവന്മാർ കാലംതൊറും ദുഷ്ടനിഗ്രഹം, ശിഷ്ടപാലനം മുതലായ്തുചെയ്യാൻ അവതാരം ചെയ്തു അത്ഭുതങ്ങളെ കാണിച്ച ലൊകൊപകാരങ്ങൾചെയ്തുകഥകളെജനങ്ങളുടെ സൽകഥാപ്രസംഗത്തിന്നവെണ്ടി വ്യാസർഭാരതമായും, വാന്മീകർ രാമായണമായും എഴുതിവെച്ചിട്ടുള്ളത ഇതിഹാസങ്ങളാകുന്നു (ലളിതാഗമം 7–ാമദ്ധ്യായം 12-ാം വാക്യം)

36. ചൊദ്യം. ദൈവം ഒന്നായിരിക്കെ നിങ്ങൾപല ദെവന്മാരെഎന്തുകൊണ്ടവണങ്ങിവരുന്നു?

(ഉത്തരം) ഞങ്ങൾശിവനെ മാത്രംദൈവം എന്നവണങ്ങിവരുന്നു. യഹൊവാ, പരിശുദ്ധാത്മാ, കിരിസ്തുഎന്നപലദൈവങ്ങളെ വണങ്ങുന്നവർനിങ്ങൾതന്നെയാണ.

37. ചൊദ്യം. നിങ്ങൾശിവനെമാത്രമല്ലാതെരാമകൃഷ്ണാദിദെവന്മാരെയുംവണങ്ങി കാണുന്നുവെല്ലൊ?

(ഉത്തരം) സത്യംതന്നെ എങ്കിലും അവരൊക്കെയും സൎവ്വജ്ഞനായ ശിവനാണെന്നവണങ്ങിവരുന്നില്ല. ശിവന്റെ ഊഴിയക്കാരായ ഭക്തന്മാരാണെന്നവണങ്ങിവരുന്നു (ഭസ്മധാപിനിഉപനിഷത്ത 4–ാമദ്ധ്യായം 5–ാംവാക്യം)

38. ചൊദ്യം. സൎവ്വജ്ഞനായ ശിവനെമാത്രം അല്ലാതെ അവരുടെ ഊഴിയക്കാരായ ഭക്തന്മാരെവണങ്ങുന്നത ശരിയായിട്ടുള്ളതൊ?

(ഉത്തരം) ശിവൻതന്റെ ഊഴിയക്കാരായ ഭക്തന്മാരെവണങ്ങുന്നവർ തന്നെ വണങ്ങുന്നവരാണെന്നും, താൻ

ആ വഴിപാടുകളെ ഏററ അത ചെയ്യുവൎക്ക താൻ അനുഗ്രഹം ചെയ്യാമെന്നും, തന്റെ ഊഴിയക്കാരായ ഭക്തന്മാരെ ദൂഷിക്കുന്നവർ തന്നെത്തന്നെ ദൂഷിക്കുന്നവരാണെന്നും, താൻ ആ ദൂഷണത്തിന്നവെണ്ടി അവൎക്ക ദണ്ഡനം ചെയ്യുമെന്നും, ഞങ്ങടെ വെദാഗമശാസ്ത്രപുരാണെ ഇതിഹാസങ്ങളിൽ തിരുവാക്കരുളി ചെയ്യിരിക്കുന്നതകൊണ്ട ആ വണക്കം ക്രമമുള്ളതാകുന്നു. (ലളിതാഗമം 7-ാമദ്ധ്യായം 13-ാം വാക്യം)

നിങ്ങടെമതശാസ്ത്രമായ ബൈബിളിൽതന്നെ (ആദ്യപുസ്തകം) 18-ാമദ്ധ്യായം 2-ാമതവാക്യത്തിൽ ആബ്രഹാം, ദെവദൂതന്മാർ മൂന്നുപെരെ നിലംവരെയും കുനിഞ്ഞുവണങ്ങി എന്നും (യൊശുവാ) 5-ാമദ്ധ്യായം14-ാമത്തെ വാക്യത്തിൽയൊശുവാ, യഹൊവായുടെ സൈന്യാധിപതിയെ സാഷ്ടാംഗമായി മുഖംകുപ്പുരനിലത്തിൽ വീണവന്ദിച്ചു എന്നും, (മത്തായി) 25-ാമദ്ധ്യായം 40-ാമത്തെവാക്യത്തിൽ നിന്റെ ദെവനായ കിരിസ്തു തന്റെ ഭക്തന്മാൎക്ക എന്തെല്ലാംചെയ്യുവൊ അത നിങ്ങൾ എനിക്ക ചെയ്യു എന്ന ഞാൻ സത്യമായിട്ട നിങ്ങളൊട പറയുന്നു എന്നും പറഞ്ഞിരിക്കുന്നു. ഇതിനെ കണ്ടിരുന്നും ഞങ്ങൾ ശിവനടിയാന്മാരായ ദെവന്മാരെ വണങ്ങുന്നതിനെ നീ ദൂഷിക്കുന്നത ഒരിക്കലും ന്യായമല്ല.

39. ചൊദ്യം. നിങ്ങടെ ദൈവമായ പരമശിവൻരൂപം ഇല്ലാത്തവരാണെന്ന മുമ്പെപറഞ്ഞിരിക്കുന്നുവെല്ലൊ. നിങ്ങടെ പുരാണങ്ങളെനൊക്കുമ്പൊൾ രൂപം ഉണ്ടെന്ന കാണുന്നത എന്തകൊണ്ടാണ.

(ഉത്തരം) ഓഹൊ! അവരുടെരൂപം തന്നെബന്ധിച്ചു മൂലമലകാരണംകൊണ്ട താൻമുമ്പെചെയ്യു കൎമ്മാനുസാരമായിട്ട തൊൽ, എല്ല, ഞരമ്പമുതലായസപ്തധാതുക്കളാൽശരീരംകൊണ്ട ഒരു മാതാവിന്റെയൊനിവായിലകപ്പെട്ടജനിച്ചുവളരെ ദുഃഖം അനുഭവിച്ചു ഇരുന്നമനുഷ്യനായ നിന്റെ കിരിസ്തുവിന്റെ രൂപത്തെപൊലെ യാണെന്ന കരുതെണ്ട. ഞങ്ങടെ ശിവൻ അങ്ങിനെപിറന്നകഥയും, ഈ ലൊകത്തിൽപാണൊ, ഉണ്ട, മരി

ല്പകഥയും കെട്ടിട്ടില്ല. അവരുടെരൂപം ജീവാത്മാക്കളുടെ നിമിത്തം പഞ്ചകൃത്യങ്ങൾചെയ്വാനായിട്ടും, തന്നെവിശ്വസിക്കുന്ന ഭക്തന്മാരുടെ ധ്യാനാദികൾക്ക പ്രത്യക്ഷമാവാനായിട്ടും, വെദങ്ങളെ ഉപദെശിപ്പാനായിട്ടും തന്റെ അരുൾശ്ശക്തിയാലാകുന്ന ശരീരമാകുന്നു. അങ്ങിനെ ആകുമെങ്കിൽ ദൈവലക്ഷണത്തിനുകുറവെന്താണ. ശിവന്ന അംഗപ്രത്യംഗസാംഗഉപാംഗങ്ങളൊക്കെയും ശിവശക്തിരൂപമാണെന്നുള്ളത, ശ്രീവാതുളഗമത്തിൽ വിസ്തരിക്കപ്പെട്ടിരിക്കുന്നു.

40. ചൊദ്യം. നിങ്ങടെശിവൻ പാർവ്വതിദെവി എന്നവളെ വിവാഹംചെയ്തു അവളൊടസന്തൊഷിച്ചു രമിച്ചു എന്നും, അവളെവിട്ടുപിരിഞ്ഞു എന്നും, നിങ്ങടെ പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നുവെല്ലൊ. ജീവാത്മാക്കളെപൊലെ കാമിയായിരിക്കുന്നവരെ, പരമശിവൻ എന്ന പറയുന്നതെങ്ങിനെ? അവർ നിങ്ങളെ രക്ഷിക്കുന്നത എങ്ങിനെ?

(ഉത്തരം) ആൺ, പെൺ, നപുംസകനെന്നും മൂന്നുമല്ലാത്ത അനാദിമലമുക്തപതിയായ ശിവനെതന്നെസർവ്വജീവാത്മാക്കളും സൃഷ്ടിയെകാണുമ്പൊൾഇതിനെഉണ്ടാക്കിയ കർത്താ എന്ന പറയുന്നതിൽ പുല്ലിംഗപ്പെടുന്നതകൊണ്ട അപ്പൊൾ പിതാവ എന്നും, സൂര്യന്ന കിരണം പൊലെ ആ ശിവന്ന അഭിന്നമായുള്ള ശക്തിയെതന്നെ നിമിത്തകാരണമായ ആ ശിവം ആ തൊഴിൽചെയ്വാൻ ഉപകാരണമായിരിക്കുന്നതകൊണ്ട സ്ത്രീലിംഗപ്പെടുമ്പൊൾ ആ ശക്തിയെ മാതാവാണെന്നും, ആ ശിവൻ ശക്തിയൊടുകൂടി ഉദ്യൊഗിച്ചു സംകല്പിക്കുന്നതിനെതന്നെ ജീവാത്മാക്കളുടെ ദൃഷ്ടത്തിന്ന കാരണത്തൊഴിലായതുകൊണ്ടു ഇച്ഛിച്ചു പുണർന്നുഎന്നും, ആ സങ്കല്പം ഇല്ലാത്തതിനെതന്നെ പിരിഞ്ഞു എന്നും പറഞ്ഞിരിക്കുന്നതാണെന്ന അറിയെണ്ടതാകുന്നു. (ശ്രീധരഭാഷ്യം, വിദ്യാരണ്യഭാഷ്യം ഇതുകളെനൊക്കുക) ഈ രഹസ്യം സമാധികൊടുക്കുന്ന സാക്ഷാൽക്കാരവാന്മാൎക്ക വെളിപ്പെടും. ഈ സത്യത്തെ അറിയാതെ പുരാണങ്ങളിൽതന്നെ പലഘട്ടങ്ങളിലും ശിവൻ ആണെ

വം, മായ, കൎമ്മം എന്ന മുമ്മലങ്ങളെയും അനാദിയായി തന്നെ ഇല്ലാത്തവരാണെന്നും, ജ്ഞാനംതന്നെ രൂപമായ നായകർ എന്നും, പറയപ്പെട്ടിരിക്കുന്നതുകൊണ്ടു അവർ പാൎവ്വതിയെ രമിച്ചു, പിരിഞ്ഞു, എന്നുമുതലായതിനെ വെറെ അൎത്ഥം ഇരിക്കാമെന്നൊം അതിനെ തിരഞ്ഞുനൊക്കാതെ ദൂഷിക്കുന്നതു ശരിയല്ലന്ന ചിന്തിയാതെ ഞങ്ങടെ ദൈവത്ത വായിൽ തൊന്നിയതൊക്കെ ദൂഷിച്ചുംകൊണ്ടു സഞ്ചരിക്കുന്ന അതിപാതകനായനിനിന്റെ ബൈബിളിൽ (ശലൊമൊൻ) എഴുതിയപാട്ടിൽ കിരിസ്തുവായ പുരുഷൻ ഒരു പെണ്ണിനെകണ്ടുമയങ്ങിഎന്നും, അവളൊടുകൂടിസന്തൊഷിച്ചുഎന്നും അവളുടെസൌന്ദൎയ്യത്തിനെ വൎണ്ണിച്ചു എന്നും, അവളെ വിട്ടുപിരിഞ്ഞു എന്നും, ആയതുകൊണ്ടു അവൾ വ്യസനത്തൊടെ തിരഞ്ഞു സഞ്ചരിച്ചുഎന്നും പറഞ്ഞിരിക്കുന്നതിനെ ദൂഷിയാതെ അംഗീകരിക്കുന്നതു എന്തു.

---

# ൨-ാമദ്ധ്യായം

## പുണ്യസ്ഥലം.

—:o:—

41. ചൊദ്യം. നിങ്ങടെ ദൈവം സൎവ്വവ്യാപി യാണെന്നപറഞ്ഞിരിക്കുന്നുവെല്ലൊ. അങ്ങിനെഇരിക്കെ ചിദംബരം, പഴനിമുതലായ സ്ഥലങ്ങൾ വിശെഷമാണെന്നും, ദൈവം അവിടെ വസിക്കുന്നുഎന്നും, പറഞ്ഞുജനങ്ങൾവളരെ ദൂരത്തിൽനിന്നും കാവടിമുതലായതുകൾ കൊണ്ടു ചെല്ലുന്നുവെല്ലൊ; നിങ്ങടെഈശ്വരൻ സൎവ്വവ്യാപിയുംസൎവ്വജ്ഞനു മായിരുന്നാൽഎതസ്ഥലത്തിലും എല്ലാജനങ്ങളുംവഴിവാട ചെയ്യുഅനുഗ്രഹം വാങ്ങിക്കൊള്ളാമെല്ലൊ; അങ്ങിനെഇരിക്കെ ഈവിധം ചെയ്യുന്നതഎന്തുകൊണ്ടാണ.

(ഉത്തരം) 1-ാമത ദെവന്മാർ, ഋഷികൾമുതലായ മഹാന്മാർഒരൊരു സ്ഥലങ്ങളിൽഈശ്വരനെപ്രീതിയൊടു കൂടിപൂജി

ച്ചു അവർ സത്യകാൎയ്യശരീരംകൊണ്ടതങ്ങൾക്ക പ്രസന്നരായ
പ്പൊൾ അവരെവണങ്ങിസ്തുതിച്ചു തങ്ങൾതങ്ങൾ ഇച്ശിച്ചുഅ
ഭീഷ്ടങ്ങളെ അടഞ്ഞതിന്റെശെഷംഅവരെനൊക്കി കൃപാസ
മുദ്രമായസ്വാമീ! ദെവരീർസൎവ്വ വ്യാപിയായിരുന്നാലും, അടി
യങ്ങൾ ദെവരീരെപൂജിച്ചുൟസ്ഥലത്തിൽസദാകാലവും വി
ശെഷമായിഎഴുന്നരുളിഇരുന്ന ൟസ്ഥലത്തിൽവന്നസ്വാമി
യെ സെവിക്കുന്നസൎവ്വജീവാത്മാക്കൾക്കും വിശെഷഭക്തിജ
നിപ്പിച്ചു അവർചെയ്യുന്നദാനം, തപസ്സുഇവകൾ ഒന്നഅന
ന്തമായിവൃദ്ധിഅടവാനുംഅവർമുൻചെയ്യ പാപങ്ങൾകുറവാ
നും, അവൎക്കഅനുഗ്രഹംചെയ്യെണമെന്നപ്രാൎത്ഥിക്കുകയും വെ
ണ്ടുന്നവൎക്ക വെണ്ടിയതിനെ കൊടുക്കുന്നവരായ അ ൟശ്വര
ൻജീവാത്മാവായ ശരീരംമുഴുവനും വ്യാപിച്ചിരുന്നാലും ജാഗ്രം
മുതലായഅവസ്ഥകളിൽവിശെഷമായിനില്ക്കുന്നതപൊലെതാ
ൻസൎവ്വവ്യാപിയായിരുന്നാലുംആപുണ്യ സ്ഥലങ്ങളിൽവിശെ
ഷമായിട്ടുപ്രസന്നരായിരിക്കുന്നു.

2–ാമത ഞങ്ങടെവെദാഗമ ശാസ്ത്രപുരാണ ഇതിഹാസങ്ങ
ളിൽ പുണ്യസ്ഥലങ്ങളിൽ ചെന്നൟശ്വരനെ വഴിപൊലെഭ
ജിക്കെണ്ടതാണെന്നപറയപ്പെട്ടിരിക്കുന്നത കൊണ്ട ഞങ്ങൾ
ചെയ്യുവരുന്നത ന്യായമാണെന്നഅറിയെണ്ട താകുന്നു.

3–ാമത നിങ്ങടെബൈബിളിൽതന്നെ (1രാജാക്കന്മാർ) 19–ാ
മദ്ധ്യായം8–ാമത്തെവാക്യത്തിൽ ഇലീഷാ, ഹൊരെബ എന്ന
ദൈവത്തിന്റെ പൎവ്വതംവരക്കും നടന്നു. (പുറപ്പാടപുസ്തകം)
3–ാമദ്ധ്യായം 1–5–വാക്യങ്ങളിൽ മൊശ, ദൈവത്തിന്റെപൎവ്വ
തമായ ഹൊരെബവരെയുംവന്നു. യഹൊവാ, മൊശയൊട ഇ
ങ്ങൊട്ടഅടുത്തുവരരുതെ നിന്റെ പാദങ്ങളിൽനിന്ന നിന്റെ
ചെരുപ്പുകളെഅഴിച്ചുകളക. നീനില്ക്കുന്ന സ്ഥലം ശുദ്ധമുള്ള
ഭൂമിയാകുന്നു (മെപ്പടിപുസ്തകം) 19–ാമദ്ധ്യായം 2–12 വാക്യ
ങ്ങളിൽ സീനായുടെ വനത്തിൽവന്ന വനത്തിൽ പാളയമിറ
ങ്ങിയിരുന്നു. അവിടെപൎവ്വതത്തിന്നനെരെ ഇസ്രായെൽപാള
യമിറങ്ങി അപ്പൊൾമൊശ, ദൈവത്തിന്റെ അടുക്കലെക്ക ക

ന്നെയറി യഹൊവാ, പൎവ്വതത്തിൽനിന്ന അവനെവിളിച്ചുപറ
ഞ്ഞുനീജനത്തിന്നചുററുംഅതൃത്തിവെച്ചപൎവ്വതത്തിൽകരെറാ
തെയും, അതിന്റെഅടിവാരത്തെതൊടാതെയും,ഇരിപ്പാൻ സൂ
ക്ഷിപ്പിൻ എന്നപറകയുംവെണം. പൎവ്വതത്തെതൊടുന്നവൻഎ
ല്ലാംകൊല്ലപ്പെടെണം നിശ്ചയം (സങ്കീൎത്തനം) 9-ാമദ്ധ്യായം
11-ാംവാക്യത്തിൽസീയൊനിൽ വസിക്കുന്ന യഹൊവായിക്ക
സ്തൊത്രം പാടുവിൻ (മെപ്പടി 99-ാമത്തെ അദ്ധ്യായം) 9-ാ
മത്തെവാക്യത്തിൽനമ്മുടെദൈവമായ യഹൊവായെഉന്നതപ്പെടു
ത്തി അവന്റെ ശുദ്ധമുള്ളപൎവ്വതത്തിൽ വന്ദിപ്പിൻ (1-ശ
മുയെൽ) 20-ാമദ്ധ്യായം 6-ാമത്തെവാക്യത്തിൽ നിന്റെ
പിതാവഎന്നെകാണാഞ്ഞിട്ടതിരക്കിയാൽ അപ്പൊൾ ദാവിദ,
തന്റെനഗരമാകുന്നബെതലെഹെമിലെക്ക, പൊകുന്നതിന്ന എ
ന്നൊടതാല്പൎയ്യമായി അനുവാദംചൊദിച്ചു. എന്തെന്നാൽ ആണ്ടു
തൊറും കുഡുംബത്തിന എല്ലാംഒരുബലിഉണ്ടെന്നപറക. (മെ
പ്പടി) 10ാമദ്ധ്യായം 3-5-വാക്യങ്ങളിൽ-ബെതെലിൽ,ആരാധ
നചെയ്യാൻ ദൈവത്തിന്റെഅടുക്കൽ കരെറിപൊകുന്ന മൂ
ന്നമനുഷ്യർ നിന്നെഎതിരെൽക്കും അതിന്റെ ശെഷം, ഫലി
സ്ത്യയരുടെ കാവൽ പട്ടാളം ഇരിക്കുന്ന ദൈവത്തിന്റെ കു
ന്നിന്നെ നീ വരെണം (2. പത്രൊസ്സ) 11-ാംഅദ്ധ്യായം 18-ാം
വാക്യത്തിന്റെ ഈശബ്ദം ഞങ്ങൾ അവനൊട കൂടെശുദ്ധ
മുള്ളപൎവ്വതത്തിന്മെൽ ഇരിക്കുമ്പൊൾ സ്വൎഗ്ഗത്തിൽനിന്ന ഉ
ണ്ടാകുന്നത കെൾക്കുകയും ചെയ്തു. (1 രാജാക്കന്മാർ) 11-ാമ
ദ്ധ്യായം 13-ാമത്തെവാക്യത്തിൽ ഞാൻതിരഞ്ഞെടുത്തിട്ടുള്ള എ
രുശലമിൻനിമിത്തവും (1 നാളാഗമം) 23-ാമദ്ധ്യായം 25-ാമ
ത്തെവാക്യത്തിൽ ഇസ്രായെലിന്റെ ദൈവമായ, യഹൊവാ, ത
ന്റെ ജനത്തിന്ന സ്വസ്ഥതയെകൊടുത്തിരിക്കുന്നു. അവൻ
എരുശലെമിലും എന്നെക്കുംവസിക്കുന്നു. (എസ്രാ) 1-ാമദ്ധ്യാ
യം 2-3-വാക്യങ്ങളിൽ സ്വൎഗ്ഗങ്ങളുടെദൈവമായ യഹൊവാ
ഭൂമിയിലെ എല്ലാരാജ്യങ്ങളെയും ഇനിക്കതന്നിരിക്കുന്നു. യഹൂ
ദായിലുള്ള എരുശലെമിൽ തനിക്ക ഒരു ഭവനത്തെ പണിയി

ഷ്പാൻ എന്നൊടുകല്പിച്ചുമിരിക്കുന്നു. അവൻെറ സകലജന
ത്തിലുമുള്ള നിങ്ങളിൽയാതൊരുത്തൻ ഉണ്ടൊ അവൻെറ ദൈ
വം അവനൊടു കൂടെ ഇരിക്കുമാറാകട്ടെ; അവൻ യഹൂദായിലുള്ള
എരുശലെമിലെക്ക കരെറിചെന്നു. എരുശലെമിൽ ഇരിക്കുന്നതാ
യി ഇസ്രായെലിൻെറ ദൈവമായ യഹൊവായുടെ ഭവനത്തെ
പണിയിക്കയും ചെയ്യട്ടെ; അവൻതന്നെ ദൈവം ആകുന്നു.
(യൊഹന്നാൻ) 4-ാമദ്ധ്യായം 20-ാമതവാക്യത്തിൽ ഞങ്ങടെ
പിതാക്കന്മാർ ൟ മലയിൽ വന്ദിച്ചു. എന്നാലൊവന്ദിക്കെണ്ടു
ന്നസ്ഥലം എരുശലെമിൽ ആകുന്നു എന്നനിങ്ങൾ പറയുന്നു എ
ന്നപറഞ്ഞു (മത്തായി) 4-ാമദ്ധ്യായം 5-ാമത്തെവാക്യത്തിൽ
പിശാച അവനെ ശുദ്ധമുള്ള നഗരത്തിലെക്ക കൊണ്ടുപൊയി
അവനെ ദൈവാലയത്തിൻെറമുകൾപ്രാസാദത്തിന്മെൽ നി
ൎത്തി (മെപ്പടി) 5-ാം അദ്ധ്യായം 35-ാം വാക്യത്തിൽ എരുശലെ
മിനെക്കൊണ്ടുസത്യം ചെയ്യരുത അത മഹാരാജാവിൻെറനഗരം.

ശലൊമൊൻ, യഹൊവാവിനെനൊക്കി ചെയ്യ പ്രാൎത്ഥ
ന (2-നാളാഗമം) 6-ാം അദ്ധ്യായം 17 മുതൽ 21 വരെ ഉള്ള വാ
ക്യങ്ങളിൽ ഇസ്രായെലിൻെറ ദൈവമായ, യഹൊവായെ നീ
നിൻെറ ഭൃത്യനായ ദാവീദിനൊട പറഞ്ഞിട്ടുള്ള നിൻെറ വ
ചനം സത്യമായിതീരട്ടെ! ദൈവം ഭൂമിയിൽ മനുഷ്യരുടെ കൂ
ടെ വസിക്കും സത്യം തന്നെയൊ കണ്ടാലും! സ്വൎഗ്ഗങ്ങളിലും
സ്വൎഗ്ഗങ്ങളുടെ സ്വൎഗ്ഗങ്ങളിലും നീ അടങ്ങുകയില്ല. ഞാൻ പ
ണിയിച്ചിട്ടുള്ള ൟ ഭവനം എന്തമാത്രം എൻെറ ദൈവമായ യ
ഹൊവായെ നിൻെറ ഭൃത്യൻ നിൻെറ മുമ്പാകെ പ്രാൎത്ഥിക്കുന്ന
അപെക്ഷയെയും, പ്രാൎത്ഥനയെയും കെൾപ്പാനായിട്ടു നിൻെറ
ഭൃത്യൻെറ പ്രാൎത്ഥനയെയും, അപെക്ഷയെയും, വിചാരിക്കെ
ണമെ, നിൻെറ ഭൃത്യൻ ൟ സ്ഥലത്തിൽ വെച്ച പ്രാൎത്ഥി
ക്കുന്ന പ്രാൎത്ഥനയെ ചെവിക്കൊൾവാനായിട്ടു അവിടെ നി
ൻെറ നാമത്തെ സ്ഥാപിക്കുന്നതിന നീ പറഞ്ഞിട്ടുള്ള സ്ഥലമാ
കുന്ന ൟ ഭവനത്തിന്മെൽ പകലും, രാവും നിൻെറ കണ്ണുകൾ
തുറന്നിരിക്കെണ്ടുന്നതിനെ തന്നെ നിൻെറ ഭൃത്യൻെറയും, ൟ

സ്ഥലത്തവെച്ച പ്രാൎത്ഥിപ്പാൻഇരിക്കുന്ന നിന്റെ ജനമായ ഇസ്രായെലിന്റെയും പ്രാൎത്ഥനയെ ചെവിക്കൊള്ളെണമെ, (മെപ്പടി)6-ാം അദ്ധ്യായം32-33-ാമതവാക്യങ്ങളിൽവിശെഷിച്ചുംനിന്റെ ജനമായഇസ്രായെലിൽ നിന്നല്ലാത്തവനായിനിന്റെമഹാനാമത്തെയും, നിന്റെശക്തിയുള്ളകയ്യിനെയും, നിന്റെ നീട്ടപ്പെട്ടഭുജത്തെയും, കുറിച്ചദൂരദെശത്തനിന്ന വന്നിരിക്കുന്നവനായ അന്യന്റെഅവസ്ഥയൊഅവർ ഈ ഭവനത്തിൽവന്നപ്രാൎത്ഥിച്ചാൽ അപ്പൊൾനിന്റെ വാസസ്ഥലമായസ്വൎഗ്ഗങ്ങളിൽനിന്നനീകെട്ടഭൂമിയിലെ സകലജനങ്ങളുംനിന്റെജനമായ ഇസ്രായെൽഎന്നപൊലെനിന്റെ നാമത്തെ അറിഞ്ഞനിന്നെഭയപ്പെട്ട ഞാൻപണിയിച്ചിട്ടുള്ള ഈഭവനത്തിൽ നിന്റെ നാമംവിളിക്കപ്പെട്ടിരിക്കുന്നു എന്നഅറിയെണ്ടതിന്ന അന്യൻനിന്നൊട അപെക്ഷിക്കുന്ന പ്രകാരംഒക്കെയുംചെയ്യെണമെ.

ദൈവം ശലൊമൊന്ന ചെയ്തവാഗ്ദത്തം (2നാളാഗമം) 7-ാം അദ്ധ്യായം 12മുതൽ 16വരെയുള്ള വാക്യങ്ങളിൽ യഹൊവാ, രാത്രിയിൽ, ശലൊമൊന പ്രത്യക്ഷനായി അവനൊട പറഞ്ഞത എന്തെന്നാൽ-ഞാൻ നിന്റെ പ്രാൎത്ഥനയെകെട്ട ഈ സ്ഥലത്തെ എനിക്കബലിക്കുള്ളഭവനമായിട്ടതിരഞ്ഞെടുത്തു മഴയില്ലാതെഇരിപ്പാനായിട്ട ഞാൻ ആകാശത്തെഅടക്ക എങ്കിലും, ദെശത്തെനശിപ്പിക്കുന്നതിന വെട്ടക്കിളികളൊടകല്പിക്ക എങ്കിലും, എന്റെജനത്തിന്റെ ഇടയിൽ ഞാൻവസന്തജ്വരത്തെ വിടുകഎങ്കിലും, ചെയ്യുമ്പൊൾ എന്റെനാമം വിളിക്കപ്പെട്ടിരിക്കുന്നഎന്റെ ജനംതങ്ങളെതന്നെ വിനയപ്പെടുത്തി പ്രാൎത്ഥിച്ചഎന്റെ മുഖത്തെഅന്വെഷിച്ചതങ്ങളുടെദുൎമ്മാൎഗ്ഗങ്ങളിൽ നിന്നതിരിയും എങ്കിൽഅപ്പൊൾഞാൻ സ്വൎഗ്ഗത്തിൽനിന്നകെട്ട അവരുടെപാപത്തെ ക്ഷമിച്ചഅവരുടെദെശത്തെ സൌഖ്യമാക്കും. ഈസ്ഥലത്ത ചെയ്യപ്പെടുന്ന പ്രാൎത്ഥനക്ക എന്റെകണ്ണുകൾതുറന്നവയും, എന്റെചെവികൾ ശ്രദ്ധയുള്ളവയുമായിരിക്കും.ഞാൻ ഈഭവനത്തെ എന്റെനാമംഅവിടെ എന്നെക്കും

ഇരിക്കേണ്ടുന്നതിന തെരിഞ്ഞെടുത്ത ശുദ്ധികരിച്ചിരിക്കുന്നു. എന്റെ കണ്ണുകളും, എന്റെ ഹൃദയവും എപ്പോഴും അവിടെ ഇരിക്കും.

4-ാമത-ാരം വാക്യങ്ങളാൽ നിന്റെ ദൈവത്തിനും വിശെഷസ്ഥലങ്ങൾ ഉണ്ടെന്നുള്ളത നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അവകളെ കണ്ടിരുന്നും ഞങ്ങൾ ഞങ്ങടെ ദൈവമായ ശിവന്നവിശെഷസ്ഥലങ്ങൾ ഉണ്ടെന്നഞങ്ങടെ വെദാഗമ ശാസ്ത്രപുരാണെതിഹാസങ്ങളാൽ നിശ്ചയിച്ച ആ വിശെഷ സ്ഥലങ്ങളിലെക്ക യാത്രചെയ്യുന്നതിനെ ദൂഷിക്കുന്നത ബുദ്ധിഹീനതയാകുന്നു.

---

# ൩-ാമദ്ധ്യായം

---

ആലയം.

—:o:—

42. ചൊദ്യം. പുണ്യസ്ഥലങ്ങളിൽ ചെന്ന മനസ്സുകൊണ്ടും വാക്കുകൊണ്ടും ദൈവത്തെ സ്തോത്രവന്ദനാദികൾ ചെയ്യാൽപൊരെ? അങ്ങിനെ ഇരിക്കെ വളരെദ്രവ്യങ്ങളെ ചെലവഴിച്ച ആലയങ്ങളെ കെട്ടിവൃഥാകാലംകഴിക്കുന്നത എന്തിന?

(ഉത്തരം) പുണ്യസ്ഥലങ്ങളിൽ ആലയങ്ങൾ ഇല്ലാതെ വെളിപ്രദെശത്തിൽനിന്ന സ്തോത്രവന്ദനാദികൾ ചെയ്യുന്നവൎക്കലൊകവ്യവഹാരങ്ങളാൽ പഞ്ചെന്ദ്രിയങ്ങൾസ്വാതന്ത്ര്യമില്ലാതെവന്നഭവിക്കയും അതിനാൽമനസ്സിന്ന ചഞ്ചലതയുണ്ടാകയും ആയതുകൊണ്ടതാൻ പ്രവെശിച്ച ദൈവവിഷയംപൂൎണ്ണമാകാതെ വരുന്നതുകൊണ്ടും, പുണ്യസ്ഥലങ്ങളിൽ ആലയങ്ങളെ കെട്ടിഅതിനകത്ത പ്രവെശിച്ചസ്തോത്രവന്ദനാദികൾ ചെയ്യുന്നവൎക്ക ലൊകവിഷയങ്ങൾ മറയപ്പെട്ടിരിക്കുന്നതു കൊണ്ടും,

മെപ്പടി ദൈവകാൎയ്യത്തിൽ പ്രവെശിക്കുന്നവൎക്ക ഇടയിൽയാതൊരുവിഘ്നവും ഉണ്ടാകാതെ ഇരിപ്പാൻ വെണ്ടുന്ന ദ്രവ്യം ചെലവചെയ്തു ആലയങ്ങളെ കെട്ടി വെക്കെണ്ടത പുണ്യമാകുന്നു.

43. ചൊദ്യം. ദൈവത്തെസ്തൊത്രവന്ദനാദികൾചെയ്വാൻ ആലയത്തിൽ പ്രവെശിക്കുന്നവൎക്ക ലൊകവ്യവഹാരങ്ങൾ ഇന്ദ്രിയങ്ങളെ ബാധിക്കയില്ലെങ്കിലും, ദൈവത്തിന വഴിപാടചെയ്വാൻവരുന്ന അനെകജനങ്ങളെ പരസ്പരംകാണുമ്പൊൾ ആവിഷയത്തിൽ മനസ്സിന്ന ചഞ്ചലമുണ്ടായി വെറെ വിഷയങ്ങളിൽ ബുദ്ധിപ്രവെശിക്കുമെല്ലൊ ആയ്തുകൊണ്ട ആലയങ്ങൾ അപ്പൊഴും അനാവശ്യമല്ലയൊ?

(ഉത്തരം) 1-ാമത-ആലയത്തിൽ എകകാലത്തിൽ അനെകജനങ്ങൾ വരുന്നത ശരിതന്നെ എങ്കിലും, വരുന്നവർ എല്ലാവരും ദൈവത്തിന്റെ മുദ്രയായ വിഭൂതി, രുദ്രാക്ഷാദികളും, ദൈവസ്തൊത്രവും ഉള്ളവരായ്തുകൊണ്ട പരസ്പരം കാണുമ്പൊൾ ദൈവകാൎയ്യത്തിൽ ഓരൊരുത്തന്റെ ഭക്തിയും വൃദ്ധിയായി ഉജ്ജ്വിതപ്പെടുന്നതല്ലാതെ ആലയങ്ങളിൽ പ്രവെശിക്കുന്നവൎക്ക അന്യവിഷയത്തിൽ ബുദ്ധി പ്രവെശിച്ച മനസ്സ ചഞ്ചലപ്പെടുകയില്ലെന്നുള്ളത നിശ്ചയമാകുന്നു.

2-ാമത-പുണ്യസ്ഥലങ്ങളിൽ അറിവുള്ളവരും അറിവില്ലാത്തവരുമായ സകലജനങ്ങളുംകൂടി ശിവനെ അൻപൊടുകൂടി വഴിപാടചെയ്തു ഉജ്ജീവിപ്പാനായിട്ട വിധിപൊലെ ആലയങ്ങളെ കെട്ടി പ്രതിഷ്ഠചെയ്യുന്നത പുണ്യമാണെന്ന ഞങ്ങടെ വെദാഗമശാസ്ത്ര പുരാണെതിഹാസങ്ങളിൽ പറയപ്പെട്ടിരിക്കുന്നു.

3-ാമത-(പുറപ്പാടപുസ്തകം) 35-ാം അദ്ധ്യായം തുടങ്ങി 40-ാമദ്ധ്യായംവരെ, മൊശാ എന്നവൻ നിന്റെ ദൈവന്റെ കല്പന പ്രകാരം ഒരു ആലയത്തെ ഉണ്ടാക്കി പ്രതിഷ്ഠയെ ചെയ്തു എന്നപറയപ്പെട്ടിരിക്കുന്നു. (2 നാളാഗമം) 6-ാമദ്ധ്യായം 7 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ ഇസ്രായെലിന്റെ ദൈവമായ യഹൊവാവിന്ന ഒരു ഭവനത്തെ പണിയിക്കെണമെന്ന എന്റെ പിതാവായ ദാവീദിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു. യഹൊ

വാ എന്റെ പിതാവായ ദാവീദിനൊട എന്റെ നാമത്തിന്ന ഒരു ഭവനത്തെ പണിയിക്കെണമെന്ന നിന്റെഹൃദയത്തിൽ ഉണ്ടായിരുന്നതകൊണ്ട അത നിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നത നീ നന്നായിചെയ്തു. എന്നാലും നീ ആ ഭവനത്തെ പണിയിക്കാതെ നിന്റെ കടിപ്രദെശത്ത നിന്നുണ്ടാകുന്ന നിന്റെപുത്രൻ തന്നെ എന്റെ നാമത്തിന്ന ആ ഭവനത്തെ പണിയിക്കുമെന്ന പറഞ്ഞു. (1 രാജാക്കന്മാർ) 6-8 ഈ അദ്ധ്യായങ്ങളിൽ ശലൊമൊൻ എരുശലെമിൽ നിന്റെ ദൈവത്തിന്ന ഒരുഭവനത്തെകെട്ടി പ്രതിഷ്ഠയെചെയ്തുഎന്നും (എസ്രായുടെ പുസ്തകം) 6-ാം അദ്ധ്യായത്തിൽ ജറുസലെമിൽ നിന്റെ ദൈവന്റെ കല്പനപ്രകാരം ആലയം രണ്ടാമതുംകെട്ടി പ്രതിഷ്ഠചെയ്യപ്പെട്ടു എന്നും പറയപ്പെട്ടിരിക്കുന്നു.

൪-ാമത-ഇങ്ങിനെനിന്റെ ദൈവത്തിന്നും ആലയം കെട്ടി പ്രതിഷ്ഠചെയ്യുന്നത പുണ്യമാണെന്നും, അങ്ങിനെപലർ ചെയ്തുഎന്നും, നിന്റെ മതശാസ്ത്രത്തിൽതന്നെ പറഞ്ഞിരിക്കുന്നു. അതിനെ അറിഞ്ഞിരുന്നും ഞങ്ങൾഞങ്ങടെദൈവത്തിന്ന ആലയംകെട്ടി പ്രതിഷ്ഠയെചെയ്യുന്നത പുണ്യമാണെന്ന ഞങ്ങടെ ശാസ്ത്രങ്ങളാൽ തെളിഞ്ഞ അങ്ങിനെ ചെയ്യുന്നതും, അവിടെ എല്ലാവരുംകൂടി തൊഴുന്നതും, വൃഥാവെന്നു നീ പറയുന്നത ശരിയല്ല.

# ൫-ാമദ്ധ്യായം

## വിഗ്രഹാരാധനം.

൪൧. ചൊദ്യം. സർവ്വവ്യാപിയായിരിക്കുന്ന ദൈവത്തെ ആലയങ്ങളിൽ കയറി ഇരിക്കുന്ന വിഗ്രഹങ്ങളിൽ മാത്രം നിങ്ങൾ ആരാധനചെയ്യുന്നത ന്യായംതന്നെയൊ?

(ഉത്തരം) 1-ാമത-ഓരൊ മനുഷ്യനും ദൈവത്തിങ്കൽ വെച്ചിരിക്കുന്ന വിശ്വാസത്തെ പൂൎത്തിയാക്കുവാൻ ഉപചാരാദികൾ ചെയ്യുന്നതിന്നവെണ്ടി അതിന്ന അടയാളമായി വിഗ്രഹത്തിന്റെ അടുക്കൽ ആരാധനാദി വഴിപാടുകൾ ചെയ്യുന്നതും,

2-ാമത-ദൈവം സൎവ്വവ്യാപിയായാലും കണ്ണിൽകണ്ട പദാൎത്ഥങ്ങൾ പ്രത്യക്ഷമായി പല ഹീനപ്രവൃത്തികളിൽ ഉൾപ്പെടുന്നതകൊണ്ടും, അതുകളിൽ വിശ്വാസംവെച്ച ആരാധന ചെയ്യാൻ മനുഷ്യൎക്ക ഒരിക്കലും ഉറപ്പുവരാൻ പാടില്ലാത്തതകൊണ്ടും, ആലയങ്ങളിൽകയറി ഇരിക്കുന്ന ശിലമുതലായ വിഗ്രഹങ്ങൾ പരിശുദ്ധസ്ഥാനത്തെ വഹിച്ചിരിക്കുന്നതകൊണ്ടും, അതുകളിലും ദൈവം പരിപൂൎണ്ണനായി ഇരിക്കുന്നതുകൊണ്ടും, വിഗ്രഹാരാധനം ചെയ്യുന്നവൎക്ക അവരുടെ ഭക്തി വൃദ്ധിയായി അതിനാൽ ദൈവം അനുഗ്രഹിക്കും എന്നുള്ളതിൽ യാതൊരുസന്ദെഹവും ഇല്ല. (ദൃഷ്ടാന്തം) പാൽ, പശുവിന്റെശരീരം മുഴുവനും വ്യാപിച്ചിരുന്നാലും, അതിന്റെ കുട്ടിയെ കാണുമ്പൊൾ മുലവഴിയായി പാലിനെ തരുന്നതുപൊലെ, ഈശ്വരൻ സമസ്തപ്രപഞ്ചങ്ങളിലും നിറഞ്ഞിരുന്നാലും തന്നെവിശ്വസിച്ച ആരാധന ചെയ്യുന്ന ഭക്തന്മാരെ കാണുമ്പൊൾ, ആ ശില മുതലായ വിഗ്രഹദ്വാരെണ കൃപചെയ്യും എന്നുള്ളതിന്ന യാതൊരു വാദവും ഇല്ല.

45. ചൊദ്യം. ദൈവത്തിന്ന രൂപം ഇല്ലാതിരിക്കെ നിങ്ങൾ ശിലമുതലായ പലവിധ വിഗ്രഹങ്ങളെ ഉണ്ടാക്കി ആലയങ്ങളിൽവെച്ച അതുകളെ ദൈവമാണെന്ന വണങ്ങിവരുന്നതന്യായംതന്നെയൊ?

(ഉത്തരം) ദൈവംരൂപംഇല്ലാത്തവനായാലും, ജീവാത്മാക്കളുടെ നിമിത്തം പഞ്ചകൃത്യങ്ങൾചെയ്യുന്ന സമയത്തിലും, വെദങ്ങളെ ഉപദെശിപ്പാൻ സൽഗുരുവായി എഴുന്നരുളിയ സമയത്തിലും, ദെവകൾ, ഋഷികൾ മുതലായ ഭക്തന്മാരുടെ ധ്യാനാദികൾക്ക പ്രസന്നരായ സമയത്തിലും, ദൈവംശക്തികാ-

ഷ്യശരീരംകൊണ്ട ആവിർഭവിച്ചരൂപത്തെയും, ദൈവത്തിന്റെ കല്പനപ്രകാരം സ്വൎഗ്ഗവാസികളായ ദെവന്മാർ കാലംതൊറും രാമകൃഷ്ണമത്സ്യാദി അവതാരങ്ങൾ ചെയ്തു അനെക അത്ഭുതങ്ങളെ കാണിച്ചു, ദുഷ്ടന്മാരെ ഖണ്ഡിച്ചു, തങ്ങളെയുംതങ്ങടെ ദൈവമായ ശിവനെയും വിശ്വസിക്കുന്നജനങ്ങൾക്ക മൊക്ഷമാൎഗ്ഗത്തിന്ന വെണ്ടുന്ന ഉപദെശങ്ങളെകൊടുത്ത, ലൊകൊപകാരങ്ങളെ ചെയ്തുവന്ന, ദെവന്മാരുടെ രൂപങ്ങളെയും, ചരിത്രങ്ങളെയും, ജനങ്ങൾ എന്നുംമറക്കാതിരിപ്പാനും, ദൈവകാൎയ്യത്തിൽ പ്രത്യെകം ഒരുങ്ങിനില്പാനും അത്യനുകൂലമായിരിക്കുന്നതകൊണ്ട ശില മുതലായ വിഗ്രഹങ്ങളെ ആലയങ്ങളിൽവെച്ചു • ആരാധനചെയ്തു വണങ്ങുന്നത എറ്റവുംന്യായമുള്ളതാകുന്നു.

46. ചൊദ്യം ശിലമുതലായ്തുകളിൽ നിങ്ങളായിതന്നെ രൂപങ്ങളെ ഉണ്ടാക്കി അതുകൾ ദൈവമാണെന്നവെച്ച അതിന്റെസന്നിധിയിൽ വെണ്ടുന്ന വഴിപാടുകൾചെയ്തു നമസ്കരിക്കുന്നത നിങ്ങടെ അജ്ഞാനമല്ലയൊ?

(ഉത്തരം) 1–ാമത– ശിലമുതലായ്തുകളെകൊണ്ട വിഗ്രഹങ്ങളാക്കി ആലയങ്ങളിൽവെച്ചു വഴിപാടചെയ്തു വണങ്ങുന്നവർ ആ വിഗ്രഹങ്ങൾ ദൈവമാണെന്ന കരുതാതെ ദൈവചിഹ്നങ്ങളായിമാത്രം ഇരിക്കുന്നു എന്നും, ദൈവംവിഗ്രഹത്തിന്റെ അകത്തപരിപൂൎണ്ണനായി ഇരിക്കുന്നു എന്നും, കരുതി തങ്ങളുടെ ഭക്തിയെ വെളിവായികാണിച്ചു മനസ്സിന്ന ഉറപ്പുചെയ്തു കൊള്ളുന്നമെന്ന മെപ്പടി വിഗ്രഹാരാധന ചെയ്യുന്നതല്ലാതെ ശിലമുതലായവിഗ്രഹങ്ങൾ ദൈവമാണെന്നകരുതി ചെയ്യുന്നതല്ലന്ന അറിയെണ്ടതാകുന്നു.

2–ാമത ദൈവംഒരുവനുണ്ടെന്നും, അവനരുളിചെയ്തുവെദം ഇന്നതാണെന്നും, നൊം നിശ്ചയിച്ചിരിക്കുന്നതകൊണ്ട ഇനി ദൈവത്തെയും വെദത്തെയും കൂടി ബഹുമാനപ്പെടുത്തെണ്ടാ എന്നനിന്റെ മഹാവിവെകമുള്ളബുദ്ധിയിൽ തൊന്നി നാസ്തികനായി ഭവിക്കുമെന്നുള്ളതിൽ അണുമാത്രം സന്ദെഹപ്പെടുന്നില്ല.

47. ചൊദ്യം. ഒരു കല്ലിനെഎടുത്ത അമ്മിയും, പടിയുമാക്കി അതിന്റെമറെറാരു ഭാഗത്തെ ദൈവമായി ആലയങ്ങളിൽവെച്ചു പൂജിക്കുന്നതശരിതന്നെയൊ?

(ഉത്തരം) കാതിൽധരിക്കുന്ന കുണ്ഡലംമുതലായ്തുകളും, രാജാവിന്റെകിരീടവും, ഒരെപൊന്നുകൊണ്ടും, നവരത്നംകൊണ്ടും ചെയ്യപ്പെട്ടതായിരുന്നാലും, കുണ്ഡലംമുതലായഅന്യാഭരണാദികൾക്കില്ലാത്ത ഒരുനൂതനമഹത്വം രാജകിരീടത്തിന്നവന്നതപൊലെയും, ഒരെമരത്തിൽതന്നെ ചിലഭാഗംവിറകായി അടുപ്പിൽ തിക്കത്തിക്കയും, മറെറാരുഭാഗത്തിനാലുണ്ടാക്കിയ സിംഹാസനത്തിന്ന ഒരുനൂതനമഹത്വം ഉണ്ടായതപൊലെയും, മെൽചൊദിച്ചകല്ലുകളും ദൈവചിഹ്നങ്ങളായി ആലയങ്ങളിൽ കയറി അഭിഷെകാദിസ്ഥാനക്രിയാവിശെഷം പെററിരിക്കുന്നതകൊണ്ട ആചാരാദിഭയഭക്തിയൊടുകൂടെ വണങ്ങിവരുന്നതശരിയായിട്ടുള്ള ഉത്തമക്രിയകളാകുന്നു.

48. ചൊദ്യം. നിങ്ങൾവെച്ചുപൂജിക്കുന്നവിഗ്രഹങ്ങളിൽ ദൈവംപരിപൂർണ്ണനായിരിക്കുന്നെങ്കിൽ ആവിഗ്രഹങ്ങൾ നിങ്ങളൊടസംസാരിക്കെണ്ടതും, നിങ്ങൾചെയ്യുന്നക്രിയകളെ കണ്ണുകൊണ്ടകാണെണ്ടതും, രഥങ്ങളിൽ നിങ്ങൾഎടുത്ത കയററാതെതാനെചെന്നകയറെണ്ടതും, ആതെർമനുഷ്യന്റെ പ്രയത്നംകൂടാതെദൈവശക്തികൊണ്ടനടക്കെണ്ടതുമാണ? അങ്ങിനെഇല്ലാത്തവിഗ്രഹങ്ങളെ ദൈവമാണെന്ന പൂജിക്കുന്നതനിങ്ങടെഅജ്ഞാനമല്ലയൊ?

(ഉത്തരം) 1–ാമത–സർവ്വസാക്ഷിയായിരിക്കുന്ന ഈശ്വരന്റെ അടുക്കൽ ഞങ്ങടെഭക്തിയെ മനം, വാക്ക, ക്രിയകൊണ്ട വെളിവായി കാണിച്ച നിത്യസാമ്രാജ്യത്തെ അടയെണമെന്നല്ലാതെ വിഗ്രഹങ്ങൾഞങ്ങളൊടസംസാരിക്കണമെന്നൊ, അതുകൾതാനായിനടന്നരഥത്തിൽകയറിനടത്തിക്കണമെന്നൊ,കരുതിപൂജിക്കുന്നതല്ല.

2–ാമത ഇപ്രകാരം യാതൊരുമതക്കാരെങ്കിലും അവരവർ വിശ്വസിച്ച തൊഴുതുവരുന്നയാതൊരുദൈവമെങ്കിലും; പ്ര

ത്യക്ഷമായിനടന്നുവന്ന സംസാരിക്കുന്നു എന്ന ഏതദേശത്തിലും കണ്ടിട്ടും കേട്ടിട്ടുമില്ല.

3-ാമത-നിശ്ചം ആകാശത്തെമേല്പട്ടനോക്കി നിന്റെദൈവത്തെ മനം, വാക്ക, കായങ്ങൾകൊണ്ട വണങ്ങുമ്പോൾ നിന്റെ ദൈവം ചെവികൊണ്ട കെട്ടു, നിന്റെ അടുക്കൽവന്ന സംസാരിക്കാത്തതകൊണ്ട ഇതവരെ നീ വിശ്വസിച്ചുവന്നിരുന്ന കിരിസ്തുവെ ദൈവമല്ലെന്ന ത്യജിച്ചുകളയുമെന്ന തൊന്നുന്നതിന്ന ലേശംപൊലും സംശയമില്ല.

4-ാമത-ദൈവംശിലമുതലായ വിഗ്രഹങ്ങളിലുംപരിപൂർണ്ണനായിരിക്കുന്നതകൊണ്ട ഞങ്ങടെ ഉപചാരാദികളെ ഏററ ഞങ്ങളെ അനുഗ്രഹിക്കുംഎന്നും, ആയ്തുകൊണ്ടഞങ്ങൾ ആരാധിച്ചുവരുന്നവിഗ്രഹംസംസാരിക്കെണമെന്നും, രഥത്തിൽതാനായികയറി മനുഷ്യസഹായംകൂടാതെ നടത്തിക്കെണമെന്നും ആവശ്യമില്ല. അങ്ങിനെ ഇല്ലാത്തതുകൊണ്ട വിഗ്രഹാരാധന ചെയ്യുന്നത ശരിയല്ലെന്നു നീ ചോദിക്കുന്നതും, ക്രമമല്ലാത്തതാകുന്നു. ആയ്തുകൊണ്ട ഒരം വിധഅയുക്തിവാദങ്ങളെ വിട്ടു, വിഗ്രഹാരാധനചെയ്യുന്നത അറിവുള്ളവരുടെ പ്രവൃത്തിയാണെന്ന വിശ്വസിക്കേണ്ടതാകുന്നു.

49. ചോദ്യം. നിങ്ങടെ വേദാഗമശാസ്ത്രപുരാണഇതിഹാസങ്ങളിൽതന്നെ ഒരാ വിധവിഗ്രഹാരാധനചെയ്യുന്നത തെററാണെന്നും, നിഷ്ഫലമാണെന്നും പറഞ്ഞിരിക്കെ അതിന്ന വിരോധമായി മേല്പടി വിഗ്രഹാരാധനംചെയ്യുന്നത തെററായിട്ടുള്ളതല്ലയൊ?

(ഉത്തരം) 1-ാമത- ഞങ്ങടെ വേദാഗമശാസ്ത്രപുരാണഇതിഹാസങ്ങളിൽ ശിലമുതലായവിഗ്രഹങ്ങളെ ഉണ്ടാക്കിആലയങ്ങളിൽവെച്ചു വിശ്വാസത്തൊടും, ആചാരഭയഭക്തിയൊടും ആരാധനചെയ്യെണമെന്ന ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. എന്നാൽവിശ്വാസംഇല്ലാതെയും, ഡംഭാർത്ഥമായുംചെയ്യുന്ന വിഗ്രഹാരാധനംതെററാണെന്നും അധികാരതാരതമ്യംപൊലെ ചെയ്യാത്തത നിഷ്ഫലമാണെന്നും പറഞ്ഞിരിക്കുന്നതല്ലാതെ വി

ഗ്രഹാരാധനം ആൎക്കും ചെയ്യേണ്ടാ എന്ന പറഞ്ഞിട്ടില്ല.

2-ാമത– ഞങ്ങടെ വേദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളെ അല്പമെങ്കിലും വായിച്ചറിയാതെ ഇതിൽനിന്ന ഭ്രഷ്ടരായ ചിലരുടെ അടുക്കൽനിന്ന ഒന്നരണ്ട ശ്ലോകത്തെമാത്രം എഴുതി പാഠംചെയ്തുംകൊണ്ട ഞങ്ങളെ നൊക്കി വിഗ്രഹാരാധനംചെയ്യുന്നതശരിയല്ലെന്ന നിദൂഷിക്കുന്നത ഒരിക്കലുംന്യായമല്ല.

3-ാമത–(പുറപ്പാടപുസ്തകം) 25-ാംഅദ്ധ്യായത്തിൽ യഹോവാമോശയൊടശിത്തീംമരംകൊണ്ട ഒരുപെട്ടിയെ ഉണ്ടാക്കെണം അതിനെ മുഴുവനും ശുദ്ധപൊൻതകിടുകൊണ്ട പൊതിയെണം അതിന്റെമീതെ ശുദ്ധപൊൻകൊണ്ട കൃപാസനത്തെയും ഉണ്ടാക്കി ആ കൃപാസനത്തിന്റെ രണ്ടോരങ്ങളിലും പൊന്നകൊണ്ട രണ്ടുകെരുബികളെന്ന വിഗ്രഹങ്ങളെ ഉണ്ടാക്കി ആ പെട്ടിക്കകത്ത താൻ എഴുതികൊടുത്ത സാക്ഷിപത്രത്തെ വെച്ച എപ്പോഴും ആരാധനചെയ്യാനായി വിധിച്ചുഎന്ന പറയപ്പെട്ടിരിക്കുന്നു. (മെപ്പടി) 35, 36, 37, 40-ം അദ്ധ്യായങ്ങളിൽ യഹോവാവിധിച്ചപ്രകാരംമോശ ഒരു ആവസത്തെ ഉണ്ടാക്കി പെട്ടിയും കൃപാസനവും, കെരുബികളെന്ന വിഗ്രഹങ്ങളുംചെയ്തു പെട്ടിക്കകത്ത സാക്ഷിപത്രത്തെവെച്ച പ്രതിഷ്ഠചെയ്തു എന്നും അന്നുതുടങ്ങി ആ പെട്ടകത്തിന്ന ആരാധനചെയ്തുവന്നു എന്നും അതിന്ന ആചാൎയ്യന്മാരായിട്ട, അഹരൊനെയും അവന്റെ സന്തതികളെയും തലമുറതൊറും നിയമിപ്പാൻ വിധിച്ചു എന്നും ആ ആചാൎയ്യന്മാർ ചെയ്യു ആരാധനക്ക യഹൊവ സന്തോഷിച്ച അനുഗ്രഹംചെയ്തുവന്നുഎന്നും പറയപ്പെട്ടിരിക്കുന്നു. (പുറപ്പാടപുസ്തകം) 25-ാംഅദ്ധ്യായം 22-ാമത്തെ വാക്യത്തിൽ കൃപാസനത്തിന്റെമേൽനിന്നും സാക്ഷിയുടെ പെട്ടിയുടെ മെൽനിൽക്കുന്ന 2 കെരുബികളുടെനടുവിൽനിന്നും ഇസ്രായെൽ മക്കൾക്കായി ഞാൻനിന്നൊട കല്പിപ്പാൻഇരിക്കുന്ന സകലകാൎയ്യങ്ങളെയുംകുറിച്ച നിന്നൊട സംസാരിക്കുകയും ചെയ്യും (എന്ന യഹോവാപറഞ്ഞു) (സംഖ്യാപുസ്തകം) 7-ാമദ്ധ്യായം 89-ാമതവാക്യത്തിൽ മോശ അവനോട സംസാരിപ്പാനായിട്ട

സഭയിൽ കൂടാരത്തിൽ പ്രവേശിച്ചപ്പോൾ സാക്ഷിയുടെപെ
ട്ടകത്തിന മെലുള്ള കൃപാസനത്തിങ്കൽനിന്ന രണ്ടുകെരുബിക
ളുടെനടുവിൽനിന്ന തന്നോടസംസാരിക്കുന്ന ഒരുത്തന്റെ ശ
ബ്ദത്തെ അവൻകെട്ടു. അവൻ അവനോട സംസാരിക്കയും
ചെയ്തു. (2ശമുയെൽ) 6-ാമദ്ധ്യായം 2-ാമതവാക്യത്തിൽ കെ
രുബികളുടെനടുവിൽ വസിക്കുന്ന സൈന്യങ്ങളുടെ യഹോ
വായുടെ നാമമാകുന്ന നാമത്തിൽ അപേക്ഷിക്കപ്പെടുന്നതായു
ള്ള ദൈവത്തിന്റെ പെട്ടകത്തെ (സങ്കീൎത്തനം) 80-ാമദ്ധ്യാ
യം 1-ാമതവാക്യത്തിൽ കെരുബികളുടെ നടുവിൽ വസിക്കു
ന്നവനെപ്രകാശിക്കേണമെ! (മെപ്പടി) 99-ാമദ്ധ്യായം 1-ാമ
തവാക്യത്തിൽ യഹോവാ രാജ്യപരിപാലനം ചെയ്യുന്നു. ജന
ങ്ങൾ നടുങ്ങുമാറാകട്ടെ! അവൻകെരുബികളുടെ നടുവിൽ വ
സിക്കുന്നു (സംഖ്യാപുസ്തകം) 16-ാമദ്ധ്യായം 46 മുതൽ 48 വ
രെയുള്ള വാക്യങ്ങളിൽ ഒരുദിവസം യഹൂദന്മാരിൽവളരെജന
ങ്ങൾക്ക ഝടിതിയായി ഒരു ബാധ സംഭവിച്ചപ്പോൾ, അഹ
രോൻ ശീഘ്രമായിഓടിപ്പോയി, ആപെട്ടകത്തിന ധൂപംകാട്ടി
ആരാധനചെയ്യുതകൊണ്ടു ആ ബാധ നിറുത്തപ്പെട്ടു എന്ന പ
റയപ്പെട്ടിരിക്കുന്നു. (യോശുവാ) 3-ാമദ്ധ്യായം 2 മുതൽ 4 വ
രെ ഉള്ള വാക്യങ്ങളിൽ പ്രമാണികൾ പാളയത്തിൽകൂടികടന്ന
അവർ ജനങ്ങളോട കല്പിച്ചത എന്തെന്നാൽ, നിങ്ങൾനിങ്ങ
ളുടെ ദൈവമായ യഹോവായുടെ ഉഭയസമ്മതത്തിന്റെ പെ
ട്ടകത്തെയും അതിനെ ചുമക്കുന്ന ലേവിയക്കാരായ ആചാൎയ്യ
ന്മാരെയും കാണുമ്പോൾ നിങ്ങളുടെ സ്ഥലത്തനിന്ന നിങ്ങ
ൾപുറപ്പെട്ടു അതിന്റെ പിന്നാലെ പൊകെണം. എങ്കിലും
നിങ്ങൾക്കും അതിന്നും ഇടയിൽ രണ്ടായിരം മുളം അകലം ഉ
ണ്ടായിരിക്കേണം. നിങ്ങൾ പോകെണ്ടുന്ന വഴിയെ അറി
യേണ്ടുന്നതിന്ന അതിന്റെ അടുക്കൽ വരരുത. എന്തുകൊ
ണ്ടെന്നാൽ; നിങ്ങൾ മുമ്പെ ഈ വഴിയെ കടന്നിട്ടില്ല എന്ന
കല്പിച്ചു. (മെപ്പടി) 3-ാമദ്ധ്യായം 11 മുതൽ 17 വരെ ഉള്ള
വാക്യങ്ങളിൽ ഇസ്രായെലർ കനാൻദെശത്തിലെക്ക പൊകു

മ്പൊൾ വളരെ പ്രവാഹിക്കുന്ന യൊർദാൻ നദിയെ ചെന്ന ഉ
ടനെ ആചാൎയ്യന്മാർ സാക്ഷിപ്പെട്ടകത്തെ കൊണ്ട ഇറങ്ങിയ
പ്പൊൾ ആനദി രണ്ടായി പിരിഞ്ഞ വഴികൊടുത്തു എന്നും സമ
സ്തജനങ്ങളും യൊർദാനെ കടന്നതീരുന്നവരെ ആചാൎയ്യന്മാർ ആ
പെട്ടകത്തെ ചുമന്നുംകൊണ്ട ആനദിയുടെ മദ്ധ്യത്തിൽ നിന്നു
എന്നും പറയപ്പെട്ടിരിക്കുന്നു. (മെപ്പടി) 6-ാമദ്ധ്യായത്തിൽ,
യഹൊവാ വിധിച്ചപ്രകാരം ആചാൎയ്യന്മാർ സാക്ഷിപ്പെട്ടക
ത്തെ ചുമന്നുംകൊണ്ട യെറിഹൊനഗരത്തെ പ്രദക്ഷിണമായി
ചുററിവന്നതിനാൽ ആനഗരത്തിന്റെ മതിലുകൾ ഇടിഞ്ഞ
താഴെ വീണു എന്ന പറയപ്പെട്ടിരിക്കുന്നു. (മെപ്പടി) 7-ാമ
ദ്ധ്യായത്തിൽ ഒരു ദിവസം ഇസ്രായെൽ ജനങ്ങൾ യുദ്ധത്തിൽ
ശത്രുക്കൾക്ക തൊററ ഓടിപ്പോയതകൊണ്ട യൊശുവാ മുത
ലായ ജനങ്ങൾ വളരെ വ്യസനിച്ച യഹൊവായുടെ പെട്ടകത്തി
ന്മുമ്പാകെ സാഷ്ടാംഗമായി നിലത്തിൽ വീണ സന്ധ്യവരെ
കിടന്ന ശത്രുക്കളെ ജയിപ്പാൻ വരം പെററു എന്ന പറയപ്പെട്ടി
രിക്കുന്നു. (1 ശമുയെൽ) 5-ം 6-ം അദ്ധ്യായങ്ങളിൽ ഒരു പ്രാവ
ശ്യം ആസാക്ഷിപ്പെട്ടകത്തെ ഇസ്രായെൽകാരുടെ ശത്രുക്കൾ
എടുത്തകൊണ്ടുപോയി തങ്ങടെ ദെവാലയത്തിൽ വെച്ചപ്പൊൾ
അവിടെ ഇരുന്ന വിഗ്രഹം ആപെട്ടിക്ക മുമ്പാകെ വീണതല
വെറെ കൈവെറായിട്ട മുറിക്കപ്പെട്ടകിടന്നു എന്നും ആനാട്ടുക
ളൊക്കെയും മൂലവ്യാധികൊണ്ട ബാധിക്കപ്പെട്ടു എന്നും ആയു
കൊണ്ട അവർ ആപെട്ടകത്തെ തിരികെ ഇസ്രായെൽക്കാരുടെ
അടുക്കൽ അയച്ചുകളഞ്ഞു എന്നും, പറയപ്പെട്ടിരിക്കുന്നു (2.
ശമുയെൽ) 6-ാമദ്ധ്യായത്തിൽ ആപെട്ടകത്തെ ദാവീദ 30000
പെരൊടുകൂടിപ്പൊയി ഒരു പുതിയരഥത്തിന്മെൽ കയററികൊ
ണ്ടുവരുമ്പൊൾ കാളകൾ ആപെട്ടകത്തെ എളക്കിയതകൊണ്ട
ആരഥത്തെ, സാരഥ്യംചെയ്യു, ഉസ്സാ, അഹിയൊ എന്ന ഈ
രണ്ടാളുകളിൽ ഉസ്സാ, തന്റെ കയ്യിനെ നീട്ടി അതിനെ പിടിച്ചു
എന്നും, അതുകൊണ്ട യഹൊവാ അവനെ കൊപിച്ച കൊന്നു
കളഞ്ഞു എന്നും, അതിനെ കണ്ട ദാവീദ ഭയപ്പെട്ട യഹൊവായു

ടെപെട്ടകം എന്റെ അട്ടുക്കൽവരുന്നത എങ്ങിനെ എന്ന പറഞ്ഞു, അതിനെ തന്റെ അട്ടുക്കൽ കൊണ്ടുവരാൻ ഇച്ശിയാതെ ഗിത്തിയക്കാരനായ, ഒബെദഎദൊമിന്റെ ഭവനത്തിലെക്ക നീക്കിവെച്ചു എന്നും, ആപെട്ടകം അവരുടെ ഭവനത്തിൽ 3 മാസം ഇരുന്നു എന്നും, അതനിമിത്തം (യഹൊവാ) ഒബെദഎദൊമിനെയും അവന്റെ കുഡുംബത്തെയും അവനുള്ള സകലത്തെയും അനുഗ്രഹിച്ചു എന്നും, ദാവീദ, അതിനെ അറിഞ്ഞ പൊയി, ആപെട്ടകത്തെ തന്റെ പട്ടണത്തിലെക്ക കൊണ്ടുവന്നവെച്ചു, ബലികൊടുത്ത ആരാധനചെയ്തു എന്നും പറയപ്പെട്ടിരിക്കുന്നു. (1 രാജാക്കന്മാർ) 6–8–ം അദ്ധ്യായങ്ങളിൽ ദാവീദിന്റെ കുമാരനായ ശലൊമൊൻ ജറുശലെമിൽ ഒരു ആലയം കെട്ടി, അതിൽ ആപെട്ടകത്തെ വെച്ചു പ്രതിഷ്ഠചെയ്തു, അനെകം ആട്ടുമാട്ടുകളെ ബലികൊടുത്ത ആരാധനചെയ്തു എന്ന പറയപ്പെട്ടിരിക്കുന്നു.

4–ാമത–ഇങ്ങിനെ നിന്റെ മതശാസ്ത്രത്തിൽ നിന്റെ ദൈവനായ യഹൊവാ സാക്ഷിപെട്ടകത്തെയും അതിന്റെ രണ്ടുഭാഗത്തിലും രണ്ടു ഖെരുബുകളെയും വെച്ചു ആരാധനചെയ്വാനായി വിധിച്ചു എന്നും അപ്രകാരം മൊശമുതലായവർ ചെയ്തു എന്നും, യഹൊവാ ആപെട്ടകത്തിൽ പ്രസന്നനായി അനുഗ്രഹം ചെയ്തു എന്നും, ആപെട്ടകത്തെ നിന്ദ്യംചെയ്തവരെ ദണ്ഡിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. അതുകൾകണ്ടുംകൊണ്ടും ഗൊതുമ്പപ്പത്തെയും ദ്രാക്ഷാരസത്തെയും, നിന്റെ ദൈവനായ കിരിസ്തുവിന്റെ ശരീരവും രക്തവുമാണെന്ന അവകൾക്ക അടയാളമാണെന്ന ഭാവിച്ചു രക്ഷിക്കേണമെന്ന (പുതിയനിയമത്തിൽ) വിധിച്ചപ്രകാരം ചെയ്തുകൊണ്ടും ഞങ്ങളെ ശിലമുതലായ വിഗ്രഹങ്ങളെ വണങ്ങുന്ന അജ്ഞാനികളെന്നും, ദൈവത്തിന്ന ചെയ്യെണ്ടതായ വഴിപാടുകളെ അറിവില്ലാത്ത വിഗ്രഹങ്ങൾക്ക ചെയ്യുന്ന പാപികളെന്നും, ദുഷിക്കുന്നത നിന്റെ മനൊവിഭ്രമമാകുന്നു.

# ൭ാമദ്ധ്യായം

അഭിഷെകം.

50. ചൊദ്യം. വളരെദ്രവ്യം ശിലവചെയ്തു അനെക പദാൎത്ഥങ്ങളെക്കൊണ്ടശിലമുതലായവിഗ്രഹങ്ങളുടെമീതെ അഭിഷെകംചെയ്യുന്നതും, ആപദാൎത്ഥങ്ങളെ ആൎക്കുംപ്രയൊജനപ്പെടാതെ വെറുതെകളയുന്നതും,നിങ്ങടെബുദ്ധിഹീനതയല്ലയൊ?

(ഉത്തരം) 1–ാമത, ഒരൊ മനുഷ്യനും ദൈവത്തിന്റെ അടുക്കൽവെച്ചിരിക്കുന്നവിശ്വാസത്തെ വിഗ്രഹമൂലം വെളിവായി കാണിക്കുന്ന ക്രമങ്ങളെ സാക്ഷിയായിരിക്കുന്ന ഈശ്വരൻ ഏററ പൂൎണ്ണമാക്കിനിത്യസാമ്രാജ്യത്തെ കൊടുക്കുമെങ്കിൽ ശിലമുതലായവിഗ്രഹങ്ങൾമൂലം ഞങ്ങൾചെയ്യുന്ന അഭിഷെകാദിവഴിപാടുകൾ ബുദ്ധിഹീനതകൊണ്ട ചെയ്യുന്നതാണെന്നൊരിക്കലുംപറയാമൊ.

2–ാമത ഭക്തന്മാർ ചെയ്യുന്ന വഴിപാടുകളെ തനിക്കെന്നകരുതാതെ വിഗ്രങ്ങൾക്കാണെന്ന കരുതാൻ ദൈവം മതിമയക്കം ഉള്ളവനല്ല.

3--ാമത– ഞങ്ങളുടെവെദാഗമശാസ്ത്രപുരാണെതിഹാസങ്ങളിൽവിധിച്ചപ്രകാരം എണ്ണ, പാൽ, തയിർ; നെയ്യ, തെൻ, ഇളനീർമുതലായവകളെകൊണ്ട ശിലമുതലായ വിഗ്രഹങ്ങൾക്ക അഭിഷെകംചെയ്യുന്നത അജ്ഞാനമാണെന്നും, നിഷ്ഫലമാണെന്നും പറഞ്ഞുനിദൂഷിക്കുന്നതൊരിക്കലുംശരിയല്ല.

4–ാമത– (പുറപ്പാടപുസ്തകം) 30–ാമദ്ധ്യായം 22മുതൽ 33വരെ ഉള്ളവാക്യങ്ങളിൽ, യഹൊവാ, മൊശയൊട ശുദ്ധസ്ഥലത്തിലെശെക്കലിൻപ്രകാരം, ശുദ്ധമൂരിൽ 500 ശെക്കലിനെയും, സുഗന്ധമുള്ള കറുവാതൊലിയിൽ, അതിൽപാതിയാകുന്ന ഇരുനൂററമ്പതശെക്കലിനെയും, സുഗന്ധവയമ്പിൽ, ഇരുനൂ

ററപ്പതശെക്കലിനെയും, പഴനത്തൊലിയിൽ, അഞ്ഞൂറശെക്കലിനെയും ഒലിവ എണ്ണയിൽ, ഒരുഹിന്നിനെയും എടുത്തഅതിനെതൈലക്കാരന്റെ പ്രവൃത്തിയായിചെയ്യപ്പെട്ട തൈലമായി ശുദ്ധതൈലമാക്കെണം, അതശുദ്ധമുള്ള അഭിഷെക തൈലമായിരിക്കെണം, അതിനാൽനീസഭയിൽ കൂടാരത്തെയും, സാക്ഷിയുടെപെട്ടകത്തെയും, മെശയെയും, അതിന്റെസകല ഉപകരണങ്ങളെയും, കവരവിളക്കിനെയും, അതിന്റെ ഉപകരണങ്ങളെയും, ധൂപപീഠത്തെയും, ഹൊമബലി പീഠത്തെയും, അതിന്റെ സകല ഉപകരണങ്ങളെയും, തൊട്ടിയെയും, അതിന്റെ കാലിനെയും, അഭിഷെകംചെയ്യെണം, അവമഹാശുദ്ധമുള്ളവയായിരിക്കെണ്ടുന്നതിന്ന അവയെ ശുദ്ധീകരിക്കെണം, അവയെ തൊടുന്നതൊക്കെയും ശുദ്ധമുള്ളതായിരിക്കെണം, നീഅഹരൊനെയും അവന്റെപുത്രന്മാരെയും, ഇനിക്കആചാര്യസ്ഥാനത്തശുശ്രൂഷചെയ്യെണ്ടുന്നതിന്നഅഭിഷെകം ചെയ്തഅവരെ ശുദ്ധീകരിക്കെണം, ഇസ്രായെൽമക്കളൊടനീസംസാരിച്ച പറയെണ്ടുന്നതഎന്തെന്നാൽ, ഇതനിങ്ങളുടെതലമുറകളിൽ ഇനിക്കശുദ്ധമുള്ള അഭിഷെകതൈലം ആയിരിക്കെണം, അതമനുഷ്യന്റെ മാംസത്തിന്മെൽ ഒഴിക്കപ്പെടരുത, അതിന്റെയൊഗകൂട്ടിൻപ്രകാരം അതുപൊലെയുള്ളതിനെനിങ്ങൾ ഉണ്ടാക്കുകയും അരുത, അതശുദ്ധമുള്ളതാകുന്നു. അതനിങ്ങൾക്ക ശുദ്ധമുള്ളതാകുന്നു. അതനിങ്ങൾക്കശുദ്ധമുള്ളതായിരിക്കെണം, അതപൊലെയുള്ളതൈലത്തെകൂട്ടുന്നവനും അതിൽനിന്നഅന്യന്റെമെൽഇടുന്നവനും, തന്റെജനങ്ങളിൽനിന്ന ഛെദിക്കപ്പെടെണം നിശ്ചയം.

5-ാമത—ഇങ്ങിനെനിന്റെമതശാസ്ത്രത്തിൽഅഭിഷെകംവിധിക്കപ്പെട്ടിരിക്കുന്നതിനെകണ്ടും കാണാതവനെപൊലെനിങ്ങൾഅഭിഷെകം ചെയ്യുന്നതിനെകണ്ടശിലമുതലായ വിഗ്രഹങ്ങൾക്കഅഭിഷെകം ചെയ്യുന്നതകൊണ്ട പ്രയൊജനമില്ലെന്ന പറയുന്നതനീതിയല്ല.

# ൯-ാമദ്ധ്യായം

## നൈവെദ്യം.

51. ചൊദ്യം. അനെകപദാൎത്ഥങ്ങളെകൊണ്ടശിലമുതലായവിഗ്രഹങ്ങൾക്ക നൈവെദ്യം ചെയ്യുന്നുവെല്ലൊ അതുകളെ ആവിഗ്രഹങ്ങൾ ഭക്ഷിക്കുന്നുണ്ടൊ പിന്നെ നിങ്ങൾ ചെയ്യുന്നതആവശ്യമില്ലാത്തതല്ലയൊ?.

(ഉത്തരം) 1-ാമത- എത മനുഷ്യനും വിഗ്രഹങ്ങൾക്ക നൈവെദ്യംചെയ്യുന്നില്ല.

2-ാമത-പരിപൂൎണ്ണനായിരിക്കുന്ന ഈശ്വരന്റെ അടുക്കൽ ഓരൊരുത്തനുംവെച്ചിരിക്കുന്നഭക്തിയെ ദൈവചിഹ്നങ്ങളായിരിക്കുന്ന വിഗ്രഹമൂലം വെളിവായികാണിക്കുന്ന ഉപചാരങ്ങളല്ലാതെ, നൈവെദ്യാദികളെ ഈശ്വരൻ ഭക്ഷിക്കുമെന്നൊ ഭക്ഷിക്കെണമെന്നൊ, കരുതിചെയ്യുന്നതല്ല.

3-ാമത-സൎവ്വെശ്വരൻ നാംചെയ്യുന്ന നൈവെദ്യാദികളെ ഭക്ഷിച്ചുഉപജീവിക്കുന്നവനുമല്ല.

4-ാമത- ഞങ്ങളുടെവെദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളിൽ വിധിച്ചിട്ടുള്ള പ്രകാരം ദൈവത്തിന്ന അന്നം, പാൽ, പഴം, മൊദകംമുതലായ്തുകളെ നൈവെദ്യം ചെയ്യുന്നത ആവശ്യമായിട്ടുള്ള പുണ്യങ്ങളാകുന്നു.

5-ാമത- (പുറപ്പാടപുസ്തകം) 25-ാം അദ്ധ്യായം 30-ാമതവാക്യത്തിൽമെശയുടെ മെൽഎപ്പൊഴും എന്റെമുമ്പാകെ കാഴ്ചയപ്പങ്ങളെ നീവെക്കയും വെണം (സംഖ്യാപുസ്തകം) 6-ാ മദ്ധ്യായം 14മുതൽ 17വരെയുള്ളവാക്യങ്ങളിൽ ഹൊമബലിക്കായിട്ട ഒരുവയസ്സായ ഊനമില്ലാത്ത ഒരുആണാട്ടിൻകുട്ടിയെയും, പാപബലിക്കായിട്ട ഒരുവയസ്സായ പെണ്ണാട്ടിൻകുട്ടിയെയും സമാധാനബലിക്കായിട്ട ഊനമില്ലാത്തഒരു ആട്ടിൻ കൊറ്റനെ

യും ഒരു കൊട്ട പുളിപ്പില്ലാത്ത അപ്പങ്ങളെയും എണ്ണയിൽ കുഴച്ച നേരിയമാവുകൊണ്ടുള്ള ദോശകളേയും, എണ്ണ പിരട്ടി പുളിപ്പില്ലാത്ത അപ്പമാകുന്ന അടകളേയും, അവയുടെ ആഹാരബലിയേയും, അവയുടെപാനീയബെലികളേയും കഴിക്കേണം. ആചാൎയ്യൻ അവയെ യഹോവായുടെ മുമ്പാകെ കൊണ്ടുവന്ന അവൻെറ പാപബെലിയെയും, അവൻെറ ഹോമബെലിയേയും കഴിക്കേണം. ആട്ടിൻകൊററനെ ആ കൊട്ടയിലെ പുളിപ്പില്ലാത്ത അപ്പത്തോടുകൂടെഅവൻ, യഹോവായിക്ക സമാധാനബെലിയായികഴിക്കേണം. ആചാൎയ്യൻ അവൻെറ ആഹാരബെലിയേയും, അവൻെറ പാനീയബെലിയേയും കൂടെ കഴിക്കേണം (ലേവിയപുസ്തകം) 24-ാം അദ്ധ്യായം 5 മുതൽ 9 വരെഉള്ളവാക്യങ്ങളിൽ നീ നേരിയ മാവിനെ എടുത്ത അതിനെ 12 അപ്പങ്ങളായിട്ട ചുടേണം. ഒരൊഅപ്പംപറയിൽപത്തിൽരണ്ടുപങ്കു പൊടികൊണ്ടആയിരിക്കേണം. അവയെനീയഹൊവായുടെ മുമ്പാകെ ശുദ്ധമുള്ള മേശയിന്മെൽ രണ്ട നിരയായിട്ട ഓരൊ നിരയിൽ ആറാറായിവെക്കേണം. ഓരൊ നിരയുടെമെൽ നീ നിൎമ്മലസാമ്പ്രാണിയെ വെക്കേണം. അത യഹൊവായിക്ക ദഹനബെലി എന്ന ഒരു ഓൎമ്മക്കായിട്ട അപ്പത്തിന്മെൽ ആയിരിക്കേണം. അവൻ അതിനെ നിത്യനിയമമായിട്ട ഇസ്രായെൽ മക്കളിൽനിന്ന വാങ്ങി സ്വസ്ഥദിവസംതൊറും യഹോവായുടെമുമ്പാകെ എപ്പൊഴുംഅടുക്കിവെക്കേണം. അത അഹരൊനും അവൻെറപുത്രന്മാൎക്കും ഉള്ളതായിരിക്കേണം. അതിനെ അവർ ശുദ്ധസ്ഥലത്തവെച്ച ഭക്ഷിക്കയുംവെണം. എന്തെന്നാൽ അത യഹൊവായുടെ ദഹനബെലികളിൽ അവന്നനിത്യകല്പനയാൽ മഹാശുദ്ധമാകുന്നു. ഇനിയും നൈവെദ്യത്തെപററി (പുറപ്പാടപുസ്തകം) 29-ാം അദ്ധ്യായത്തിലും (ലെവിയപുസ്തകം) 2-3-4-ാം അദ്ധ്യായങ്ങളിലും, അന്യഘട്ടങ്ങളിലും, വിസ്തരിച്ച പറയപ്പെട്ടിരിക്കുന്നു. ഇവിടെ എടുത്തപറയുന്നതായിരുന്നാൽ ഗ്രന്ഥവിസ്തീൎണ്ണമാകും.

6-ാമത-ഇങ്ങിനെ നിൻെറ മതശാസ്ത്രത്തിലും നൈവെദ്യം

വിധിക്കപ്പെട്ടിരിക്കുന്നതിനെ നീ കണ്ടിരുന്നും ഞങ്ങൾ ഞങ്ങ ടെ ദൈവത്തിന്ന നൈവെദ്യംചെയ്യുന്നതിനെനൊക്കി നിങ്ങൾ അന്നം, പഴം, മുതലായ്യുകളെ വിഗ്രഹങ്ങൾക്ക മുമ്പെ സമൎപ്പിക്കുന്നുവെല്ലൊ ആയ്യ അവകളെ ഭക്ഷിക്കുമൊ എന്നദൃഷ്ടിക്കുന്നു. ഇതുകൊണ്ട പൂൎവ്വകാലത്തിലെ നിന്റെ യഹോവാവെ ശപ്പകൊണ്ട തന്റെമുമ്പിൽപടച്ച പദാൎത്ഥങ്ങളെ ഉണ്ടു എന്നുള്ളത നിന്റെ വിചാരം എന്നതോന്നുന്നു.

---

# ൯-ാമദ്ധ്യായം

## ധൂപദീപം.

52. ചോദ്യം. നിങ്ങൾ ശിലമുതലായ വിഗ്രഹങ്ങളുടെ അടുക്കൽ അതിസുഗന്ധവാസനയുള്ള ധൂപങ്ങളെയും പഞ്ചാലത്തിമുതലായ ദീപങ്ങളെയും കാണിക്കുന്നത എന്തിനവേണ്ടി?

(ഉത്തരം) ഒന്നാമതദൈവവിചാരത്തോടുകൂടി പ്രത്യെകംഒരുങ്ങിവരുന്ന മനുഷ്യരുടെ ഹൃദയത്തിൽ ദൈവസാന്നിദ്ധ്യത്തെഉളക്കി വൃദ്ധിയാക്കുവാൻ സാമ്പ്രാണിമുതലായദിവ്യസാധനങ്ങൾ അനുകൂലമായിരിക്കുന്നതുകൊണ്ടും,

2-ാമത ധ്യാനത്തിന്ന അടയാളമായിവിഗ്രഹങ്ങളിൽസ്ഥാപിച്ചിരിക്കുന്ന ദൈവചിഹ്നങ്ങൾ മനസ്സിൽ പതിയെണ്ടതത്ത്യാവശ്യമായതകൊണ്ട ജനക്കൂട്ടത്തോടും ദൂരത്തിലുംനിൽക്കുന്നഎല്ലാവൎക്കും പഞ്ചാലത്തിമുതലായ വെളിച്ചങ്ങളുടെ സഹായംകൊണ്ടകാണൊൻവെണ്ടിയും,

3-ാമത- ഉപചാരാൎത്ഥമായും ഞങ്ങടെവേദാഗമശാസ്ത്രപുരാണെതിഹാസങ്ങളിൽ വിധിപ്രകാരം ശിലമുതലായ വിഗ്രഹങ്ങളുടെ അടുക്കൽ ധൂപദീപങ്ങളെ കാണിക്കുന്നത അവശ്യമായിചെയ്യെണ്ടുന്നപുണ്യങ്ങളാകുന്നു.

4-ാമത (പുറപ്പാടപുസ്തകം) 30-ാമദ്ധ്യായം 34 മുതൽ 36 വരെയുള്ള വാക്യങ്ങളിൽ യഹൊവാ മൊശയൊടുപറഞ്ഞത എന്തെന്നാൽ നീ സുഗന്ധവൎഗ്ഗങ്ങളെ നറുംപശയും, ഗുല്ഗുലുവും, ഹൽബാനപ്പശയുമെന്ന സുഗന്ധവൎഗ്ഗങ്ങളെയും, ശുദ്ധമുള്ള സാമ്പ്രാണിയെയും എടുക്കെണം. ഓരൊന്നസമതൂക്കം ആയിരിക്കെണം. അതിനെ തൈലക്കാരന്റെ പ്രവൃത്തിയായി പരിമളപ്പെടുത്തി ശുചിയും ശുദ്ധവുമുള്ള ധൂപവൎഗ്ഗവുമാക്കെണം. അതിൽ എതാനും നീ ഇടിച്ചുപൊടിയാക്കി ഞാൻ നിന്നെ എതിരെല്പാൻ ഇരിക്കുന്ന സഭയിൽ കൂടാരത്തിലുള്ള സാക്ഷിക്കു മുമ്പാകെ വെക്കെണം അതനിങ്ങൾക്കു മഹാ ശുദ്ധമുള്ളതായിരിക്കെണം (ലെവിയപുസ്തകം) 16-ാമദ്ധ്യായം 12-13 ഈ വാക്യങ്ങളിൽ പിന്നെ അവൻ യഹോവായുടെ മുമ്പാകെ ബലിപീഠത്തിന്മെൽ ഉള്ള തീക്കനൽകൊണ്ട ഒരു കലശത്തെ നിറച്ചു പൊടിക്കപ്പെട്ട സുഗന്ധധൂപവൎഗ്ഗങ്ങളിൽ നിന്നതന്റെ കൈകൾ നിറച്ചെടുത്ത തിരശ്ശീലക്കകത്ത കൊണ്ടുവരെണം. ധൂപത്തിന്റെ മെഘം സാക്ഷിപെട്ടകത്തിന്മെലുള്ള കൃപാസനത്തെ മൂടുവാൻതക്കവണ്ണം താൻമരിക്കാതെകണ്ട അവൻ ധൂപവൎഗ്ഗത്തെ യഹൊവായുടെ മുമ്പാകെഅഗ്നിയിൽ ഇടെണം (സംഖ്യാപുസ്തകം) 16-ാമദ്ധ്യായം 46-ാംവാക്യത്തിൽ നീ ധൂപകലശത്തെ എടുത്ത അതിൽ ബലിപീഠത്തിൽനിന്ന അഗ്നിയെവെച്ചു ധൂപവൎഗ്ഗത്തെയും ഇട്ട വേഗത്തിൽ സഭയുടെ അടുക്കൽ ചെന്ന അവൎക്കവെണ്ടി പാപപരിഹാരം ചെയ്യു. (പുറപ്പാടപുസ്തകം) 30-ാമദ്ധ്യായം 7-8 വാക്യങ്ങളിൽ അഹറൊൻ കാലത്തൊറും അതിന്റെമേൽ സുഗന്ധവൎഗ്ഗങ്ങളുള്ള ധൂപം കാട്ടെണം. അവൻ വിളക്കുകളെനന്നാക്കുമ്പൊൾ അതിന്റെമെൽ ധൂപംകാട്ടെണം. അഹറോൻ വൈകുന്നേരത്തെ വിളക്കുകളെ കൊളുത്തുമ്പോഴും അവൻ അതിന്റെമെൽ സുഗന്ധവൎഗ്ഗങ്ങളുള്ള ധൂപം കാട്ടെണം. അത നിങ്ങളുടെ തലമുറയായി എപ്പൊഴും യഹോവായുടെ മുമ്പാകെ ഉള്ള ധൂപം ആയിരിക്കെണം. (വെളിപ്പാട) 8-ാമദ്ധ്യായം 3 മുതൽ 5 വരെ ഉള്ള വാക്യങ്ങളി

ൽ മറെറാരുദൈവദൂതനും വന്ന ബലിപീഠത്തിന്റെ അരികെ ഒരു സ്വൎണ്ണധൂപകലശവുംകൊണ്ടുനിന്നു. എന്നാറെ അവന്ന സിംഹാസനത്തിന്റെ മുമ്പാകെയുള്ള സ്വൎണ്ണപീഠത്തിന്മെൽ സകലവിശുദ്ധിമാന്മാരുടെ പ്രാൎത്ഥനകളോടുംകൂടെ നൽകുവാൻ വളരെ ധൂപവൎഗ്ഗം കൊടുക്കപ്പെട്ടു. ധൂപവൎഗ്ഗത്തിന്റെ പുക ശുദ്ധിമാന്മാരുടെ പ്രാൎത്ഥനകളൊടുകൂടെ ദൈവദൂതന്റെ കയ്യിൽനിന്ന ദൈവത്തിന്റെമുൻപാകെ കരെറി ആ ദൈവദൂതൻ ധൂപകലശത്തെ എടുത്ത ആയതിനെബലിപീഠത്തിലെ അഗ്നികൊണ്ടുനിറച്ചു ഭൂമിയിലെക്ക ഇട്ടുകളഞ്ഞു. അപ്പോൾ ശബ്ദങ്ങളും ഇടിമുഴക്കങ്ങളും മിന്നലുകളും ഭൂകമ്പവും ഉണ്ടായി—

5—ാമത ഇങ്ങിനെ നിന്റെ മതശാസ്ത്രത്തിൽ യഹോവാ തനിക്ക ധൂപമിടുവാൻ വിധിച്ചു എന്നും, അപ്രകാരംഅവരുടെഭക്തന്മാർ ചെയ്യു എന്നും പറയപ്പെട്ടിരിക്കുന്നതിനെ കണ്ടിരുന്നും ഞങ്ങൾ ഞങ്ങടെദൈവത്തിന്ന ധൂപം കാണിക്കുന്നതിനെ എന്തിലക്കാണെന്ന നീ ചൊദിക്കുന്നതനീതിയല്ല.

## ൮-ാമദ്ധ്യായം

### ദീപം

53. ചൊദ്യം ദെവാലയങ്ങളിലുംശിലമുതലായ വിഗ്രഹങ്ങളുടെഅടുക്കലും, നെയ്യ, എണ്ണ, മുതലായ്തുകളെകൊണ്ടു, ഒന്ന, പത്ത, നൂറ, ആയിരങ്ങളായിദീപങ്ങൾവെക്കുന്നുവെല്ലൊ? ആയ്തുഇല്ലെങ്കിൽ നിങ്ങടെദൈവത്തിന്നകണ്ണ കാണുകയില്ലയൊ പിന്നെഎന്തിനായിട്ടാണംരംവിധംചെയ്യുന്നത?

(ഉത്തരം) 1—ാമത—ദൈവത്തിന്ന വഴിപാട ചെയ്യാൻ ആലയങ്ങളിൽവരുന്ന ജനങ്ങൾക്കഅതെതഫലട്ടങ്ങളെ കുറിപ്പായിഅറിവാനും ശിലമുതലായവിഗ്രഹങ്ങളിൽ സ്ഥാപിച്ചിരി

ക്കുന്നദൈവചിഹ്നങ്ങളെ കണ്ണുകൊണ്ടുകാണ്മാനും മുഖ്യൎന്നുക്കു ഷമായിരിക്കുന്നദീപങ്ങളെ സന്നിധിയിൽവെക്കുന്നത പുണ്യങ്ങളിൽവെച്ചുവളരെ ശ്രേഷ്ഠമുള്ളതാണെന്നഞങ്ങടെ വെദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളിൽപറഞ്ഞിരിക്കുന്ന വിധിപ്രകാരംചെയ്യുവരുന്നതല്ലാതെ, ദൈവംതന്റെ സ്വപ്രയൊജനത്തെ കരുതിവെക്കാൻപറഞ്ഞിട്ടുള്ളതും, വെക്കുന്നതും അല്ലെന്നഅറിയെണ്ടതാകുന്നു.

2-ാമത-(ലെവിയപുസ്തകം) 24-ാമദ്ധ്യായം2 മുതൽ4വരെഉള്ളവാക്യങ്ങളിൽപിന്നെയും യഹൊവാമൊശെയൊട്ട സംസാരിച്ചുപറഞ്ഞതഎന്തെന്നാൽ, വിളക്കുകൾ എപ്പാല്ലൊഴും, എരിയുമാറാകെണ്ടുന്നതിനായിട്ട ഇസ്രായെൽ മക്കൾവിളക്ക വെപ്പിന്ന ഇടിച്ചുപിഴിയപ്പെട്ട തെളിവുള്ളഒലിവഎണ്ണയെനിന്റെ അട്ടക്കൽകൊണ്ടുവരെണമെന്ന അവരൊടകല്പിക്ക, സഭയിൽകൂടാരത്തിൽസാക്ഷിയുടെ തിരശ്ശീലക്കുപുറത്തഅഹരൊൻ അതിനെ വൈകുന്നെരംതുടങ്ങി ഉഷഃകാലംവരെയും യഹൊവായുടെമുമ്പാകെഎപ്പൊഴും ക്രമപ്പെടുത്തെണം, ഇതനിങ്ങളുടെതല മുറകളിൽ നിത്യകല്പന അവൻഎപ്പൊഴും യഹൊവായുടെമുമ്പാകെ ശുദ്ധമുള്ളകവറവിളക്കുതണ്ടിന്മെൽ വിളക്കുകളെക്രമപ്പെടുത്തെണം (പുറപ്പാടപുസ്തകം) 27-ാമദ്ധ്യായം 20-21-വാക്യങ്ങളിൽമെല്പറഞ്ഞ പ്രകാരംതന്നെ പറയപ്പെട്ടിരിക്കുന്നു (സംഖ്യാപുസ്തകം) 8-ാമദ്ധ്യായം 1മുതൽ4 വരെഉള്ളവാക്യങ്ങളിൽ യഹൊവാ,മൊശെയൊട സംസാരിച്ചുപറഞ്ഞു. നീവിളക്കുകളെകൊളുത്തുമ്പൊൾഏഴവിളക്കുകൾ കവറവിളക്കിന നെരെ പ്രകാശംകൊടുക്കെണം. എന്നഅഹരൊനൊട സംസാരിച്ചഅവനൊടപറക. അഹരൊൻ അപ്രകാരംചെയ്തു. യഹൊവാമൊശെയൊടുകല്പിച്ചപ്രകാരംതന്നെ അവൻകവറവിളക്കിന നെരെഅതിന്റെവിളക്കുകളെകൊളുത്തി. ഈ കവറവിളക്കിന്റെപണി, അടിക്കപ്പെട്ട പൊന്നുകൊണ്ടു ആയിരുന്നു. അതിന്റെ ചുവടമുതൽ അതിന്റെപുഷ്പങ്ങൾവരെയും അടിപ്പപണിആയിരുന്നു യഹൊവാ, മൊശെക്കകാണിച്ചുമാതൃകപ്രകാരംതന്നെഅവൻകവറവിളക്കി

നെളുണ്ടാക്കി.

3-ാമത-ഇങ്ങിനെനിന്റെവെദശാസ്ത്രത്തിലുംആലയങ്ങളിൽ വിളക്കവെക്കുന്നത പുണ്യമാണെന്നവിധിക്ക പ്പെട്ടിരിക്കുന്ന തിനെകണ്ടിരുന്നും, നീങ്ങങ്ങളെനൊക്കിആലയങ്ങളിൽ നൈമ തലാസ്സുകളെകൊണ്ട വളരെദീപങ്ങളെവെക്കുന്നുവെല്ലൊ അതു കൾഇല്ലെങ്കിൽ നിങ്ങടെദൈവത്തിന്നകണ്ണു കാണുകയില്ലയൊ എന്നദൃഷ്ടിക്കുന്നതമൎയ്യാദയല്ലാത്തതാകുന്നു.

# ൯.ാമദ്ധ്യായം

:o:

## വാദ്യം

54. ചൊദ്യം. നിങ്ങളുടെ ആലയങ്ങളിൽഉത്സവ കാലത്തിലുംദീപാരാധന കാലത്തിലുംമററുംപലവിധമായ വാദ്യങ്ങളെമുഴക്കുന്നത എന്തിനായിട്ടാണ?

(ഉത്തരം) 1-ാമത-ഉത്സവ കാലങ്ങളെയും ദീപാരാധന കാലങ്ങളെയും സൎവ്വജനങ്ങളുംഅറിഞ്ഞഅന്യകാൎയ്യങ്ങളെ വിട്ട ഈശ്വരനെചിന്തിച്ചആലയങ്ങൾക്ക ഒരുങ്ങിവരുവാനും 2-ാമതവന്നവരുടെമനസ്സ അന്യവിഷയങ്ങളിൽ പ്രവെശിക്കാതെ ദൈവവിഷയത്തിൽ തന്നെനിലനിറുത്തി വൃദ്ധിയാക്കുവാൻ അനുകൂലമായിരിക്കുന്നതുകൊണ്ടും.

3-ാമത-ദൈവൊപചാരാൎത്ഥമായും പലവിധമായ വാദ്യങ്ങളെയും,കീൎത്തനനൎത്തനഗാനങ്ങളെയും,മുഴക്കുന്നത ആവശ്യമായതകൊണ്ടഞങ്ങടെവെദാഗമശാസ്ത്ര പുരാണെതിഹാസങ്ങളിൽ പറഞ്ഞിരിക്കുന്നവിധിപ്രകാരം വിശ്വാസത്തൊടുംഭക്തിയൊടുംചെയ്യുവരുന്നതാണെന്ന നീഅറിയെണ്ടതാകുന്നു.

4-ാമത-(നാളാഗമം) 15-ാമദ്ധ്യായം 15-16-ാം വാക്യങ്ങളിൽ യഹൊവായുടെ വചനപ്രകാരം മൊശകല്പിച്ചതിൻ വണ്ണംദൈവത്തിന്റെ പെട്ടകത്തെലെവരുടെ തൊളുകളിന്മെൽ അതിന്മെലുള്ള തണ്ടുകൾകൊണ്ടചുമന്നു. പിന്നെ, ദാവീദ,ലെ

വിക്കാരിൽ പ്രധാനന്മാരൊട അവരുടെസഹൊദരന്മാരെ തം
ബുരുവുകളും, വീണകളും, കൈത്താളങ്ങളും ആയഗീത വാദ്യ
ങ്ങളൊടകൂടെ സന്തൊഷംകൊണ്ട ഉച്ചത്തിൽ ആൎത്തശബ്ദിക്കു
ന്നപാട്ടകാരായിട്ട നിശ്ചയിപ്പാൻ പറഞ്ഞു (മെപ്പടിഅദ്ധ്യാ
യം) 19 മുതൽ21വരെ ഉള്ള വാക്യങ്ങളിൽപാട്ടകാരായ, ഹെമാ
നും, ആസാഫ, എഥാനും, പിച്ചളകൊണ്ടുള്ള കൈത്താളങ്ങളെ
കൊട്ടുവാൻനിശ്ചയിക്കപ്പെട്ടിരുന്നു. സഖരിയായും,അസിയെ
ലും,ശെമിരാമൊത്തും,യെഹിയെലും,ഉന്നിയും,എലിയാബും, മയ
ശെയായും, ബനായായും, അലാമൊത എന്നരാഗം തംബുരുവുക
ളിലും, മത്തിത്തിയായും, എലിഫെലെഹും, മികനെയായും, ഒബെ
ദ, എദൊമും, യെയിയെലും, അസസിയായും, ശെമനിത്തരാഗം
വീണകളിലും, പാടുവാനും നിശ്ചയിക്കപ്പെട്ടിരുന്നു. (മെപ്പടി
അദ്ധ്യായം) 28–ാമതവാക്യത്തിൽ ഇസ്രായെൽ യഹൊവായുടെ
ഉഭയസമ്മതത്തിന്റെ പെട്ടകത്തെ ആൎപ്പൊടും, കൊമ്പിന്റെ
ശബ്ദത്തൊടും, കാഹളങ്ങളൊടും, കൈത്താളങ്ങളൊടും, തംബു
രുവുകളും,വീണകളുംവായിച്ചു കൊണ്ട കരെയെററി കൊണ്ടുവ
ന്നു. (മെപ്പടി) 16–ാമദ്ധ്യായം 6–ാമതവാക്യത്തിൽ ആചാൎയ്യ
ന്മാരായ, ബെനായായും, യഹസിയെലും ദൈവത്തിന്റെ ഉഭ
യസമ്മതത്തിന്റെ പെട്ടകത്തിനമുമ്പാകെ ഇടവിടാതെകാഹള
ങ്ങളെ ഊതി (സംഖ്യാപുസ്തകം) 10–ാമദ്ധ്യായം8മുതൽ10വരെ
ഉള്ളവാക്യങ്ങളിൽ അഹരൊന്റെപുത്രന്മാരായആചാൎയ്യന്മാരും
കാഹളങ്ങൾ കൊണ്ട ഊതെണം. അവനിങ്ങളുടെതല മുറകളിൽ
നിങ്ങൾക്കഎന്നും നിയമമായിട്ടഇരിക്കയുംവെണം.നിങ്ങൾനി
ങ്ങളുടെദെശത്ത നിങ്ങളെഞെരുക്കുന്നശത്രുവിന്റെ നെരെയു
ദ്ധത്തിന പൊകുമ്പൊൾനിങ്ങൾകാഹളങ്ങൾകൊണ്ട അയ്യംവി
ളിഊതെണം. എന്നാൽനിങ്ങൾ നിങ്ങളുടെദൈവമായ യഹൊ
വായുടെമുമ്പാകെഓൎക്കപ്പെട്ടനിങ്ങളുടെ ശത്രുക്കളിൽനിന്നരക്ഷി
ക്കപ്പെട്ടവരാകും. നിങ്ങളുടെ സന്തൊഷനാളിലും, നിങ്ങളുടെഉ
ത്സവങ്ങളിലും, നിങ്ങളുടെമാസങ്ങളുടെ ആരംഭങ്ങളിലും, നിങ്ങ
ൾനിങ്ങളുടെ ഹൊമബലികളുടെമെലും, നിങ്ങളുടെസമാധാന

ബലികളുടെ മെലും, കാഹളങ്ങൾകൊണ്ട ഊതെണം. അവ നിങ്ങളുടെ ദൈവത്തിന്റെ മുമ്പാകെ നിങ്ങൾക്ക ഓൎമ്മയായിട്ടുഇരിക്കും. യഹൊവായായഞാൻനിങ്ങളുടെ ദൈവം ആകുന്നു. (സങ്കീൎത്തനം) 98-ാം അദ്ധ്യായം 5-ാം വാക്യത്തിൽ വീണകൊണ്ട യഹൊവായിക്ക പാട്ടുവിൻ വീണകൊണ്ടും സംഗീതത്തിന്റെ ശബ്ദംകൊണ്ടും പാട്ടുവിൻ കാഹളങ്ങൾകൊണ്ടും, കൊമ്പിന്റെ ശബ്ദംകൊണ്ടും, രാജാവായ യഹൊവായുടെ മുമ്പാകെ ഘൊഷിപ്പിൻ (2 ശമുയെൽ 6-ാമദ്ധ്യായം 5-ാം വാക്യത്തിൽ ദാവീദും ഇസ്രായെലിന്റെ എല്ലാകുഡുംബവും, തെവതാരമരംകൊണ്ട ഉണ്ടാക്കപ്പെട്ട സകലവിധവാദ്യങ്ങളായുള്ള വീണകളിലും, തംബുരുകളിലും, തപ്പുകളിലും, നന്തുനികളിലും, കൈത്താളങ്ങളിലും കൂടെ യഹൊവായുടെ മുമ്പാകെ വായിച്ചു.

5-ാമത—ഇങ്ങിനെ നിന്റെ ദൈവസന്നിധാനത്തിൽ വാദ്യഘൊഷം ചെയ്യെണമെന്ന വിധിച്ചിരിക്കുന്നതിനെ കണ്ടിരുന്നും നീഞങ്ങടെ ദെവാലയങ്ങളിൽ വാദ്യങ്ങൾ മുഴങ്ങുന്നതിനെക്കണ്ട പരിഹസിക്കുന്നത ആകാത്തതാകുന്നു.

# ൧൦.ാമദ്ധ്യായം

## നിബന്ധനദ്രവ്യം.

55. ചൊദ്യം. നിങ്ങൾ കഷ്ടപ്പെട്ട ദ്രവ്യങ്ങളെ സമ്പാദിച്ചു ആലയങ്ങളിൽ കയറി ഇരിക്കുന്ന ശിലമുതലായ വിഗ്രഹങ്ങൾക്ക ആഭരണങ്ങളായും, വെള്ളിമുതലായതിൽ പാത്രങ്ങളായും കൊണ്ടുപൊയി ചെലുത്തി അവിടെ ഇരിക്കുന്ന ഭണ്ഡാരങ്ങളിൽ വെണ്ടുന്ന ദ്രവ്യങ്ങളെ കാണിക്ക ഇട്ടു ഇങ്ങിനെ വൃഥാവായി കാലത്തെയും ദ്രവ്യത്തെയും ചെലവഴിക്കുന്നത അപുണ്യങ്ങളായി ഭവിക്കുമൊ?

(ഉത്തരം) 1-ാമത- ജനങ്ങൾ കുഡുംബകാൎയ്യത്തിൽ നിന്നും പ്രത്യേകം ദൈവകാൎയ്യത്തിൽ പ്രവെശിക്കുന്നസമയങ്ങളിൽ അതിന്ന ആലയവിഗ്രഹധൂപദീപാദികൾ ആവശ്യമാണെന്നുള്ളത ഇതിന്റെ മെലധ്യായങ്ങളാൽ വെളിവായി എടുത്തുകാണിക്കപ്പെട്ടിരിക്കുന്നു.

2-ാമത-അങ്ങിനെ ഇരിക്കുന്ന ആലയവിഗ്രഹാദികൾക്ക കാലന്തൊറും വെണ്ടിവരുന്ന ചെലവുകളെ ഒരെമനുഷ്യനായി എറ്റചെയ്യുന്നത അസാധ്യമാണെന്ന എല്ലാവൎക്കും പരിഷ്കാരമായിട്ടറിയാമെല്ലൊ.

3-ാമത-പലരും ദൈവത്തെ വിശ്വാസത്തൊടുകൂടി വഴിപാടചെയ്യുന്ന സമയങ്ങളിൽ ആഭരണങ്ങളായും, പാത്രങ്ങളായും, ഭൂമികളായും, ഭണ്ഡാരങ്ങളിൽ ഇടുന്നകാണിക്കകളാലും, ദൈവാലയധൎമ്മങ്ങൾ എതകാലത്തും മുടക്കംവരാതെ, ശാശ്വതമായിനടപ്പാൻ അനുകൂലമായിരിക്കുന്നതകൊണ്ടആയ്തിനെ പുണ്യമല്ലെന്നഒരിക്കലുംപറയരുത.

4-ാമത കഴിയുന്നനിബന്ധനദ്രവ്യങ്ങളെ ഈശ്വരപ്രീത്യൎത്ഥമായികാലന്തൊറും ചെയ്യുന്നതപുണ്യമാണെന്ന ഞങ്ങടെവെദാഗമശാസ്ത്രപുരാണഇതിഹാസങ്ങളിൽ പറഞ്ഞിരിക്കുന്നവിധിപ്രകാരം ചെയ്യുവരുന്നതാണെന്ന നീ അറിയെണ്ടതാകുന്നു.

5-ാമത (പുറപ്പാടപുസ്തകം) 25-ാമധ്യായം 1 മുതൽ 7വരെയുള്ളവാക്യങ്ങളിൽ, യഹോവാ മോശയൊടസംസാരിച്ചു പറഞ്ഞു. ഇനിക്കവഴിപാടിനെ എടുത്തുകൊണ്ടുവരുവാൻ ഇസ്രായെൽ മക്കളൊട പറക തന്റെ പൂൎണ്ണമനസ്സൊടെ തരുന്ന ഓരൊരുത്തനൊട നിങ്ങൾ ഇനിക്ക വഴിപാടിനെവാങ്ങെണം. നിങ്ങൾ അവരൊട വാങ്ങെണ്ടുന്ന വഴിപാട ഇത പൊന്നും, വെള്ളിയും, പിച്ചളയും, ഇളനീലനൂലും, ധൂമ്രവൎണ്ണമുള്ള നൂലും, ചുവന്നനൂലും, നെരിയ ചണനൂലും, കൊലാടുകളിൻ രോമവും, വെള്ളാട്ടുകൊറ്റന്മാരുടെ ചുവപ്പിച്ചതൊലുകളും, തകസ്സുകളിൻതൊലുകളും, ശിത്തിമെന്ന മരവും, വിളക്കിന്ന എണ്ണയും, അഭിഷെക എണ്ണക്ക പരിമളവൎഗ്ഗങ്ങളും, ധൂപത്തിന്ന സുഗ

ന്ധവൎഗ്ഗങ്ങളും, ആചാൎയ്യ എഫൊദിന്നും. മാൎപ്പതക്കത്തിന്നും
പതിപ്പിക്കപ്പെട്ടുവാനുള്ള ഗോമെദകകല്ലുകളും, രത്നങ്ങളും ത
ന്നെ (മെപ്പടി) 35, ാമദ്ധ്യായം4 മുതൽ 9 വരെയുള്ള വാക്യ
ങ്ങളിൽ ഇങ്ങിനെ തന്നെപറയപ്പെട്ടിരിക്കുന്നു (മെപ്പടി) അദ്ധ്യാ
യം 22 ാമതവാക്യത്തിൽ പുരുഷന്മാരും, സ്ത്രീകളുമായി നല്ല
മനസ്സുള്ളവർ എല്ലാവരും വന്ന വളകളും, കുണുക്കുകളും, മൊ
തിരങ്ങളും, കടകങ്ങളും മുതലായ സകലവിധ പൊന്നാഭരണ
ങ്ങളെയുംകൊണ്ടുവന്നു. കാഴ്ചകൊണ്ടുവന്നവൻ എല്ലാം യഹൊ
വായിക്ക പൊൻകാഴ്ചയെകൊണ്ടുവന്നു. 23 മുതൽ 29വരെയു
ള്ള വാക്യങ്ങളെനൊക്കുക? (സംഖ്യാപുസ്തകം) 7–ാമദ്ധ്യായം3–ാ
മതവാക്യത്തിൽ അവർയഹോവായുടെമുമ്പാകെതങ്ങളുടെ വഴി
പാടുകളായിട്ട മൂടിയുള്ള ആറു വണ്ടികളെയും, പന്ത്രണ്ട കാളക
ളെയും ഈരണ്ടുപ്രഭുക്കന്മാൎക്ക ഒരു വണ്ടിയും, ഓരൊരുത്തന്ന
ഒരുകാളയുംകൊണ്ടുവന്നു. അവർഅവയെ കൂടാരത്തിന്ന മുമ്പാ
കെകൊണ്ടുവന്നു (മെപ്പടി) 13മുതൽ 17 വരെഉള്ള വാക്യങ്ങ
ളിൽ അവനെൻറവഴിപാട ശുദ്ധസ്ഥലത്ത ശെക്കലിൻപ്രകാ
രം നൂററമുപ്പതശേക്കൽതൂക്കമുള്ള ഒരുവെള്ളിത്താലവും എഴപ
തു ശേക്കൽ ഇടയുള്ള ഒരുവെള്ളിക്കലവും ആയിരുന്നു. അവ
രണ്ടും ആഹാരബലിക്ക എണ്ണയിൽകുഴച്ച മാവുകൊണ്ട നിറ
ഞ്ഞിരുന്നു, ധൂപവൎഗ്ഗംകൊണ്ട നിറഞ്ഞ പത്തശേക്കൽ ഉള്ള ഒ
രു പൊൻതവിയും, ഹോമബലിക്കായിട്ട ഒരുകാളക്കിടാവും, ഒ
രു ആട്ടിൻകൊററനും, ഒരുവയസ്സായ ഒരു കുഞ്ഞാടും പാപബ
ലിക്കായിട്ടകോലാടുകളിൽനിന്ന ഒരുകുട്ടിയും, സമാധാനബലി
കൾക്കായിട്ട രണ്ടുകാളകളും, അഞ്ച ആട്ടിൻകൊററന്മാരും, അ
ഞ്ചകോലാട്ടിൻകൊററന്മാരും, ഒരു വയസ്സായ അഞ്ച ചെമ്മരി
യാട്ടിൻകുട്ടികളും ഇത അമ്മിനാദാബിൻെറ പുത്രനായ നഹ
ശൊനെൻറ വഴിപാടആയിരുന്നു. ഇനിയും ഇങ്ങിനെതന്നെനി
തനെൽ, എലിയാംമുതലായ പ്രഭുക്കന്മാർ കാണിക്കചെലുത്തി എ
ന്നുള്ളത ഈ അധികാരത്തിൽതന്നെപറയപ്പെട്ടിരിക്കുന്നു. (പു
റപ്പാടപുസ്തകം) 30–ാമദ്ധ്യായം 15–ാമതവാക്യത്തിൽ നിങ്ങളു

ടെ ആത്മാവിന്നായിട്ട പാപപരിഹാരംചെയ്യാൻ നിങ്ങൾ യ
ഹോവായിക്ക വഴിവാടിനെകൊടുക്കുമ്പോൾ ധനവാൻ അര
ശെക്കലിൽ അധികംകൊടുക്കരുത. ദരിദ്ര്യൻ അതിൽകുറച്ചു കൊ
ടുക്കയുംഅരുത. (2രാജാക്കന്മാർ) 12–ാമദ്ധ്യായം 13-14-16
ഈ വാക്യങ്ങളിൽ എന്നാൽ യഹോവായുടെ ഭവനത്തിലെ
ക്ക കൊണ്ടുവരപ്പെട്ടദ്രവ്യംകൊണ്ട വെള്ളിക്കിണ്ണങ്ങളും, ഗീത
വാദ്യങ്ങളും, കലങ്ങളും, കാഹളങ്ങളും, പൊന്നും വെള്ളിയുമാ
യ യാതൊരു ഉപകരണങ്ങളും, യഹൊവായുടെഭവനത്തിന ഉ
ണ്ടാക്കപ്പെടാതെ അവർ വെലചെയ്യുന്നവൎക്കതന്നെ അതിനെ
കൊടുത്തു. അതുകൊണ്ടയഹൊവായുടെഭവനത്തെ അററകുററം
തീൎത്തു കുററത്തിന്നുള്ളദ്രവ്യവും, പാപത്തിന്നുള്ള ദ്രവ്യവും, യ
ഹൊവായുടെ ഭവനത്തിലെക്കകൊണ്ടുവരപ്പെട്ടില്ല. അത ആ
ചാൎയ്യന്മാൎക്കും ഉള്ളതായിരുന്നു. (മത്തായി) 8–ാമദ്ധ്യായം 4–ാ
മതവാക്യത്തിൽ പിന്നെ യേശു അവനൊടനൊക്ക നീ ഇതി
നെ ഒരുത്തനൊടുംപറയരുത. എന്നാൽനീചെന്നആചാൎയ്യന്ന
നിന്നെതന്നെകാണിച്ചുഅവൎക്കസാക്ഷിയായിട്ട മൊശകല്പിച്ചി
ട്ടുള്ള വഴിവാട കഴിക്കഎന്നുപറഞ്ഞു. (മത്തായി) 2–ാമദ്ധ്യാ
യം 11–ാമതവാക്യത്തിൽ പിന്നെഅവർവീട്ടിലക്ക വന്നപ്പൊ
ൾ ശിശുവിനെഅവന്റെ മാതാവായ മറിയയൊടുംകൂടെക
ണ്ടനിലത്തിൽവീണ അവനെ വന്ദിച്ചു തങ്ങളുടെ നിക്ഷെപ
പാത്രങ്ങളെ തുറന്ന അവർപൊന്നും, കുന്തുരുക്കവും, മൂരും അവ
ന്ന കാഴ്ചകളായിവെക്കയുംചെയ്തു.

6–ാമത ഇങ്ങിനെ നിന്റെ ദൈവം തനിക്ക കാണിക്ക തരു
വാനായിട്ട വിധിച്ചുഎന്നും, അപ്രകാരംതന്നെ അവരുടെഭക്ത
ന്മാർചെയ്തുഎന്നും, നിന്റെമതശാസ്ത്രത്തിൽപറഞ്ഞിരിക്കുന്ന
തിനെകണ്ടും അല്പമെങ്കിലുംയൊജനയില്ലാതെ ഞങ്ങളെ നോക്കി
എല്ലാ സമ്പത്തുമുള്ള ദൈവത്തിന്നനിങ്ങൾ കഷ്ടപ്പെട്ടസമ്പാ
ദിച്ച പൊൻ, വെള്ളിമുതലായ്തുകളെ കൊടുക്കുന്നുവെല്ലൊ അതു
കൊണ്ട യാതൊരുപുണ്യവുംകിട്ടുകയില്ലെന്ന ദൂഷിക്കുന്നത ഒരി
ക്കലുംശരിയല്ല.

# ൧൧.ാമദ്ധ്യായം

## പുണ്യകാലം

56. ചോദ്യം. ദൈവം എല്ലാദിവസങ്ങളെയും സമമായി സൃഷ്ടിച്ചിരിക്കെ അതിൽ ചില തിഥിവാരനക്ഷത്രം മുതലായ്വകളെ പുണ്യകാലങ്ങളെന്നു ഉപവാസമിരുന്നു അന്നു കുഡുംബകാൎയ്യങ്ങളെ വിശേഷിച്ചു നോക്കാതെ ആലയംമുതലായ്വകളിൽ ചെന്നു വൃഥാകാലംകഴിക്കുന്ന നിങ്ങടെ ഈപ്രപ്രവൃത്തി തെററായിട്ടുള്ളതല്ലയൊ?

(ഉത്തരം) 1-ാമതമനുഷ്യർ പരതന്ത്രരും, കിഞ്ചിജ്ഞരുമായതുകൊണ്ടു ദൈവകാൎയ്യത്തിൽ പ്രവേശിപ്പാൻ പ്രത്യേക ദിവസങ്ങളെ തക്ക അടയാളങ്ങളോടു നിശ്ചയിക്കേണ്ടതും പലജനങ്ങൾപലകാൎയ്യത്തിൽ പലനിൎബ്ബന്ധങ്ങളിൽ ഉൾപ്പെട്ടവരായ്യുകൊണ്ടു സൌഗൎയ്യംപൊലെ അനുഷ്ഠിപ്പാൻ വെവ്വേറെ ദിവസങ്ങളായിനിശ്ചയിക്കേണ്ടതും ആവശ്യമാണെന്നു സൎവ്വകൃപയുള്ള പരമെശ്വരൻ സൃഷ്ടിച്ച പ്രകാരം അമാവാസ്യ മുതലായ പുണ്യകാലങ്ങൾകണ്ടുവരുന്നു.

2-ാമത മനുഷ്യൎക്കു വിശേഷിച്ചു സോമവാരം, ശുക്രവാരം, അമാവാസ്യാ, പൌൎണ്ണമി, ഷഷ്ഠി, കാൎത്തിക, തിരുവാതിര, ശിവരാത്രി, മാസപ്പിറപ്പു, വൎഷപ്പിറപ്പു, ഉത്സവകാലം മുതലായ ദിനങ്ങളിൽ വിഷയാദികളിൽ ബുദ്ധി ചപലപ്പെടാതിരിപ്പാൻ ഭക്ഷണങ്ങളെകുറച്ചു ഈശ്വരനെവിശെഷമായി വഴിപാടചെയ്യേണ്ടത പുണ്യമാണെന്നു ഞങ്ങടെവെദാഗമശാസ്ത്രപുരാണെതിഹാസങ്ങളിൽ വിധിപ്രകാരം അനുഷ്ഠിക്കുന്നതാണെന്നീ അറിയെണ്ടതാകുന്നു.

3-ാമത-(2 രാജാക്കന്മാർ) 4-ാമദ്ധ്യായം 22-23-വാക്യങ്ങളിൽ തന്റെ ഭൎത്താവിന്റെ അടുക്കൽ ആളയച്ചു ഞാൻ വെഗത്തിൽ ദൈവത്തിന്റെ മനുഷ്യന്റെ അടുക്കലൊളം പൊയിതിരിച്ചു വരെണ്ടുന്നതിന ബാല്യക്കാരിൽ ഒരുത്തനെയും കഴുതകളിൽ ഒന്നിനെയും ഇനിക്ക അയക്കെണം. എന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു എന്ന പറഞ്ഞു അപ്പൊൾ അവൻ നീ ഇന്ന അവന്റെ അടുക്കൽ എന്തിന പൊകുന്നു ഇത അമാവാസ്യയുമല്ല സാബത ദിവസവും അല്ലല്ലൊ എന്ന പറഞ്ഞു എന്നാറെ അവൾ എല്ലാം നന്നായിരിക്കുമെന്നു പറഞ്ഞു (1 നാളാഗമം) 23-ാമദ്ധ്യായം 31-ാം വാക്യത്തിൽ കാലത്തും അപ്രകാരം തന്നെ വൈകുന്നെരത്തിലും യഹൊവാവെ, പൊററിസ്തുതിച്ചു ശാബതനാളുകളിലും, അമാവാസ്യകളിലും നിശ്ചയിക്കപ്പെട്ട പെരുനാളുകളിലും യഹൊവായിക്ക മുമ്പാകെ അവൎക്ക എപ്പൊഴും കല്പിക്കപ്പെട്ട മുറക്ക എണ്ണത്തിൻപ്രകാരം ഹൊമബലികളെ കഴിപ്പാനും (ലെവിയപുസ്തകം) 23-ാമദ്ധ്യായത്തിലും അന്യഘട്ടങ്ങളിലും, ശാബതനാളും, മാസപ്പിറപ്പും, അമാവാസ്യയും, പൌൎണ്ണമിയും, ഉത്സവനാളുകളും, പുണ്യകാലങ്ങളാണെന്നും, ആ കാലങ്ങളിൽ യഹൊവാവിന്റെ കൂടാരത്തെ വിട്ടുപിരിയരുത എന്നും, എങ്ങിനെയുള്ള സാധാരണ വെലയും ചെയ്യരുത എന്നും, നിത്യാഗ്നിയിൽ ഇറച്ചി മുതലായ്വകളെ ഇട്ടു ദഹനബലി ചെയ്യെണമെന്നും താന്താങ്ങളുടെ സങ്കല്പപ്രകാരം നിശ്ചയിച്ച ദിനങ്ങളിൽ ഉപവസിച്ച വ്രതമനുഷ്ഠിക്കെണം എന്ന പറയപ്പെട്ടിരിക്കുന്നു.

4-ാമത-ഇങ്ങിനെ നിന്റെ മതശാസ്ത്രത്തിൽ തന്നെ പറയുന്നതിനെ കണ്ടും കൊണ്ടും ഞങ്ങളെ നൊക്കി കാലങ്ങളൊക്കെയും സമമായിരിക്കെ ചിലതിന പ്രത്യെകിച്ചു പുണ്യകാലങ്ങളെന്ന വ്രതം അനുഷ്ഠിക്കുന്നതും സന്തൊഷാൎത്തിയൊടെ ഉത്സവം നടത്തുന്നതും വൃഥാവെന്ന നിൎദ്ദെശിക്കുന്നത ഭംഗിയല്ല.

---

# ൧൨-ാമദ്ധ്യായം

## ആചാൎയ്യൻ

57. ചോദ്യം. മനുഷ്യർ എല്ലാവരും സമമായിരിക്കെ ചി
ലരെമാത്രം ബ്രാഹ്മണരെന്നും, ഉത്തമോത്തമന്മാരെന്നും, പറ
ഞ്ഞു ദൈവത്തിന്ന ചെയ്യെണ്ടുന്ന വഴിപാടനമസ്കാരാദികളെ മ
നുഷ്യരായ ഇവൎക്ക ചെയ്യുന്നത നിങ്ങടെ അജ്ഞാനമല്ലയൊ?
(ഉത്തരം) 1-ാമത-ലൊകപ്രവൃത്തിയും ദൈവകാൎയ്യവുമായ
ഈ രണ്ടിനെ ഒരുവൻ വഹിക്കുന്നത അസാദ്ധ്യമായത കൊണ്ട,
ക്ഷത്രിയന്ന ഭൂരക്ഷണവും, വൈശ്യന്ന വ്യാപാരവും, ശൂദ്രന്നു
കൃഷിയുമായ ഈ മൂന്നിൽ ലൊകകാൎയ്യം മുഴുവനും അടക്കി ദൈവ
കാൎയ്യത്തിന്ന വെണ്ടി ബ്രാഹ്മണനെ വെദം മുതലായ്തുകളെ അദ്ധ്യ
യനം ചെയ്തു അതിന്റെ അൎത്ഥങ്ങളാൽ കിട്ടുന്ന സത്യജ്ഞാനത്തെ
അന്യൎക്കും മൊക്ഷാൎത്ഥമായി അധികാരതാരതമ്യം പൊലെ പറഞ്ഞു
കൊടുപ്പാനും മെൽപറഞ്ഞ മൂന്നവഴിക്കാരും ലൊകപ്രവൃത്തിയി
ലുള്ള ലാഭങ്ങളാൽ ബ്രാഹ്മണന്റെ കാലക്ഷെപാൎത്ഥം ദ്രവ്യങ്ങൾ
കൊടുത്തുവരുവാനും ഇങ്ങിനെ ഒന്നിനൊന്ന ബാധകപ്പെടാതെ
എല്ലാവരും നിത്യസാമ്രാജ്യത്തെ എളുപ്പത്തിൽ അടവാൻ വഴി
യായിരിക്കുന്നതിനാൽ സൃഷ്ടികാലത്തിൽ തന്നെ ഈശ്വരൻ നി
ശ്ചയിച്ചപ്രകാരം ഉള്ള ബ്രാഹ്മണരിൽ കൌശികാദി പഞ്ചഋ
ഷിഗൊത്രത്തിൽ ജനിച്ചവരെ പ്രത്യെകം ആലയാദികളിൽ ദൈ
വത്തിന്ന ആരാധന ചെയ്വാൻ ആചാൎയ്യന്മാരായി അഭിഷെകം
ചെയ്യെണമെന്നും, അവൎകൾ ഒക്കെയും മനുഷ്യ ജന്മങ്ങളായി
രുന്നാലും ദെവന്മാരായി ഭവിക്കെണമെന്നും, അവരെ പൂജിക്കു
ന്നവർ ശിവനെ പൂജിക്കുന്നവരാണെന്നു, അവരെ ദൂഷിക്കുന്ന
വർ ശിവനെ ദൂഷിക്കുന്നവരാണെന്നും, അവൎക്ക ഊഴിയം ചെ

ഷ്യരവരുടെവാക്ക കെട്ടനടക്കുന്നത വളരെ പുണ്യങ്ങളാണെന്നും ഞങ്ങളുടെ വെദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളിൽ പറഞ്ഞവിധിപ്രകാരം ആചരിക്കുന്നതാണെന്ന നീ അറിയെണ്ടതാകുന്നു.

2-ാമത- (പുറപ്പാടപുസ്തകം) 29-ാമദ്ധ്യായത്തിൽ അഹരൊനെയും അവന്റെ പുത്രന്മാരെയും, അഭിഷെകം ചെയ്യെണം എന്നും, അഭിഷെകവിധി ഇന്നതാണെന്നും, യഹൊവാകല്പിച്ചു എന്നും (മെപ്പടി) 40-ാമദ്ധ്യായത്തിൽ ആകല്പനപ്രകാരം മൊശ അവൎക്ക അഭിഷെകം ചെയ്തു എന്നും (സംഖ്യാപുസ്തകം) 8-ാമദ്ധ്യായത്തിൽ യഹൊവാവിന്നമററ ഊഴിയങ്ങളെ ചെയ്വാനായിട്ട ലെവിയരെ ഇസ്രയെൽ പുത്രന്മാരുടെ ഇടയിൽ നിന്നവെർതിരിച്ചു അഭിഷെകം ചെയ്യപ്പെട്ടു എന്നും (മെപ്പടിപുസ്തകം മെപ്പടി അദ്ധ്യായം) 18-20-ം വാക്യങ്ങളിലും (ആവൎത്തന പുസ്തകം) 18-ാമദ്ധ്യായം 1-2 വാക്യങ്ങളിലും (മെപ്പടി) 16-ാം വാക്യത്തിലും അഹരൊനും അവന്റെ പുത്രന്മാൎക്കും, അവന്റെ പിതാവിന്റെ വംശസ്ഥന്മാരായ ലെവിയ ആചാൎയ്യന്മാൎക്കും, അവരുടെ സഹൊദരന്മാരായ ഇസ്രയെലിനൊട ഭാഗവും, സ്വാതന്ത്ര്യവും ഇല്ല യഹൊവാതന്നെ സ്വാതന്ത്ര്യം എന്നും (സംഖ്യാപുസ്തകം) 18ാമദ്ധ്യായത്തിൽ ഇസ്രയെൽക്കാർ യഹൊവാവിന്നകൊണ്ടുവന്നകൊടുക്കുന്ന എററച്ചി അപ്പം കാണിക്കമുതലായ്തുകളിൽ അഹരൊനും അവന്റെ പുത്രന്മാൎക്കും ലെവിയക്കാൎക്കും പങ്കുണ്ടെന്നും (ആവൎത്തനപുസ്തകം) 12-ാമദ്ധ്യായത്തിൽ ലെവിയക്കാരെ കൈവിട്ടുകൂടാ എന്നും (മെപ്പടി) 17-ാമദ്ധ്യായത്തിൽ സകലജനങ്ങളും ലെവിയക്കാരുടെവാക്കകെട്ടനടക്കെണ്ടതാണെന്നും (സംഖ്യാപുസ്തകം) 16-ാമദ്ധ്യായത്തിൽ അഹരൊന്നെവിരൊധമായി സംസാരിച്ചവർ ദണ്ഡിക്കപ്പെട്ടു എന്നും (ലെവിയപുസ്തകം) 21-ാമദ്ധ്യായത്തിൽ ഇവരുടെസന്തതികളിൽതന്നെ തലമുറതൊറും ആചാൎയ്യന്മാരാകുവാൻ അധികാരികൾ എന്നും ഇന്നിന്ന ലക്ഷണങ്ങൾ ഉള്ളവർകൾതന്നെ ആചാൎയ്യന്മാരാകുവാൻ അവകാശികളെന്നും (മത്തായി 10-ാമദ്ധ്യായത്തിൽ യെശുതന്റെ ശിഷ്യ

ന്മാരെനൊക്കി നിങ്ങളെകൈക്കൊള്ളുന്നവൻ എന്നെകൈക്കൊള്ളുന്നു എന്നെകൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെയും കൈക്കൊള്ളുന്നു! ഈചെറിയവരിൽഒരുത്തനെഎന്റെശിഷ്യനാണെന്ന അവന്നഒരുപാനപാത്രം തണുത്തവെള്ളംമാത്രംകുടിച്ചാൽഅവൻതന്റെഫലം ഒരുപ്രകാരത്തിലുംകളകയില്ല. എന്നപറഞ്ഞുവ്യാധികളെനീക്കുവാനും, പിശാചുകളെ ഓട്ടുവാനും അവൎക്കഅധികാരംകൊടുത്തുഎന്നുംപറയപ്പെട്ടിരിക്കുന്നു.

3-ാമത ഇങ്ങിനെനിന്റെമതശാസ്ത്രത്തിൽ പറയുന്നതിനെ കണ്ടിരുന്നും മനുഷ്യർഎല്ലാവരും സമമായിരിക്കെ ഹിന്തുക്കൾതങ്ങളുടെഅറിയാമയാൽചിലരെ ആചാൎയ്യന്മാരെന്നും,ബ്രാഹ്മണർകൾ എന്നുംപെരിട്ട അവരഉത്തമൊത്തമന്മാരാണെന്ന അവരെവണങ്ങി അവൎക്കഊഴിയംചെയ്തു തിരിയുന്നുഎന്ന നീപറയുന്നതശരിയല്ലാത്തതാകുന്നു.

# ൰൩.ാമദ്ധ്യായം

## ശ രീ ര ശു ദ്ധി

58. ചൊദ്യം. പ്രതിദിനവും ദെഹത്തിലുള്ളഅഴുക്ക നീങ്ങുവാൻ ജലത്തിൽസ്നാനംചെയ്യുന്നതിനെ ശരീരശുദ്ധിക്കാണെന്നും,പുണ്യത്തിനാണെന്നും, നിങ്ങൾധരിക്കുന്നതും,നടിക്കുന്നതുംശരിതന്നെയൊ? ആത്മാവെശുദ്ധമാക്കി ദൈവത്തെ ധ്യാനംചെയ്യാലല്ലാതെ ഈശരീരശുദ്ധികൊണ്ടുംമറ്റും പുണ്യംകിട്ടുമൊ?

(ഉത്തരം) 1-ാമത ജ്ഞാനസമുദ്രത്തിൽമുങ്ങികുളിച്ച അജ്ഞാനമാകുന്നഅഴുക്കിനെകളഞ്ഞുജീവാത്മാ,ശുദ്ധമായിഭവിക്കുന്നു എന്നുള്ള സൂക്ഷ്മവിചാരത്തിനെവെളിവായിഅറിവാൻ ജലംകൊണ്ട അഴുക്കുകളെതീൎത്ത ശരീരത്തെ ശുദ്ധമാക്കുന്ന ഈസ്ഥൂല

ക്രിയ അടയാളമായിരിക്കകൊണ്ട ശരീരശുദ്ധിപൂൎവ്വമല്ലെന്ന ഒരിക്കലുംപറവാൻപാടില്ല. രണ്ടാമത ദിവസംതൊറും, അനുഷ്ഠാനം,ജപം,ധ്യാനം,പൂജാ,വെദാഗമാദിശാസ്ത്രപഠനം മുതലായ സൽകൎമ്മങ്ങളെ ജലംകൊണ്ടവിധിപ്രകാരം ശരീരശുദ്ധി ചെയ്തു ധൌതവസ്ത്രുംധരിച്ചുംകൊണ്ട ചെയ്യെണമെന്നും, അങ്ങിനെചെയ്യാത്തതപാപമാണെന്നും ഞങ്ങടെവെദാഗമശാസ്ത്രപുരാണെതിഹാസങ്ങളിൽ വിധിപ്രകാരം നടന്നവരുന്നതാണെന്നനീഅറിയെണ്ടതാകുന്നു.

3—ാമത (പുറപ്പാടപുസ്തകം) 19-ാംഅദ്ധ്യായം 10-11-വാക്യങ്ങളിൽ യഹൊവാമൊശയൊടുപറഞ്ഞു. നീജനത്തിൻറഅടുക്കൽപൊയി ഇന്നത്തെക്കുംനാളത്തെക്കുംഅവരെശുദ്ധീകരിക്ക! അവൎതങ്ങളുടെവസ്ത്രങ്ങളെഅലക്കി മൂന്നാംദിവസത്തെക്ക ഒരുങ്ങിയിരിക്കട്ടെ എന്തുകൊണ്ടെന്നാൽ മൂന്നാംദിവസംയഹൊവാ എല്ലാജനത്തിൻറയും കണ്ണുകൾക്കമുമ്പാകെ ശീനായിപൎവ്വതത്തിന്മെൽ ഇറങ്ങും (മെപ്പടിപുസ്തകം) 40—ാമദ്ധ്യായം 12-13-16-31-32—ാംവാക്യങ്ങളിൽനീഅഹരൊനെയുംഅവൻറപുത്രന്മാരെയുംസഭയിൽകൂടാരത്തിൻറ വാതുക്കൽ വരുത്തി അവരെവെള്ളംകൊണ്ടകഴുകെണം. നീഅഹരൊനെശുദ്ധമുള്ളവസ്ത്രങ്ങളെധരിപ്പിച്ച അവൻഎനിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂഷചെയ്യെണ്ടുന്നതിന്ന അവനെഅഭിഷെകംചെയ്തു അവനെശുദ്ധീകരിക്കെണം. മൊശ അപ്രകാരംചെയ്തു—യഹൊവാതന്നൊട എതപ്രകാരംകല്പിച്ചുവൊ അപ്രകാരമൊക്കെയുംഅവൻചെയ്തു. ആയതിൽമൊശയും,അഹരൊനും,അവൻറപുത്രന്മാരും, തങ്ങളുടെകൈകളെയും, തങ്ങളുടെകാലുകളെയും കഴുകി അവർ സഭയിൽകൂടാരത്തിലെക്ക പ്രവെശിക്കുമ്പൊഴും, ബലിപീഠത്തിൻറ അടുക്കൽചെല്ലുമ്പൊഴുംയഹൊവാ, മൊശയൊടുകല്പിച്ചപ്രകാരംകഴുകി കൊള്ളുകയുംചെയ്തു. (മെപ്പടിപുസ്തകം) 30—ാമദ്ധ്യായം 17മുതൽ 21വരെ ഉള്ളവാക്യങ്ങളിൽ യഹൊവാമൊശയൊട കഴുകെണ്ടുന്നതിന്ന നീഒരുപിച്ചളതൊട്ടിയെയും, അതിൻറപിച്ചളകാലിനെയുംഉണ്ടാക്കെണം. നീഅ

തിനെസഭയിൽകൂടാരത്തിന്നുംബലിപീഠത്തിന്നും ഇടയിൽവെച്ചുഅതിൽവെള്ളംഒഴിക്കയുംവെണം.അതിങ്കൽ അഹറൊനും,അവന്റെപുത്രന്മാരും തങ്ങളുടെകൈകളെയും, തങ്ങളുടെകാലുകളെയും, കഴുകെണം. അവർസഭയിൽകൂടാരത്തിലെക്ക പ്രവെശിക്കുമ്പൊൾ എങ്കിലും യഹൊവായിക്ക ദഹനബലി കത്തിപ്പാനായിട്ട ബലിപീഠത്തിന്റെഅടുക്കൽ ശുശ്രൂഷചെയ്യാൻചെല്ലുമ്പൊൾ എങ്കിലുംഅവർമരിക്കാതെ ഇരിപ്പാൻവെള്ളം കൊണ്ടകഴുകെണം അവർമരിക്കാതെഇരിപ്പാൻ തങ്ങളുടെകൈകളെയുംതങ്ങളുടെ കാലുകളെയുംകഴുകെണം.അതഅവക്ക അവരുടെതലമുറകളിൽ ഒരുനിത്യകല്പനയാകെണം.അവന്നും അവന്റെസന്തതിക്കുംതന്നെ.

4-ാമത-ഇങ്ങിനെ ശരീരശുദ്ധിഅത്യാവശ്യമെന്നും അതചെയ്യാത്തവരെ ബാധിക്കപ്പെട്ടുമെന്നുംനിന്റെ മതശാസ്ത്രത്തിൽ തന്നെപറഞ്ഞിരിക്കുമ്പൊൾ നീഞങ്ങളെ ദുഷിക്കുന്നത അജ്ഞാനമാകുന്നു.

# ൰൪-ാമദ്ധ്യായം

ആശൌചം

59. ചൊദ്യം. ജനന മരണങ്ങളാൽ ആശൌച മുണ്ടെന്നും, ജാതിഭ്രഷ്ടൻ, മതഭ്രഷ്ടൻ, ദൂരസ്ത്രീ ഇവർകളെ തീണ്ടരുതെന്നുംപറഞ്ഞ നിങ്ങൾ ആചരിച്ചുവരുന്നുവെല്ലൊ അതകൊണ്ടഫലംഎന്ത?

(ഉത്തരം) 1-ാമത-ജനനമായ കുട്ടിക്കും തള്ളക്കും ബാധ്യതപ്പെട്ടവർ അതിന്നവെണ്ടി ആവശ്യമായ ക്രിയകളെ നടത്തുന്നവരെ അന്ന്യകാൎയ്യങ്ങളിൽപ്രവെശിക്കാതെജനനവിഷയത്തിനുള്ള കാൎയ്യത്തിനെമാത്രം ഒരുങ്ങിഇരുന്നനടത്താൻ വെ

ങ്ങളിയും തന്റെ ഉദരത്തിൽ സംബന്ധപ്പെട്ടതാണെന്നുള്ള ജ്ഞാപകത്തിന്നും, ഉദരഅശുചി നിമിത്താൎത്ഥമായും, ജനനാശൌചവും.

2-ാമത-മരിച്ചപ്രെതത്തിനെ അടക്കം ചെയ്യ അതിനവെണ്ടുന്നകാൎയ്യാദികളെ നടത്തുന്നവരെ അന്യമായയാതൊരു കാൎയ്യത്തിലും പ്രവെശിക്കാതെ തടസ്ഥപ്പെട്ടുനില്പാനും, അന്യൎജ്ജവന്റെ പ്രെതകാൎയ്യാദികൾ തീരുന്നവരെ വെറെ കാൎയ്യങ്ങൾക്കഎട്ടുക്കാതിരിപ്പാനും, മരിച്ചപൊയപ്രെതത്തിന്നക്രമപ്രകാരമുള്ള ബന്ധുതയെ അന്യരും താനും അറിവാനും മരിച്ചവന്റെ സ്വത്തുക്കളെമുറപ്രകാരം അടവാനും, പ്രെതത്തിന്റെ അശുചിനിമിത്തവും, മരണാശൌചവും 3-ാമത ഋതുമതിയായസ്ത്രീയൊടു ഊറൽനില്ക്കുന്നവരെ സംസൎഗ്ഗം ചെയ്യാതെ തടസ്ഥപ്പെട്ടുനില്പാനും, ഉദരം ഊറൽഅശുചിനിമിത്തവും, ദൂരസ്ത്രീയെയും.

4-ാമത വെദശാസ്ത്ര പ്രകാരം നടക്കെണ്ടുന്ന സന്മാൎഗ്ഗങ്ങളെ വിട്ടദുരാചാരങ്ങളെയും, ദുഷ്മതത്തെയും അവലംബിച്ച നടക്കുന്നവരുടെ അടുക്കൽ സംസൎഗ്ഗം ചെയ്താൽ സൂകരത്തൊടകൂടിയപശുവെപൊലെയാകുമെന്ന ഭയപ്പെട്ട അടുക്കാതിരിപ്പാനും, ദൈവദൂഷണം ചെയ്യു വെദവിരുദ്ധമായി നടക്കുന്ന പാപികളാണെന്ന താനറിഞ്ഞു വെദാനുകൂലമായപുണ്യവഴിയിൽ നടക്കെണ്ടുന്നതിന്ന അടയാളമായും ഇരിക്കാൻ ജാതിഭ്രഷ്ടമതഭ്രഷ്ടന്മാരെയും തീണ്ടാതെ നടക്കുന്നതു ആവശ്യമാണെന്നും, പുണ്യങ്ങളാണെന്നും, ഞങ്ങൾ ആചരിച്ചു വരുന്നതു ഏററവും പ്രയൊജനമുള്ളതാകുന്നു.

5-ാമത-ഞങ്ങടെ വെദാഗമശാസ്ത്രപുരാണെ ഇതിഹാസങ്ങളിൽ ഠരംശ്വരൻ കല്പിച്ചിരിക്കുന്നവിധിപ്രകാരം ജനനമരണാശൌചങ്ങളെ ആചരിക്കുന്നതും, ദൂരസ്ത്രീയെയും, ഭ്രഷ്ടന്മാരെയും, തീണ്ടാതെനടക്കുന്നതും ഞങ്ങടെതൊന്നിയ വാസവും, അജ്ഞാനവും, അല്ലെന്നും, വെദാധികാരം കൊണ്ടെ ചെയ്യുന്നതാണെന്നും നീ അറിയെണ്ടതാകുന്നു.

6-ാമത-(ലെവിയപുസ്തകം) 12-ാമദ്ധ്യായം 1മുതൽ 5വരെ ഉള്ളവാക്യങ്ങളിൽ, യഹൊവാ മൊശയൊടുപറഞ്ഞു നീ ഇസ്രാ

യെൽമക്കളൊട സംസാരിച്ചുപറയെണ്ടുന്നതെന്തെന്നാൽ ഒരു
സ്ത്രീഗൎഭം ധരിച്ചുഒരാൺകുഞ്ഞിനെ പ്രസവിച്ചാൽ അവൾഋ
തുവായിവെർപെട്ടിരിക്കുന്നദിവസങ്ങൾപൊലെ എഴദിവസം
അശുദ്ധിയുള്ളവളായിരിക്കെണം. എട്ടാംദിവസംഅവന്റെഅ
ഗ്രചൎമ്മത്തിന്റെ മാംസംചെല ചെയ്യപ്പെടെണം. പിന്നെഅ
വൾമുപ്പത്തമൂന്നദിവസം തന്റെ രക്തശുദ്ധീകരണത്തിൽഇ
രിക്കെണം. അവൾതന്റെശുദ്ധീകരണദിവസംതികയുന്ന വ
രെ ശുദ്ധമാക്കപ്പെട്ട യാതൊരുവസ്തുവിനെയും തൊടരുത ശുദ്ധ
സ്ഥലത്തെക്ക വരികയുംഅരുത. എന്നാൽഅവൾഒരു പെൺ
കുഞ്ഞിനെപ്രസവിച്ചാൽ വെർപെട്ടിരിക്കുമ്പൊഴത്തെപൊലെ
അവൾ രണ്ടാഴ്ചവട്ടം അശുദ്ധിയുള്ളവളായിരിക്കെണം. അവ
ൾ അറുപത്താറദിവസം തന്റെരക്തശുദ്ധീകരണത്തിൽ ഇ
രിക്കുകയും വെണം (മെപ്പടിപുസ്തകം) 21—ാമദ്ധ്യായം 1 മു
തൽ 3 വരെ ഉള്ളവാക്യങ്ങളിൽയഹൊവ, മൊശയൊടുപറഞ്ഞ
ത. അഹരൊന്റെപുത്രന്മാരാകുന്ന ആചാൎയ്യന്മാരൊടസംസാരി
ച്ചുഅവരൊടപറക. ഒരുത്തനുംതന്റെജനങ്ങളിൽ മരിച്ചുപൊ
യ ഒരുത്തനാൽ അശുദ്ധപ്പെടരുത. എന്നാലും തനിക്കടുത്തത
ന്റെ സംബന്ധക്കാരനാൽ തന്റെമാതാവിനാലും, തന്റെപി
താവിനാലും, തന്റെപുത്രനാലും, തന്റെപുത്രിയാലും, തന്റെ
സഹൊദരനാലും, തനിക്കടുത്തവളായി ഭൎത്താവില്ലാതെ കന്യക
യായിരുന്ന തന്റെസഹൊദരിയാലും അവന അശുദ്ധിപ്പെടാം
(ലെവിയപുസ്തകം) 11—ാംഅദ്ധ്യായം 39—ാമതവാക്യത്തിൽപി
ന്നെ നിങ്ങൾക്ക ഭക്ഷിക്കാവുന്ന ഒരു മൃഗം ചത്താൽ അതി
ന്റെ പിണത്തെ തൊടുന്നവൻ സന്ധ്യവരെയും അശുദ്ധ
ൻആകെണം (മെപ്പടിപുസ്തകം) 15—ാമദ്ധ്യായം 19മുതൽ24
വരെ ഉള്ളവാക്യങ്ങളിൽ പിന്നെ ഒരുസ്ത്രീക്ക ഒഴിവുണ്ടായിഅ
വളുടെജഡത്തിൽ ഒഴിവരക്തംആയിരുന്നാൽ അവൾഎഴദി
വസംവെർപിരിഞ്ഞിരിക്കെണം. അവളെ തൊടുന്നവനെല്ലാം
സന്ധ്യവരെയും അശുദ്ധിയുള്ളവൻ ആകെണം. അവളുടെ
വെർപിരിവിൽ അവൾഎതിന്മെൽഎങ്കിലുംകിടന്നാൽ അതൊ

കെയും അശുദ്ധിയായിരിക്കെണം. അവൾ എതിന്മെലെങ്കിലും ഇരുന്നാൽ അതൊക്കെയും അശുദ്ധിയായിരിക്കെണം അവളുടെകിടക്കയെ തൊടുന്നവൻ എല്ലാംതന്റെ വസ്ത്രങ്ങളെ അലക്കിവെള്ളത്തിൽകുളിച്ചു സന്ധ്യവരെയും അശുദ്ധിയുള്ളവൻ ആകെണം അവൾഇരുന്നിരുന്നയാതൊന്നിനെയും തൊടുന്നവരെല്ലാം തന്റെവസ്ത്രങ്ങളെ അലക്കിവെള്ളത്തിൽകുളിച്ചുസന്ധ്യവരെയും അശുദ്ധിയുള്ളവൻആകെണം. അവൻ അതിനെതൊടുമ്പൊൾ അതഅവളുടെകിടക്കയിന്മെലൊ അവൾഇരുന്നതിന്മെലൊആകുന്നു. എങ്കിൽഅവൻ സന്ധ്യവരെയും, അശുദ്ധിയുള്ളവൻആകെണം. ഒരുത്തൻഅവളൊടകൂടെ ശയിക്കയും, അവളുടെ ഋതുഅവന്മെൽ ആകയുംചെയ്താൽ അവൻ ഏഴദിവസംഅശുദ്ധിയുള്ളവൻആകെണം അവൻകിടക്കുന്നകിടക്ക ഒക്കെയുംഅശുദ്ധിയാകും (2.യൊവാൻ) 1-ാം അദ്ധ്യായം 10-ാമതവാക്യത്തിലും (പുറപ്പാടപുസ്തകം) 30-ാമദ്ധ്യായം38-ാമതവാക്യത്തിലും, മറ്റുംപലഘട്ടങ്ങളിലും, ദൈവകല്പനയെലംഘിച്ചുനടക്കുന്നവരെ ജനങ്ങളിൽനിന്നുംനീക്കെണമെന്നും അവൎക്കഅനുഗ്രഹവാക്കപറയുന്നവനും, അവരെഭവനത്തിൽ കയ്യെക്കൊള്ളുന്നവനും അവരുടെദുഷ്ടപ്രവൃത്തികൾക്ക ഓഹരിക്കാരൻആകുന്നുഎന്നും പറയപ്പെട്ടിരിക്കുന്നു ഇനിയുംആശൌചങ്ങളെപറ്റി (ലെവിയപുസ്തകം) 11-12-13-14-15-21-22 ാംഅദ്ധ്യായങ്ങളിൽവിസ്തരിച്ചുപറയപ്പെട്ടിരിക്കുന്നു.

7-ാമത ഇങ്ങിനെജനനമരണംമുതലായ്കകളാൽവിധിച്ചകാലത്തൊത്തിവരെ ആശൌചമുണ്ടെന്നും ആയ്ത പ്രായശ്ചിത്തംകൊണ്ടനീങ്ങുമെന്നും നിന്റെമതശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതിനെകണ്ടിരുന്നും നിങ്ങളെനൊക്കി ജനനാശൌചം, മരണാശൌചം ഉണ്ടെന്നപറയുന്നുവെല്ലൊ അതിന്നരൂപംഉണ്ടൊ പ്രെതംമുതലായ്തിനെതീണ്ടിയാൽ ആയ്ത തീണ്ടിയവനെപിടിക്കുമൊ അത പ്രായശ്ചിത്തംചെയ്യാലല്ലാതെ നീങ്ങില്ലയൊ എന്നദുഷിക്കുന്നത നീതിഹീനതയാകുന്നു.

# ൬൦-ാം അദ്ധ്യായം

## പുണ്യതീൎത്ഥം

(60 ചൊദ്യം) തീൎത്ഥങ്ങളൊക്കയും തുല്യമായിരിക്കെ കാശി കാവെരി, മുതലായ്തുകളെമാത്രംപുണ്യതീൎത്ഥങ്ങളാണെന്നും അതിൽസ്നാനംചെയ്യുന്നവൎക്കപാപങ്ങൾക്ഷയിക്കുമെന്നും, കുഷ്ഠംമുതലായരൊഗങ്ങൾ സൌഖ്യപ്പെടുമെന്നും, പറഞ്ഞതിനിങ്ങൾയാത്രചെയ്യുന്നുവെല്ലൊ അതുകൊണ്ട ദെഹത്തിലുള്ള അഴുക്ക നീങ്ങുന്നതല്ലാതെ വെറെ യാതൊരുപ്രയൊജനവുംഉണ്ടാകുമൊ?

(ഉത്തരം) 1-ാമത ഉദ്യൊഗം, കൃഷി, വ്യാപാരംമുതലായ കുഡുംബെസമ്പാദ്യപ്രവൃത്തിയിൽ സദാതികഴിക്കുന്ന ഓരൊമനുഷ്യനും അവനവന്റെഹൃദയത്തെ അല്പകാലമെങ്കിലും ഈശ്വരവിഷയത്തിൽ സ്ഥിരതയായിനിൎത്തുവാൻ പാടില്ലാത്തതകൊണ്ടും പുണ്യതീൎത്ഥയാത്ര പുറപ്പെടുന്നവർ മടങ്ങിവരുന്നവരെ ഈശ്വരകാൎയ്യത്തിൽസ്ഥിരതയാക്കിമനസ്സനിൎത്തുവാൻ എളുപ്പമായിയൊഗ്യതവരുന്നതകൊണ്ടും ആപുണ്യതീൎത്ഥങ്ങളും സാധാരണതീൎത്ഥങ്ങളെപ്പൊലെ അല്ലാതെ പാത്രങ്ങളിൽ കൊണ്ടുവന്ന എത്രകാലംവെച്ചിരുന്നാലും കൃമിമുതലായയാതൊരുകെടും വരാതെ അത്യത്ഭുതഅടയാളങ്ങളൊടുകൂടിയിരിക്കുന്നതുകൊണ്ടുംപുണ്യതീൎത്ഥയാത്രചെയ്യുവന്നവരുടെഹൃദയം മുമ്പെഇരുന്നതിനെക്കാൾ പലമടങ്ങഅധികം ഈശ്വരഭക്തിയും, സത്യം, വൈരാഗ്യംമുതലായ അനെകസന്മാൎഗ്ഗങ്ങൾ ഉരുന്നകാണുന്നതകൊണ്ടുംമെപ്പടിതീൎത്ഥയാത്രചെയ്യുന്നതഏറ്റവും പുണ്യമുള്ളതാകുന്നു.

2-ാമത ശ്രീരംഗം, ഗംഗ, കാവെരി, സെതുമുതലായ്തുകൾശിവ

ന്റെ അരുൾശ്ശക്തിപതിയുന്നതിനാൽ പുണ്യതീർത്ഥങ്ങളാണെന്നും, അവകളിൽ പ്രീതിയൊടുകൂടി സ്നാനംചെയ്യുന്നവൎക്കുപാപങ്ങളും, കുഷ്ഠംമുതലായരൊഗങ്ങളും നീങ്ങുമെന്നും ഞങ്ങടെവെദാഗമശാസ്ത്രപുരാണെതിഹാസങ്ങളിൽ പറഞ്ഞിരിക്കുന്നവിധിപ്രകാരംചെയ്യുന്നതാണെന്നന്നീ അറിയെണ്ടതാകുന്നു.

3-ാമത (2. രാജാക്കന്മാർ) 5-ാംഅദ്ധ്യായം, നായമാൻഎന്നവൻ, യൊർദ്ദാൻ നദിയിൽസ്നാനംചെയ്തുകൊണ്ടു അവനെഉപദ്രവിച്ച കുഷ്ഠരൊഗംനീങ്ങിഎന്നും (യൊഹന്നാൻ) 5-ാമദ്ധ്യായത്തിൽകുരുടന്മാർ, മുടന്തൻ, ശൊഷിച്ചവർ,രൊഗികൾ, മുതലായഅനെകവ്യാധിക്കാർ,യെറുശലെമിൽഇരിക്കുന്ന ബെദെസദാ, എന്നപറയപ്പെടുന്നകുളത്തിൽ സ്നാനംചെയ്തകൊണ്ടു സൌഖ്യമായിഎന്ന പറയപ്പെട്ടിരിക്കുന്നു. അതുകൂടാതെ ഒരുത്തൻനിന്റെമതത്തിൽ പ്രവെശിക്കുമ്പൊൾ അവന്റെഅജ്ഞാനങ്ങളൊക്കെയുംകളഞ്ഞു അവന്റെഅടുക്കൽജ്ഞാനത്തെപതിക്കുന്നു എന്നപറഞ്ഞവെള്ളംകൊണ്ടുഅവനെ സ്നാനംചെയ്യിക്കുന്നു.

4-ാമത-ഇങ്ങിനെ ഇരിക്കെ നീങ്ങൾ ഭൂമിയിലുള്ള അന്യതീർത്ഥങ്ങളെക്കാൾ പുണ്യതീർത്ഥംഎന്നപറയുന്നതിൽ ഇരിക്കുന്നവിശെഷങ്ങളെന്ത? ആയതിൽസ്നാനംചെയ്തകൊണ്ടുശരീരത്തിലുള്ള അഴുക്കുകളെയുന്നതല്ലാതെ, കുഷ്ഠംമുതലായ വ്യാധികൾ സൌഖ്യപ്പെടുമൊ പാപങ്ങൾ വിമൊചനമാകുമൊഎന്നദൃഷിക്കുന്നതശരിയല്ല.

5-ാമത-നായമാൻഎന്നവരുടെകുഷ്ഠരൊഗം സൌഖ്യമായ്തു ദെവദാസനായ, എലിശാ, എന്നവൻനീപൊയി യൊർദ്ദാൻനദിയിൽഏഴ പ്രാവശ്യംസ്നാനം ചെയ്കനിന്റെമാംസം നിനക്കതിരിയെവരും. നീശുദ്ധമാകയും ചെയ്യുംഎന്ന പറഞ്ഞവാക്കിന്റെവിശെഷംകൊണ്ടല്ലാതെ ആനദിയിന്റെവിശെഷത്തിനാലല്ലഎന്നും, കുരുടന്മാർ, മുടന്തൻ, മുതലായ വ്യാധിക്കാർ സ്വസ്ഥമായ്തു ഒരുദൈവദൂതൻ വിശെഷകാലത്തിൽ ആകുളത്തിലിറങ്ങി വെള്ളത്തെകലക്കിയവിശെഷം കൊണ്ടല്ലാതെആ

കുളത്തിന്റെ വിശെഷത്തിനാലല്ലാ എന്നും. ഞങ്ങൾ ഒരുവനെ ഞങ്ങടെ മതത്തിൽ ചെൎത്തി കൊള്ളുമ്പൊൾ പരിശുദ്ധാത്മാവായവർ അവന്റെ പാപങ്ങളെ കഴകി ശുദ്ധമാക്കുന്നു എന്നുള്ളതിന്റെ അടയാളമായിട്ട വെള്ളംകൊണ്ട അവനെ സ്നാനം ചെയ്യിക്കുന്നു ആയതു ഞങ്ങടെ മതരീതിക്ക വെണ്ടി ചെയ്യുന്ന ക്രിയയാകുന്നു അതമാത്രമല്ല ആ വെള്ളം അവന്റെ പാപങ്ങളെ കളഞ്ഞ അവനെ ശുദ്ധനാക്കുന്നു. എന്ന ഞങ്ങൾ ഉപദെശിക്കുന്നില്ല എന്ന പറയുന്നതിനെ (അപ്പൊസ്തൊലന്മാരുടെ നടപ്പുകൾ) 2-ാം അദ്ധ്യായം 38-ാം വാക്യത്തിൽ പാപമൊചനത്തിന്നായിട്ട യെശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം പെററു കൊള്ളിവിൻ അപ്പൊൾ നിങ്ങൾക്ക പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കും.

6-ാമത- ഇതപുണ്യതീൎത്ഥം ഇതിൽനൊം, വിധിച്ച വിധിപ്രകാരം തന്നെ എന്റെമെൽ വെച്ച അമ്പൊട്ടുകൂടി സ്നാനം ചെയ്യുന്നത പുണ്യം എന്ന സൎവസാമൎത്ഥ്യം ഉള്ള ശിവൻ തിരുവാക്കരുളി ചെയ്തിരിക്കുന്നതുകൊണ്ടും ആ തീൎത്ഥത്തിൽ അവരുടെ അരുൾശക്തി പതിഞ്ഞിരിക്കുന്ന വിശെഷം കൊണ്ടും വിധിപ്രകാരം അതിൽ സ്നാനം ചെയ്യുന്നവരുടെ, പാപങ്ങളും, രോഗങ്ങളും പൊകുമെന്നുള്ളതനിശ്ചയം.

## ൧൩ാ-മദ്ധ്യായം

———o———

ധ്യാനം

———

61. ചോദ്യം. ഈശ്വരനെ മനസ്സുകൊണ്ടമാത്രം വിശ്വസിക്കെണ്ടതല്ലാതെ നിങ്ങൾ ചെയ്യുന്ന ധ്യാനജപങ്ങളാൽ പ്രയോജനമെന്ത?

(ഉത്തരം) 1-ാമത ഈശ്വരനെ മാനസത്തിൽ ഉറപ്പിപ്പാൻ സാധനമായും മഹിമയുള്ളതായും ഇരിക്കുന്നതകൊണ്ട ധ്യാനജപാദികൾ ആവശ്യമായി ചെയ്യെണ്ടുന്ന പുണ്യങ്ങളായിരിക്കുന്നു.

2-ാമത ശിവമന്ത്രത്തെ ഗുരുമുഖമായറിഞ്ഞ ദിവസംതോറും കണ്ണുകൊണ്ട ആനന്ദബാഷ്പംപൊഴികെ വഹ്നിയെ അടുത്തമെഴുകുപോലെ മനംകനിഞ്ഞുരുകി ശിവനെദ്ധ്യാനിച്ച ആ ശിവമന്ത്രത്തെ വിധിപ്രകാരം അതിന്റെ അൎത്ഥങ്ങളെ വിടാതെ ചിന്തിക്കുംചിന്തയോടുകൂടി ജപംചെയ്യുന്നതും അവരുടെതിരുനാമങ്ങളെയും കീൎത്തനങ്ങളെയും എടുത്തെടുത്തപറഞ്ഞ അവരെ സ്തോത്രംചെയ്യുന്നതും പുണ്യമാണെന്ന തങ്ങളുടെ വേദാഗമശാസ്ത്രപുരാണേതിഹാസങ്ങളിൽ പറയപ്പെട്ടിരിക്കുന്നു.

3-ാമത (1 നാളാഗമം) 16-ാമദ്ധ്യായം 8 മുതൽ 10 വരെ ഉള്ള വാക്യങ്ങളിൽ യഹോവായിക്ക സ്തോത്രംചെയ്യിൻ അവന്റെ നാമത്തിൽ അപേക്ഷിപ്പിൻ അവന്റെക്രിയകളെ ജനങ്ങളുടെ ഇടയിൽ അറിയിപ്പിൻ അവനെപാടുവിൻ അവന കീൎത്തനങ്ങൾ പാടുവിൻ അവന്റെ സകല അതിശയ പ്രവൃത്തികളെയുംകുറിച്ചു സംസാരിപ്പിൻ അവന്റെ ശുദ്ധമുള്ള നാമത്തിൽ സ്തുതിപ്പിൻ യഹോവായെ അന്വെഷിക്കുന്നവരുടെ ഹൃദയം ആനന്ദിക്കട്ടെ (കൊലൊസ്സിയക്കാർ) 3-ാമദ്ധ്യായം 16-ാംവാക്യത്തിൽ നിങ്ങൾ സങ്കീൎത്തനങ്ങളിലും, കീൎത്തനങ്ങളിലും, ജ്ഞാനപ്പാട്ടുകളിലും, തമ്മിൽതമ്മിൽ പഠിപ്പിക്കയും, ബുദ്ധി ഉപദേശിക്കയും, നിങ്ങളുടെ ഹൃദയത്തിൽ കൃപയോടെ കൎത്താവിനു പാടുകയുംചെയ്തുകൊണ്ടിരിപ്പിൻ (1 തെസ്സലൊനിക്കായക്കാർ) 5-ാമദ്ധ്യായം 17-ാംവാക്യത്തിൽ ഇടവിടാതെ പ്രാൎത്ഥിപ്പിൻ (റൊമക്കാർ) 15-ാമദ്ധ്യായം 11-ാംവാക്യത്തിൽ സകല ജാതിക്കാരുമായുള്ളോരെ കൎത്താവിനെ സ്തുതിപ്പിൻ എന്നും സകല ജനങ്ങളുമായുള്ളോരെ അവനെ പുകഴ്ത്തുവിൻ എന്നും (മത്തായി) 6-ാമദ്ധ്യായത്തിൽ യേശുകിരിസ്തുതന്റെ ശിഷ്യന്മാരെനോക്കി യഹോവായെ പ്രാൎത്ഥനചെയ്യേണമെന്നും, അത ചെയ്യുന്ന ക്രമം ഇങ്ങിനെ ആണെന്നും ഉപദേശിച്ചു തങ്ങളുടെ സ്വൎഗ്ഗസ്ഥനായ പിതാവെ എന്നുള്ളവമുതലായ ഒരു പ്രാൎത്ഥനയെ ഉണ്ടാക്കി കൊടുത്തു എന്നപറയപ്പെട്ടിരിക്കുന്നു.

4-ാമത ഇങ്ങിനെനിന്റെ മതശാസ്ത്രത്തിൽ വിധിക്കപ്പെ

ട്ടിരിക്കുന്നതിനെകണ്ടുംകൊണ്ടുംനീയുംഅങ്ങിനെദിവസംതോറും നിന്റെദൈവത്തെ പാടിപ്രാൎത്ഥന ചെയ്തുംകൊണ്ടും ഞങ്ങൾ ഞങ്ങടെദൈവമായ ശിവനെധ്യാനിച്ച അവരുടെമന്ത്രങ്ങളെജപംചെയ്ത അവരെസ്തൊത്രംചെയ്യുന്നതിനെ പുണ്യമല്ലെന്ന ദൂഷിക്കുന്നതന്യായമല്ല.

# ൰൬.ാമദ്ധ്യായം

## നമസ്കാരം.

62. ചൊദ്യം. ദൈവത്തിന്ന പ്രദക്ഷിണം, അംഗപ്രദക്ഷിണം, നമസ്കാരം, ഇത്യാദികൾ നിങ്ങൾചെയ്യുന്നുവെല്ലൊ ൟശ്വരനെമനസ്സിൽമാത്രം വിശ്വസിച്ചാൽപൊരയൊ മെൽ പറഞ്ഞനമസ്കാരാദികളെകൊണ്ട പുണ്യംകിട്ടുമൊ?

(ഉത്തരം) 1-ാമത ൟശ്വരന്റെ അടുക്കൽ വിശ്വാസവും, ഭക്തിയും, വെച്ചിരിക്കുന്ന മനുഷ്യൻ പ്രദക്ഷിണ നമസ്കാരാദികൾ ചെയ്യെണ്ടത ആവശ്യമായുകൊണ്ട ഓരൊരു മനുഷ്യനും മുഖ്യമായിചെയ്യെണ്ടുന്ന പുണ്യങ്ങളാകുന്നു.

2-ാമത ദൈവത്തെ പ്രദക്ഷിണം, അംഗപ്രദക്ഷിണം നമസ്കാരം ഇത്യാദികൾചെയ്യുന്നത പുണ്യങ്ങളാണെന്ന ഞങ്ങടെ വെദാഗമശാസ്ത്ര പുരാണ ഇതിഹാസങ്ങളിൽ പറയപ്പെട്ടിരിക്കുന്നു.

3-ാമത (സങ്കീൎത്തനം) 95-ാമദ്ധ്യായം 6-ാമതവാക്യത്തിൽ വരുവിൻ നാംകുമ്പിട്ടവന്ദിക്ക നമ്മെ നിൎമ്മിച്ചയഹൊവായുടെ മുമ്പാകെ മുട്ടുകുത്തുക (ലെവിയപുസ്തകം) 9-ാമദ്ധ്യായം 24-ാമതവാക്യത്തിൽ അഗ്നി യഹൊവായുടെ സന്നിധിയിൽനിന്ന പുറപ്പെട്ട ബലിപീഠത്തിന്മെലുള്ള ഹൊമബലിയെയും, മെദസ്സിനെയും, ദഹിപ്പിച്ചുകളഞ്ഞു ജനം എല്ലാം അതിനെകണ്ടപ്പൊൾ

ആന്ത്, മുഖം കവിണ്ണവീഴുകയുംചെയ്തു. (യൊശുവാ) 5-ാമദ്ധ്യാ
യം 14-ാമതവാക്യത്തിൽ അപ്പൊൾയൊശുവാ സാഷ്ടാംഗമാ
യിനിലത്തിൽവീണവന്ദിച്ചു അവനൊട പറഞ്ഞു എന്റെ ക
ൎത്താവ തന്റെദാസനൊടപറയുന്നത എന്ത (മത്തായി) 2-ാമ
ദ്ധ്യായം 11-ാംവാക്യത്തിൽ പിന്നെഅവർ വീട്ടിലെക്ക വന്ന
പ്പൊൾ ശിശുവിനെ അവന്റെമാതാവായ മറിയയൊടുംകൂടെ
കണ്ടു നിലത്തിൽവീണഅവനെവന്ദിച്ചു (വെളിപ്പാട) 7-ാമ
ദ്ധ്യായം 11-12 വാക്യങ്ങളിൽ സകല ദൈവദൂതന്മാരും സിം
ഹാസനത്തിന്റെയും മൂപ്പന്മാരുടെയുംനാലജീവജന്തുക്കളുടെയും
ചുറ്റുംനിന്ന സിംഹാസനത്തിന്റെ മുമ്പാകെകവിണ്ണവീണ
ദൈവത്തെവന്ദിച്ചു ആമെൻ ! അനുഗ്രഹവും മഹത്വവുംജ്ഞാ
നവും സ്തൊത്രവും വല്ലഭത്വവും ശക്തിയും നമ്മുടെ ദൈവത്തി
ന്ന എന്നെന്നെക്കും ഉണ്ടാകട്ടെ ആമെൻ !

4-ാമത ഇങ്ങിനെനിന്റെ മതശാസ്ത്രത്തിൽ മുട്ടുകുത്തുന്നതും
നമസ്കാരംചെയ്യുന്നതും പുണ്യമാണെന്ന വിധിക്കപ്പെട്ടിരിക്കു
ന്നതിനെകണ്ടുംകൊണ്ടും അവകളിൽ മുട്ടുകുത്തുന്നതിനെ നിയ്യും
പുണ്യമാണെന്നചെയ്തുകൊണ്ടും ഞങ്ങൾഞങ്ങടെ ദൈവത്തി
ന്ന നമസ്കരിക്കുന്നതിനെയും പ്രദക്ഷിണംഅംഗപ്രദക്ഷിണം
ചെയ്യുന്നതിനെയുംപുണ്യമല്ലെന്നദുഷിക്കുന്നുവെല്ലൊ വിവെക
മില്ലാത്തവനെ ഞങ്ങടെ അവയവങ്ങളിൽരണ്ടുമാത്രം കൎത്താവി
ന്റെമുമ്പിൽഭൂമിയിൽപടത്തക്കവണ്ണം വണങ്ങുന്നത പുണ്യ
മാണെന്നവെച്ചു അപ്രകാരമെ ചെയ്യുന്നനീ എട്ടുഅംഗം ഭൂമിയി
ൽപടത്തക്കവണ്ണം നമസ്കാരംചെയ്യുന്നത അതിനെക്കാൾവളരെ
അധികമാണെന്നും ഒരുപ്രാവശ്യം പ്രദക്ഷിണംചെയ്തു നമ
സ്കാരംചെയ്യുന്നത അതിനെക്കാൾ അധികമെന്നും അംഗപ്ര
ദക്ഷിണംചെയ്തു നമസ്കാരംചെയ്യുന്നത അനെകമടങ്ങഅധിക
മെന്നും നീഅറിയെണ്ടതാകുന്നു.

# ൧൨ാമദ്ധ്യായം

—:o:—

## വിവെചനം

പുണ്യസ്ഥലഘട്ടംമുതൽ, നമസ്കാരഘട്ടംവരെയുള്ള അദ്ധ്യായങ്ങളിൽ നിന്റെമതശാസ്ത്രത്തിൽനിന്നും എടുത്തു കാണിച്ചുവന്നവാക്യങ്ങളാൽ, പുണ്യസ്ഥലയാത്ര മുതലായക്രിയകൾചെയ്യേണമെന്ന ഞങ്ങടെവെദാഗമശാസ്ത്ര പുരാണെതിഹാസങ്ങളിൽ വിധിച്ചിരിക്കുന്നപ്രകാരംതന്നെ നിന്റെമതശാസ്ത്രത്തിലും വിധിച്ചിരിക്കുന്നതിനെ വെളിവായി എടുത്തുകാണിച്ചിരിക്കുന്നു. ഞങ്ങൾ ഞങ്ങടെമതശാസ്ത്രത്തിൽ വിധിക്കപ്പെട്ടിരിക്കുന്നക്രിയകളെ വിടാതെചെയ്തുവരുന്നു. നീയ്യോ നിന്റെമതശാസ്ത്രത്തിൽ വിധിക്കപ്പെട്ടിരിക്കുന്നക്രിയകളെ ചെയ്യാതെവെറുത്തു ഒഴിച്ചുകളഞ്ഞതമാത്രമല്ല ഞങ്ങളെനോക്കിനിങ്ങൾ ചെയ്യുന്ന ഈ ക്രിയകളൊക്കെയും പ്രയോജനമില്ലാത്തതാണ. ആയ്യുകൊണ്ട അവകളെചെയ്യേണമെന്ന വിധിച്ച നിങ്ങടെദൈവം സൎവ്വജ്ഞനായ സത്യദൈവമല്ലെന്ന ദൂഷിക്കുകയും ചെയ്യുന്നു. അങ്ങിനെചെയ്യുന്നവനായ നീ നിന്റെമതശാസ്ത്രത്തിൽ വിധിച്ചക്രിയകളും അപ്രകാരംതന്നെപ്രയൊജനമില്ലാത്തതാണെന്നും അവകളെവിധിച്ചയഹൊവായും അപ്രകാരംതന്നെ സത്യദൈവംഅല്ലെന്നും ദൂഷിക്കുന്നവനാകുന്നുവെല്ലൊ—

ഞങ്ങടെദൈവമായ യഹൊവാ പിതാ, പുത്രൻ, പരിശുദ്ധാത്മാഎന്ന മൂന്നുപെരായിരിക്കുന്നു. അവരിൽപുത്രൻഎന്ന പറയപ്പെടുന്നവൻ, മനുഷ്യാവതാരംഎടുത്ത യെശുകിരിസ്തുഎന്ന പെരവഹിച്ച ആക്രിയകളൊക്കയും നീക്കികളഞ്ഞു ആയ്യുകൊണ്ടഞങ്ങൾഅവകളെ ചെയ്യാതെത്യജിച്ചിരിക്കുന്നു എന്നുപറയ്യു

നപക്ഷത്തിൽ നിന്റെറയഹൊവാ ആ ക്രിയകളെതലമുറതൊറും നിത്യമായിചെയ്യെണം എന്നവിധിച്ചിരിക്കുന്നു വെല്ലൊ ആയതിനുള്ള പ്രമാണം (ആദ്യപുസ്തകം) 17–ാമദ്ധ്യായം 7-12 13 വാക്യങ്ങളിലും, (പുറപ്പാടപുസ്തകം)12–ാമദ്ധ്യായം 14–17 വാക്യങ്ങളിലും (മെപ്പടിപുസ്തകം) 28–ാമദ്ധ്യായം 43–ാമതവാക്യത്തിലും, (മെപ്പടിപുസ്തകം) 29–ാമദ്ധ്യായം9-28-42 വാക്യങ്ങളിലും, (മെപ്പടിപുസ്തകം) 30–ാ മദ്ധ്യായം 8-10-21-31–ാമതവാക്യങ്ങളിലും,(മെപ്പടിപുസ്തകം) 31–ാമദ്ധ്യായം 13-16–ാമത വാക്യങ്ങളിലും, (മെപ്പടിപുസ്തകം) 40–ാമദ്ധ്യായം 15–ാമതവാക്യത്തിലും (ലെവിയപുസ്തകം) 3–ാമദ്ധ്യായം 17–ാമതവാക്യത്തിലും,) മെപ്പടിപുസ്തകം)6–ാമദ്ധ്യായം 22–മതവാക്യത്തിലും (മെപ്പടിപുസ്തകം)7–ാമദ്ധ്യായം33-35–ാമത വാക്യങ്ങളിലും (മെപ്പടിപുസ്തകം) 10 ാമദ്ധ്യായം 11-15–ാമത വാക്യങ്ങളിലും (മെപ്പടിപുസ്തകം; 16–മദ്ധ്യായം 29-31-34–ാമത വാക്യങ്ങളിലും, (മെപ്പടിപുസ്തകം) 17–ാമദ്ധ്യായം 7–ാമത വാക്യത്തിലും, (മെപ്പടിപുസ്തകം) 22–ാ മദ്ധ്യായം 3–ാമത വാക്യത്തിലും, (മെപ്പടിപുസ്തകം) 23–ാമദ്ധ്യായം 14-21-41–ാമത വാക്യങ്ങളിലും (മെപ്പടിപുസ്തകം) 24–ാമദ്ധ്യായം 3-8-9–ാമത വാക്യങ്ങളിലും, (സംഖ്യാപുസ്തകം) 10–ാമദ്ധ്യായം 8–ാമത വാക്യത്തിലും, (മെപ്പടിപുസ്തകം) 18–ാമദ്ധ്യായം 11-19-23–ാമതവാക്യങ്ങളിലും, (മെപ്പടിപുസ്തകം) 19–ാ മദ്ധ്യായം 10–മത വാക്യത്തിലും, (മെപ്പടിപുസ്തകം) 28–ാമദ്ധ്യായം 6 ാമതവാക്യത്തിലും, പറയപ്പെട്ടിരിക്കുന്നു. യെശുകിരിസ്തു ഇങ്ങിനെ നിത്യവും തലമുറതൊറും വിടാതെചെയ്യെണമെന്ന തന്റെപിതാവായ, യഹൊവായാൽ വിധിക്കപ്പെട്ട ക്രിയകളെപ്രയൊജന മില്ലാത്തതാണെന്ന നീക്കികളഞ്ഞുഎങ്കിൽ, താൻ, അവരെക്കാൾ കൂമ്മബുദ്ധിയുള്ള വനാണെന്ന കാട്ടിഅവൎക്ക വിരൊധിയായെല്ലൊ ഇങ്ങിനെ ഭെദപ്പെട്ടഇരുവരെയും, സമമായഅറിവും, ശക്തിയും,ഉള്ളവരാണെന്നനീകൊള്ളുന്നതെങ്ങിനെ?

ആക്രിയകളെതള്ളുന്നത, പിതാവായ, യഹൊവാവിനും ഒ

ശുഹൃദയംതന്നെ എന്നപറയുന്നപക്ഷത്തിൽ അവർ തനിക്കാ യ്യുസമ്മതമെങ്കിൽ അവപിമ്പെഉന്ന കാലത്തിൽതള്ളപ്പെടും എന്നമുമ്പെ അറിഞ്ഞകാലനിർണ്ണയംചെയ്യപ്പെട്ടിരിക്കെണം അങ്ങിനെചെയ്യാതെ "നിത്യനിയമം" എന്നപറഞ്ഞിരിക്കുന്നതു കൊണ്ടും പിന്നെ പ്രയൊജനമില്ലെന്നതള്ളുന്നതിനെ മുമ്പെ പ്രയൊജനമുള്ളതാണെന്നവിധിച്ചിരിക്കുന്നതുകൊണ്ടും സഹജജ്ഞാനമല്ലാത്തവരാണെന്ന തിരുന്നതകൊണ്ടും, അവക്കാആയ്യു സമ്മതമില്ലാത്തതാകുന്നു. ഇനിയും നിത്യനിയമം എന്നയഹൊവ:വിധിച്ചപ്രകാരം കിരിസ്തുവിന്നവൃദ്ധഛെദനം ചെയ്യപ്പെട്ടു എന്നും, അവരുടെ പിതാമാതാക്കന്മാർ അവരെ ദെവാലയത്തിന്ന കൊണ്ടുപൊയി അവക്കായിട്ടു യഹൊവാവിന്നബലിഇട്ടു എന്നും, അവർഒരുകുഷ്ഠരൊഗിയെസ്വസ്ഥതപ്പെടുത്തി അവനെനൊക്കി ആചാര്യന്നിന്നെ കാണിച്ചമൊശയുടെ കല്പനപ്രകാരം നിശ്ശുദ്ധമായതിനെ കുറിച്ചബലിചെലുത്തണം എന്നകല്പിച്ച എന്നും, ഉത്സവകാലങ്ങളിൽ ദെവാലയ സെവചെയ്തുഎന്നും (മത്തായി-മാക്കൊസ-ലൂക്കൊസ-യൊഹന്നാൻ) എഴുതിയസുവിശെഷങ്ങളിൽപറയപ്പെട്ടിരിക്കുന്നതകൊണ്ടും അവക്കും ആയ്യുമനസ്സില്ലാത്തതാകുന്നു.

മനുഷ്യർ എല്ലാവരും, പാപികളായതുകൊണ്ടു, അവക്കവെണ്ടിയെശുകിരിസ്തു, മനുഷ്യനായിജനിച്ച കുരുശിൽതറക്കപ്പെട്ടുമരിക്കും എന്നുള്ളതിനെ മുമ്പെ അറിഞ്ഞ അതിന്ന അടയാളമായിട്ടു ഠരംക്രിയകളെയഹൊവാവിധിച്ചു. ഒരുവസ്തുവിനെകാണിക്കുന്ന അടയാളമായു, തന്നാൽ കാണിക്കപ്പെടുന്ന ആവസ്തുലഭിക്കുന്നവരെ പ്രയൊജനപ്പെട്ടു. അതലഭിച്ചതിന്റെ ശെഷം പ്രയൊജനപ്പെടാതെപൊകുമെല്ലൊ. അതുപൊലെയെശുകിരിസ്തുവിന്റെ മരണത്തെകാണിക്കുന്ന അടയാളമായ ഠരംക്രിയകൾ ആയതുനടക്കുന്നവരെ പ്രയൊജനപ്പെട്ടു അത നടന്നതിന്റെശെഷം പ്രയൊജനപ്പെടാതെ ഒഴിഞ്ഞു എന്നപറയുന്നപക്ഷത്തിൽ അങ്ങിനെആയാൽ കിരിസ്തുനാഥർ മരിച്ചഉടനെ ഠരംക്രിയകൾഒക്കെയും പ്രയൊജനമില്ലെന്നനീക്കപ്പെട്ടിരിക്ക

ണ്ടതാകുന്നു. അങ്ങിനെനീക്കപ്പെടാതെആക്രിസ്തുവിന്റെ അ
പ്പൊസ്തൊലനായ പൌലൂസ്സ-മുതലായവർചെയ്യപ്പെട്ടു എന്നു
ള്ളത (അപ്പൊസ്തൊലന്മാരുടെനടപ്പുകൾ 13-ാം അദ്ധ്യായം 18
മുതൽ 21വരെയുള്ള വാക്യങ്ങളിൽ, പൌലൂസ്സ, തനിക്കഒരുനെ
ൎച്ചഉണ്ടായിരുന്നതകൊണ്ടെ, കിംക്രിയായിൽ, തന്റെതലക്ഷൌ
രംചെയ്യിട്ടു അവിടെനിന്ന, സുരിയായിലെക്ക കപ്പൽകയറി
പൊയി, പ്രിസ്കില്ലായും. ആകിലായും, അവനൊടുകൂടെ പ്പൊ
യി- അവൻ- എഫെസൂസിലെക്ക എത്തിയപ്പൊൾ അവരെ
അവിടെവിട്ടഅവൻ തന്നെപള്ളിയിലെക്കചെന്നു യഹൂദന്മാ
രൊടുസംഭാഷിച്ചു. പിന്നെ അവൻവളരെദിവസംതങ്ങളൊടുകൂ
ടെ പാൎക്കണമെന്ന അവരപെക്ഷിച്ചപ്പൊൾ അവൻ അനുസ
രിക്കാതെ ഞാൻ ൟവരുന്ന ഉത്സവത്തിന വല്ലപ്രകാരത്തി
ലും, യെറുശലെമിൽ കഴിക്കെണ്ടുന്നതാകുന്നു. എന്നാൽ-ദൈവ
ത്തിന്നഇഷ്ടമുണ്ടായാൽ ഞാൻപിന്നെയും നിങ്ങളുടെഅടുക്കൽ
തിരിച്ചുവരും എന്നപറഞ്ഞു അവരൊടയാത്രചൊല്ലിഅവൻ എ
ഫെസൂസിൽനിന്ന കപ്പൽകയറിപ്പൊയി എന്നുള്ളതിനാലും
(മെപ്പടിപുസ്തകം) 21-ാം അദ്ധ്യായം 26-ാമത വാക്യത്തിൽ
പൌലൂസ ആമനുഷ്യരെകൂട്ടിയും കൊണ്ടെപിറ്റെദിവസം അ
വരൊടകൂടെതന്നെശുദ്ധംചെയ്തു അവരിൽ ഒരൊരുത്തന്നവെ
ണ്ടികാഴ്ചവെക്കപ്പെടുവൊളത്തിന്ന ശുദ്ധീകരണത്തിന്റെ ദി
വസങ്ങളുടെനിവൃത്തിയെ അറിയിപ്പാനായിട്ടദൈവാലയത്തി
ലെക്കചെന്നു (മെപ്പടിപുസ്തകം) 16-ാമദ്ധ്യായം 3-ാമതവാ
ക്യത്തിൽ പൌലൂസ്സ- തിമൊഥെയുസ്സിന്ന ചെലാകൎമ്മംചെയ്തു
എന്നുള്ളതതെളിവായികാണുന്നതകൊണ്ടും, പിന്നെആപൌലൂ
സ്സ എബ്രായക്കാൎക്ക എഴുതിയ ലെഖനത്തിൽബലിയെയും, റൊ
മക്കാൎക്ക എഴുതിയ ലെഖനത്തിൽ, വൃദ്ധഛെദനത്തെയും, മാത്രം
വിലക്കിയിരിക്കുന്നതല്ലാതെ വെറെയാതൊന്നിനെയും വിലക്കാ
ത്തതകൊണ്ടും ആപൌലൂസ്സ, മനുഷ്യൻമാത്രമെയല്ലാതെ, ദൈ
വനല്ലാത്തതകൊണ്ടും, ദൈവനായകിരിസ്തുവിന്റെ കല്പനപ്ര
കാരം വിലക്കിയെങ്കിൽഅവർമരിച്ചഉടനെ താൻആക്രിയകളെ

ചെയ്യാതെ ഒഴിച്ചു കളയുമെല്ലൊ അങ്ങിനെ ഇല്ലാത്തതകൊണ്ടും, യെശുകിരിസ്തു വിലക്കി എന്നുള്ളത പുതിയനിയമത്തിൽ എവിടെയും കാണാത്തതകൊണ്ടും ആരനീക്കിയാലും യഹൊവാ നിത്യനിയമം എന്നപറഞ്ഞതിന വിരൊധ പ്പെടുന്നത കൊണ്ടും നീപറയുന്നത എതപ്രകാരത്തിലും ഒക്കുന്നില്ല.

ഇനിയും യഹൊവാവ, പഴയനിയമത്തിൽ വിധിച്ചിരിക്കുന്ന ക്രിയകളൊക്കെയും അടയാളമാണെന്നപറഞ്ഞുവെല്ലൊ അങ്ങിനെയായാൽ ആക്രിയകളൊക്കെയും ഇന്നതഇന്നതിന്ന അടയാളം എന്നവെളിവായികാണാതെ പ്രയൊജനപ്പെടാൻ പാടില്ലാത്തതകൊണ്ടും, അങ്ങിനെ ഇന്നക്രിയ ഇന്നതിന്ന അടയാളം എന്നതെളിവായി യഹൊവപറഞ്ഞു എന്ന എവിടെയുംകാണാത്തതകൊണ്ടും; കാണാത്തതിനാൽ, ആക്രിയകളെ അനുഷ്ഠിച്ചമൊശമുതലായവർ, അവകൾ അടയാളമാണെന്നും ആ അടയാളം കാണിക്കുന്നപദാൎത്ഥം ഇന്നതാണെന്നും, അറിഞ്ഞിരിക്കയില്ലാത്തതകൊണ്ടും, അറിഞ്ഞിട്ടില്ലെങ്കിൽ, അതുകളെകൊണ്ട പ്രയൊജനം അടഞ്ഞിട്ടില്ലാ എന്നുള്ളത വെളിവായി കാണുന്നതകൊണ്ടും. നീപറയുന്നത അല്പമെങ്കിലും ചെരുന്നില്ല ഇങ്ങിനെ ചെരാത്തവാക്കുകൾപലതും ചിലക്കുന്നതിനെ ഇനി ഒഴിച്ചുകളക.

ഞങ്ങടെ മതശാസ്ത്രങ്ങളായവെദാഗമശാസ്ത്രപുരാണഇതിഹാസങ്ങൾ, ക്രിയാകാണ്ഡം, ജ്ഞാനകാണ്ഡം എന്ന രണ്ടുഭാഗം ഉള്ളതാകുന്നു. അതുകളിൽ. ജ്ഞാനകാണ്ഡത്തിനാൽ പ്രതിപാദിക്കപ്പെടുന്നതശിവജ്ഞാനം തന്നെ പരമമായ മുക്തിക്കനെരെ കാരണവും, ക്രിയാകാണ്ഡംകൊണ്ട പ്രതിപാദിക്കപ്പെടുന്ന പൂജാദികൾ ആശിവജ്ഞാനത്തെ ഉദിപ്പിച്ചമുക്തിയെപ്രാപിക്കുന്നതകൊണ്ട പരമ്പരകാരണവും ആകുന്നു. ആയതുകൊണ്ട ആക്രിയകളൊക്കെയും ശിവജ്ഞാനത്തിന്ന അടയാളങ്ങളാകുന്നു. അതിനെപശുക്കളായ ഞങ്ങടെ യുക്തികൊണ്ട ഉണ്ടാക്കിനിശ്ചയിക്കപ്പെട്ടതല്ല സൃഷ്ടികാലത്തിൽതന്നെ വെദങ്ങളിൽ ആക്രിയകളെ വിധിച്ച അതിപരമാപ്തനായ ശിവൻ ആക്രിയകളിൽ ഇന്നതഇന്നതിന്ന അടയാളം എന്ന ആവെദങ്ങളിൽതന്നെവെളി

വായിതിരുവാക്കരുളിചെയ്തിരിക്കുന്നു. മുക്തിക്കനെരെ സാധനമായശിവജ്ഞാനംലഭിക്കുന്നവരെ ഈക്രിയകളെ എല്ലാവരും തങ്ങൾതങ്ങളുടെപക്വത്തിന്ന തക്കവണ്ണംആചാൎയ്യൻ ഉപദെശിക്കുന്നപ്രകാരംചെയ്യെണമെന്നും,ശിവജ്ഞാനംലഭിച്ചതിന്റെശെഷം അവകളെചെയ്യാതെ വിട്ടാലുംവിടാം പരൊപകാരത്തിന്നായിട്ട അവകളെചെയ്താലും ചെയ്യാമെന്നും ആദൈവം തന്നെഅരുളിചെയ്തിരിക്കുന്നു. ഇങ്ങിനെപൂൎവ്വാപരവിരൊധംമുതലായദൊഷങ്ങൾഇല്ലാതെ സത്യമായിരിക്കുന്നശിവപ്രണീതമായവെദങ്ങളെ ഗുരുമുഖമായിഉന്നെന്ന്അവകളാൽ വിധിക്കപ്പെട്ടുന്നശിവജ്ഞാനസാധന മായക്രിയകളെ ഞങ്ങൾചെയ്തു വരുന്നു.ഈസത്യത്തെ നീഅല്പമെങ്കിലും, പഠിച്ചറിയാതെയും, ഞാൻപിടിച്ചതെസാധിക്കുംഎന്നുള്ള കരുത്തുകൊണ്ടും ഞങ്ങളെയും ഞങ്ങടെമാൎഗ്ഗത്തെയും വെണ്ടുവൊളം,ഇതവരെയും ദുഷിച്ചവന്നതപൊലെ ഇനിയുംആദൂഷണംതന്നെ തൊഴിലാണെന്ന നിന്റെ ജീവകാലമൊക്കെയും വീണാക്കിക്കഴിക്കാതെ സത്യജ്ഞാനത്തെപെററപിഴച്ചൊ. പിഴച്ചൊ-പിഴച്ചൊ.

കിരിസ്തുവെവിശ്വസിക്കുന്നവിശ്വാസത്താലല്ലാതെ ആരെങ്കിലുംതങ്ങൾചെയ്യുന്നപുണ്യംകൊണ്ട മൊക്ഷമടവാൻ പാടില്ല- അതകൂടാതെപറയുന്നപുണ്യങ്ങളെ പുണ്യങ്ങളല്ലെന്ന ഞാൻഒരിക്കലുംപറഞ്ഞിട്ടില്ല എന്നപറയുന്നപക്ഷത്തിൽ മറെറപുണ്യങ്ങളെവിട്ടാൽ വിശ്വാസംഎന്നുള്ളതൊന്നില്ലെല്ലൊ (യാക്കൊബെ) 2-ാമദ്ധ്യായം 14മുതൽ 26വരെയുള്ള വാക്യങ്ങളിൽ എന്റെസഹൊദരന്മാരെ ഒരുത്തൻ തനിക്കവിശ്വാസം ഉണ്ടെന്നപറകയും,പ്രവൃത്തികൾഇല്ലാതെഇരിക്കയുംചെയ്താൽ ഉപകാരംഎന്ത? ആവിശ്വാസത്തിന്നഅവനെരക്ഷിപ്പാൻ കഴിയുമൊ ഒരുസഹൊദരനൊ സഹൊദരിയൊ നഗ്നരായും ദിനംപ്രതിയുള്ളആഹാരമില്ലാത്തവരുമായിരിക്കയും നിങ്ങളിൽ ഒരുത്തൻ അവരൊടുനിങ്ങൾ സമാധാനത്തൊടെപൊയി തീക്കാഞ്ഞ തൃപ്തരാകുവിൻഎന്നപറകയും നിങ്ങൾദെഹത്തിന്ന ആവശ്യമുള്ളവസ്തുക്കളെ അവൎക്കകൊടുക്കാതെഇരിക്കയുംചെയ്താൽ

ഉപകാരം എന്തു? അപ്രകാരംതന്നെവിശ്വാസവും, അതിനപ്രവൃ
ത്തികളില്ലാഎങ്കിൽ അതതനിച്ചിരിക്കകൊണ്ടു മരിച്ചിരിക്കുന്നു
എന്നാൽ ഒരുത്തൻപറയും നിനക്കവിശ്വാസം ഉണ്ടു. ഇനിക്ക
പ്രവൃത്തികളുംഉണ്ടു. നിന്റെവിശ്വാസത്തെ നിന്റെപ്രവൃ
ത്തികൾകൂടാതെഇനിക്കകാണിക്ക— ഞാനുംഎന്റെ പ്രവൃത്തി
കളാൽഎന്റെവിശ്വാസത്തെനിനക്കകാണിക്കാം ഏകദൈവം
ഉണ്ടെന്നനീവിശ്വസിക്കുന്നുവെല്ലൊ നീചെയ്യുന്നതകൊള്ളാം
പിശാചുകളും വിശ്വസിച്ചുവിറക്കുന്നു. വ്യൎത്ഥമനുഷ്യനായു
ള്ളൊവെ പ്രവൃത്തികൾകൂടാത്തവിശ്വാസം മരിച്ചിരിക്കുന്നു
എന്ന നിനക്കഅറിവാൻ മനസ്സുണ്ടൊ? നമ്മുടെ പിതാവായ
അബ്രഹാം, തന്റെപുത്രനായഇസ്സാക്കിനെബലിപീഠത്തിന്മെ
ൽബലികഴിച്ചപ്പൊൾ അവൻപ്രവൃത്തികളാലല്ലയൊനീതിക
രിക്കപ്പെട്ടത വിശ്വാസംഅവന്റെപ്രവൃത്തികളൊടുകൂടെ വ്യാ
പരിച്ചുഎന്നും, പ്ര വൃത്തികളാൽവിശ്വാസം പൂൎണ്ണമാക്കപ്പെട്ടു
എന്നും, നീകാണുന്നുവെല്ലൊ. അബ്രഹാംദൈവത്തെ വിശ്വ
സിച്ചുഎന്നും, ആയ്തു അവനുനീതിക്കായി കണക്കിടപ്പെട്ടുഎ
ന്നുംപറയുന്നവെദവാക്യം നിവൃത്തിയായിഅവൻ ദൈവത്തി
ന്റെസ്നെഹിതൻഎന്ന വിളിക്കപ്പെടുകയുംചെയ്തു. ആയ്തുകൊ
ണ്ടവിശ്വാസത്താൽ മാത്രംഎന്നല്ല പ്രവൃത്തികളാൽ മനുഷ്യ
ൻ നീതികരിക്കപ്പെടുന്നുഎന്ന നിങ്ങൾകാണുന്നു. അപ്രകാ
രംതന്നെ —റാഹാബ— എന്നവെശ്യയും, അവൾ ദൂതന്മാരെ
കൈക്കൊണ്ടിട്ട മറ്റൊരുവഴിയായിപറഞ്ഞയച്ചപ്പൊൾ അവ
ൾപ്രവൃത്തികളാലല്ലയൊ നീതികരിക്കപ്പെട്ടത എന്തെന്നാൽ
ആത്മാവില്ലാത്തശരീരം ഏതപ്രകാരംമരിച്ചതാകുന്നുവൊഅപ്ര
കാരംപ്രവൃത്തികളില്ലാത്തവിശ്വാസവും മരിച്ചതാകുന്നു. എന്ന
ഇങ്ങിനെമറ്റെപുണ്യങ്ങളെ വിട്ടാൽ വിശ്വാസംഎന്നുള്ളത ഒ
ന്നില്ലെന്ന നിന്റെമതശാസ്ത്രത്തിൽതന്നെ പറയപ്പെട്ടിരിക്കു
ന്നു കൃപാ, ക്ഷെമംമുതലായ്തിനെപൊലെവിശ്വാസവും മനസ്സാ
കൊണ്ടു ചെയ്യപ്പെടുന്നപുണ്യംതന്നെയെല്ലൊ ആയ്തുകൊണ്ടു
യാതൊരുത്തനുംതാന്താങ്ങൾചെയ്യുന്ന പുണ്യംകൊണ്ടു മൊക്ഷ

മടവാൻപാടില്ലാ എന്നനീ ഉഴറുന്നതന്ന്യായമല്ല (മത്തായി) 7-ാം അദ്ധ്യായം 21-ാമതവാക്യത്തിൽ-എന്നൊട കൎത്താവെ-കൎത്താവെ എന്നപറയുന്നവൻ എല്ലാം സ്വൎഗ്ഗരാജ്യത്തിലെക്ക കടക്കയില്ല സ്വൎഗ്ഗത്തിൽ ഇരിക്കുന്നവനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനെത്രെ (ലൂക്കൊസ്സ) 6-ാമദ്ധ്യായം 46-ാമതവാക്യത്തിൽ ഞാൻപറയുന്നകാൎയ്യങ്ങളെ ചെയ്യാതെ എന്നെ കൎത്താവെ കൎത്താവെ എന്നവിളിക്കുന്നത എന്തകൊണ്ട (യാക്കൊബ) 1-ാമദ്ധ്യായം 22-ാമത വാക്യത്തിൽ നിങ്ങൾ നിങ്ങളെ തന്നെ വഞ്ചിച്ചുകൊണ്ടു വചനത്തെ കെൾക്കുന്നവരായിരിക്ക മാത്രമല്ല അതിനെ പ്രവൃത്തിക്കുന്നവരായും ഇരിപ്പിൻ ഇങ്ങിനെ നിന്റെ മതശാസ്ത്രത്തിൽ തന്നെ പുണ്യങ്ങൾ കൂടാതെ മൊക്ഷം ചെരാൻ പാടില്ലാ എന്നപറയപ്പെട്ടിരിക്കുന്നുവെല്ലൊ.

വിശ്വാസം-മനം, വാക്ക, കായങ്ങളാൽ ചെയ്യപ്പെടുന്നപുണ്യങ്ങളിൽ ഒന്നാണെന്നുള്ളതും, പുണ്യങ്ങളില്ലാതെ മൊക്ഷം ചെരാൻ പാടില്ലാ എന്നുള്ളതും യഥാൎത്ഥം തന്നെ എങ്കിലും അവകളെ ഞങ്ങടെ മാൎഗ്ഗത്തിൽ ഇരുന്ന ചെയ്യെണ്ടതാകുന്നു. മറ്റെമാൎഗ്ഗക്കാർ ചെയ്യുന്ന ക്രിയകളൊക്കെയും പുണ്യങ്ങളെപൊലെ ഇരുന്നാലും അതുകളാൽ അല്പവും പ്രയൊജനമില്ല അവകൾ ഒരിക്കലും കൎത്താവിന്റെ തിരുവുള്ളത്തിലെക്ക കയറാത്തതാകുന്നു. അതുകൊണ്ട അവർ ഏതുവിധമായ പുണ്യങ്ങളെ ചെയ്താലും നിത്യനരകദുഃഖത്തെ അനുഭവിക്കും എന്നപറയുന്നപക്ഷത്തിൽ കിരിസ്തുമതം സ്വല്പമെങ്കിലും പടരാത്തസ്ഥലങ്ങളിൽ ഉള്ള ജനങ്ങളും താന്താങ്ങൾ ഏതവിധപുണ്യങ്ങളെ ചെയ്താലും കിരിസ്തുവെ വിശ്വസിക്കാത്തതകൊണ്ടു നരകത്തിൽ ചെരുമെന്നപറയെണ്ടതാകുന്നു. അങ്ങിനെയായാൽ അവർ കിരിസ്തുവെ വിശ്വസിക്കാത്തതിനുള്ള ഹെതു നിന്റെ ദൈവം തന്റെ മതശാസ്ത്രത്തെ അവൎക്ക അറിയിക്കാത്തതിനാലാകുന്നു. അതുകൊണ്ട തെറ്റ ആരുടെ അടുക്കൽ അല്പവും വിവെകമില്ലാത്തവനെ പറക ഇനിയും കിരിസ്തുമതം പടന്ന സ്ഥലങ്ങളിലുള്ളവരും, ആ മതശാസ്ത്രത്തെ പഠിച്ചും തങ്ങടെ മതശാസ്ത്രം തന്നെ യഥാൎത്ഥമെന്നകണ്ട അവകളിൽ നിഷ്ഠപ്പെട്ട പാ

പങ്ങളെഒഴിച്ചുവിധിക്കപ്പെട്ടപുണ്യങ്ങളെചെയ്യുന്നതുകൊണ്ടു ദൈവത്തെസ്നേഹിക്കുന്നവർനിത്യനരകത്തിൽചെല്ലും എന്നപറയെണ്ടതാകുന്നു അങ്ങിനെആയാൽ അവർകിരിസ്തുമത ശാസ്ത്രത്തെയഥാൎത്ഥമെന്ന ഉണരാത്തതിനുള്ളഹേതുനിന്റെ പരിശുദ്ധാത്മാ അവരുടെഉള്ളിൽ പ്രവെശിക്കാത്തതു കൊണ്ടാകുന്നു അങ്ങിനെയാകുമ്പൊൾ തെററ പരിശുദ്ധാത്മാവിന്റെ അടുക്കൽആകുന്നു ഇത്യാദിന്യായങ്ങളാൽ കിരിസ്തുവെ വിശ്വസിക്കാത്തവർഒക്കെയുംനിത്യനരകത്തിൽചെരും എന്നുള്ളനിന്റെ വാക്ക അല്പമെങ്കിലും ശരിയാകാത്തത കുട്ടികൾക്കും കൂടിവെളിവായികാണുന്നു, വെദാഗമശാസ്ത്രപുരാണ ഇതിഹാസങ്ങളിൽകാണുന്നഞങ്ങടെ ഹിന്തുമതംഒന്നുമാത്രംസത്യ മാൎഗ്ഗമെന്നും അതിന്റെവഴിയിൽനടക്കുന്നവർമാത്രം ശ്രേഷ്ഠമായമുക്തിയെ അടയുമെന്നും ആശാസ്ത്രങ്ങൾ യഥാൎത്ഥങ്ങളാണെന്നും അറിയാതെ അന്യമതശാസ്ത്രങ്ങളെ യഥാൎത്ഥമാണെന്നു കരുതി ആ മാൎഗ്ഗത്തിൽനിൽക്കുന്നവർ സ്വൎഗ്ഗാദികളിൽതങ്ങൾ തങ്ങളുടെകൎമ്മത്തിന്നതക്കഫലങ്ങളെഅനുഭവിച്ചു പുണ്യവിശെഷം കൊണ്ടു പിന്നെഹിന്തുമതത്തിൽ പ്രവെശിക്കുമെന്നും ഹിന്തുമതംതന്നെമൊക്ഷമാൎഗ്ഗം എന്നകണ്ടും അന്യമതങ്ങളിൽ പ്രവെശിക്കുന്നവർനരകത്തിൽ ദുഃഖപ്പെടും എന്നുംപറയുന്നു. ഇതിനെകുറിച്ചുഞങ്ങടെവെദാഗമാദികളിൽ വിസ്തരിച്ചപ്രകാരംതന്നെ വിസ്തരിക്കാൻപ്രവെശിച്ചാൽഗ്രന്ഥവിസ്തീൎണ്ണമായിതീരുന്നതുകൊണ്ടും വിസ്തരിച്ചാലും നിനക്കഅല്പമെങ്കിലും പ്രയൊജനപ്പെടുകയില്ലാത്തതുകൊണ്ടും വിസ്തരിച്ചുപറഞ്ഞിട്ടില്ലെന്നുനീഅറിയെണ്ടതാകുന്നു.

ആയ്തുകൊണ്ടുനീഇതുകളെ പക്ഷപാതമില്ലാതെപഠിച്ചറിഞ്ഞു ഞങ്ങടെഹിന്തുമതത്തെ ദൂഷിക്കാതെഅടങ്ങിയിരിക്കെണ്ടതാകുന്നു

# സൂചനം

ഹെ ജനങ്ങളെ !

ആത്മാക്കൾക്ക മൂലമല കാരണംകൊണ്ടു കൎമ്മാനുസാരമായിട്ടുണ്ടാകുന്നജനനം അണ്ഡജം, സ്വേദജം, ഉത്ഭിജ്ജം, ജരായുജം എന്നനാലുവകയാകുന്നു. അവകൂടെപിരിവുഎണ്പത്ത നാലു ലക്ഷംയോനിഭേദങ്ങളാകുന്നു ഇങ്ങിനെയുള്ളയോനികളിൽഅന്യയോനികളൊക്കെയുംനീക്കി മനുഷ്യജന്മത്തിൽ വരുന്നതവളരെപ്രയാസം. ആ പ്രയാസത്തെചിന്തിക്കുമ്പോൾ സമുദ്രത്തെകൈകൊണ്ടു നീന്തികരയെറുന്നതുപൊലെയാകുന്നു. ഇങ്ങിനെയുള്ള മനുഷ്യജന്മംകിട്ടിയാലുംഅംഗഹീനന്മാരായി ജനിക്കാതെപൂൎണ്ണാംഗത്തൊടെ ജനിക്കുന്നതവളരെപുണ്യം അതിലുംശാസ്ത്രഗന്ധം കാണാത്തമലകളിലുംവനങ്ങളിലും കുറവർ, മറവർ, മുതലായവർകളായി ജനിക്കാതെശാസ്ത്രങ്ങൾ നടപ്പുള്ളദെശങ്ങളിൽജനിക്കുന്നതവളരെപുണ്യം
അതിലും ശിവപ്രണീതമായ വെദാഗമാദികൾ നടപ്പില്ലാത്തമ്ലെച്ഛദെശത്തെവിട്ടു അവകൾനടപ്പുള്ള ആൎയ്യദെശത്തിൽ ജനിക്കുന്നത വളരെപുണ്യം. അതിലുംവെദാഗമാദികൾ സംബന്ധപ്പെടാത്ത അന്യമതക്കാരുടെ വയററിൽ ജനിക്കാതെ ഹിന്തുമതക്കാരുടെ വയററിൽ ജനിക്കുന്നത വളരെപുണ്യം. അതിലുംവെദാഗമങ്ങളുടെ അൎത്ഥത്തെവിപരീതമായി ധരിച്ച അനാചാരങ്ങളെ അനുഷ്ഠിക്കുന്ന താന്ത്രികന്മാരുടെ വയററിൽ ജനിക്കാതെ സ്മാൎത്തമതക്കാരുടെ വയററിൽജനിക്കുന്നതവളരെപുണ്യം.

ഇങ്ങിനെ ഏററവും പ്രയാസത്താൽ സമ്പാദിച്ച മനുഷ്യജന്മംകൊണ്ടുകിട്ടുന്ന പ്രയോജനംസൽഗുരുലക്ഷണം കുറവില്ലാത്ത ആചാൎയ്യരെ അടുത്ത ദീക്ഷമുതലായ ഉപദെശങ്ങളെ പെററ വെദാഗമാദിവിധിപ്രകാരം നടന്ന ശിവനെ വിശ്വസിച്ച പരമപുരുഷാൎത്ഥമായ നിത്യാനന്ദമൊക്ഷത്തെ അടവാൻ വെണ്ടിയത്രെ.

ൎമം അവശ്യകൎത്തവ്യപുണ്യത്തിന്ന മുഖ്യസാധനമായ ഈ മനുഷ്യജന്മം കിട്ടിയും ആ വലിയപ്രയോജനത്തെ അടവാൻ അല്ലമെങ്കിലും ശ്രമിക്കാതെവിട്ടവെദാഗമശാസ്ത്രപുരാണെതിഹാസങ്ങളുടെ അൎത്ഥത്തെ ഗുരുമുഖമായറിയാതെ വിപരീതമായി അറിയുന്നതായ ഭ്രമതയാലും, ആ വെദാഗമാദികളെ അല്പവും അറിയാത്തതായ മൊഹത്തിനാലും അന്യമതാഭിമാനികളെപ്രിയപ്പെടുത്തി ഉദരപൊഷണത്തെ ഇച്ഛിക്കുന്നതായ ലൊഭത്തിനാലും മുമ്പെസ്വീകരിക്കപ്പെട്ട കുത്സിതമതത്തിന്റെ അടുക്കൽ വെച്ചിരിക്കുന്ന മതദുരഭിമാനത്തിനാലും ബാല്യത്തിൽ അന്യമതക്കാരൊട സംസൎഗ്ഗംചെയ്യുതനിമിത്തംവന്ന ദുൎവ്വാസനയുടെ അനുവൃത്തിയിനാലും നിങ്ങടെകാലത്തെവീണാക്കികഴിച്ചു നരകത്തിൽവീണ അതിതീവ്രവെദനപ്പെട്ട അലയുന്നതിന്ന ഉപായംതെടുന്നുവെല്ലൊ.

എന്നാൽ വളരെഹീനമുള്ളതായ കുഡുംബഭൊഗത്തെനാം അനുഭവിക്കുന്നത ശിവനെധ്യാനിച്ചു മൊക്ഷമടവാൻവെണ്ടിസാധനമായ ഈ ദെഹം ഇനിയുംധ്യാനിപ്പാൻവെണ്ടി ആരൊഗ്യമായിനില്പാനായിട്ട എന്ന അനുഭവിക്കെണ്ടതാകുന്നു. കുഡുംബഭൊഗത്തിന്നനിമിത്തമായ ദ്രവ്യത്തെസമ്പാദിക്കുന്ന വഴിയും, മതദ്രൊഹം, കുല, കളവ, വ്യാജം, വിശ്വാസഘാതകം മുതലായ പാപങ്ങളെചെയ്യാതെ സമ്പാദിക്കെണ്ടതാകുന്നു. നിങ്ങൾ ഈവിധംചെയ്യാതെസത്യമാൎഗ്ഗമായ ഹിന്തുമതത്തെവിട്ട ദൈവദൂഷണം, ബ്രഹ്മദൂഷണം, വെദദൂഷണം, മുതലായ അതിപാതകങ്ങളെചെയ്യുന്ന അജ്ഞാനികളാൽ ഏല്ക്കപ്പെട്ട അവരുടെ ദുൎമ്മതമായ അന്യമതപടുകുഴിയിൽവീണ അതിന്റെസഹായത്തിനാൽ ദ്രവ്യവുംകീൎത്തിയും സമ്പാദിപ്പാൻ പ്രയത്നപ്പെട്ട അവരെപൊലെതന്നെ അതിപാതകന്മാരാകുന്നുവെല്ലൊ ഇഹത്തിൽ എളുപ്പമായിഅടയുന്നതായ വളരെ ചെറിയ സമ്പത്തെയും ആഭാസകീൎത്തിയെയും കരുതിയും ഹിന്തുമതത്തിന്മെൽ അജ്ഞാനികളാരൊപിക്കുന്ന ദൂഷണംകൊണ്ട മതിമയങ്ങിയും ആൎക്കും അടയാൻ ദുൎല്ലഭമായ വളരെ ശ്രെഷ്ഠമുള്ള ആത്മലാഭത്തെ

കളഞ്ഞു കളിക്കാതെ ഉജ്ജീവിപ്പാനായിട്ട ജ്ഞാനോദയം എന്ന ഈ പ്രബന്ധത്തെ പക്ഷപാതമില്ലാതെ ചിത്തസമാധാനത്തോടെ പലപ്രാവശ്യംവായിച്ചു ഉറ്റുനോക്കി അജ്ഞാനികൾ ആരോപിച്ചു ദൂഷണങ്ങളൊക്കെയും അബദ്ധമാണെന്നുള്ളതിനെഅറിഞ്ഞു കൃഷി, വ്യാപാരം, ഉദ്യോഗംമുതലായതൊഴിലുകൾകൊണ്ടും അവകളില്ലെങ്കിൽ യാചകത്താലും ജീവിച്ചുംകൊണ്ടു അദ്വൈതം പൂർവ്വാപരവിരോധംമുതലായ ദോഷങ്ങൾ യാതൊന്നുംഇല്ലാതെ യഥാർത്ഥമായിരിക്കുന്ന ഹിന്തുമതത്തിൽ വിശ്വാസത്തോടും ഭക്തിയോടുംഇരുന്ന നിത്യാനന്ദമോക്ഷത്തെ പ്രാപിപ്പാൻ പ്രയത്നപ്പെടേണ്ടതാകുന്നു.

☞ പ്രിയജനങ്ങളെ ഈപുസ്തകത്തെ വായിച്ചതിന്റെശേഷം ഇതിൽപറഞ്ഞിരിക്കുന്നകാര്യങ്ങളെ ഇനിയും അധികവിസ്താരമായി അറിയെണമെന്ന താല്പര്യമുണ്ടെങ്കിൽ നല്ലെപ്പുള്ളിയിൽ രാ-രാ- ചൊണ്ടത്തമന്ദാടിയാരട്ടുക്കൽവന്നഎന്നെ മുഖതാവിൽകണ്ടുചോദിച്ചറിഞ്ഞുകൊള്ളണം

എന്ന അഷ്ടാവധാനിമതഖണ്ഡനവെങ്കിടഗിരിശാസ്ത്രികൾ.

സമാപ്തം.

AKR

1922 G 9992 ✓

2. W

Jñānodaya

# ജ്ഞാനൊദയം

ഇത

കോയമ്പത്തൂർ അഷ്ടാവധാനി മതഖണ്ഡന

വെങ്കിടഗിരി ശാസ്ത്രികളാൽ ഉണ്ടാക്കപ്പെട്ടത

---

പാലക്കാട്ടചെന്ന നല്ലെപ്പള്ളിയിൽ

മ- രാ- രാ- ചൊണ്ടത്ത വലിയ മന്നാടിയാരുടെ

ദ്രവ്യസഹായത്തിന്മെൽ

---


കോഴിക്കോട

വിദ്യാവിലാസ അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടത

1880 നവമ്പ്ര മാസം